# വാർഷിക റിപ്പോർട്ട്

# 2024–25

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം**

**(കേരള സർക്കാർ സ്ഥാപനം)**

## വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം
(കേരള സർക്കാർ സ്ഥാപനം)


**ഭരണസമിതി**

ചെയർമാൻ
ശ്രീ. പി. പ്രസാദ്
ബഹു. കൃഷി വകുപ്പ് മന്ത്രി

ഡയറക്ടർ
ഡോ. ബി. അശോക് ഐ എ എസ്
കാർഷികോൽപാദന കമ്മീഷണർ, കേരള സർക്കാർ

ഡയറക്ടർ
ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐ എ എസ്
ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കേരള സർക്കാർ

ഡയറക്ടർ
ശ്രീ. ബിനു എൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി ഫിനാൻസ്, കേരള സർക്കാർ

ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീമതി. ബിജിമോൾ കെ ബേബി

ഡയറക്ടേഴ്സ് (എസ്.എച്ച്.ജി പ്രതിനിധികൾ)
ശ്രീ. വില്യം അന്തോണി സ്വാമി എസ്,
ശ്രീ. ഷാജി കുമാർ കെ & ശ്രീ. കെ ഷംസുദ്ദീൻ


**ഉള്ളടക്കം**


ഭാഗം 1
പ്രവർത്തന റിപ്പോർട്ട്
ഭാഗം 2
വാർഷിക പൊതുയോഗ അറിയിപ്പ്
ഡയറക്റ്റേഴ്സ് റിപ്പോർട്ട്
ഓഡിറ്റ് റിപ്പോർട്ട്
ബാലൻസ് ഷീറ്റ്
വരവ് ചെലവ് കണക്കുകൾ
കണക്കുകളെ സംബന്ധിച്ച കുറിപ്പുകൾ


**ഓഡിറ്റേഴ്സ്**
ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി
ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, കൊച്ചി

**കമ്പനി സെക്രട്ടറി**
ശ്രീ. പി പി സിബി ജോസ്
പ്രാക്റ്റീസിംഗ് കമ്പനി സെക്രട്ടറി, കൊച്ചി

**പാർട്ടിസിപ്പേറ്റിംഗ് ബാങ്കുകൾ**
കേരള ഗ്രാമീൺ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കാനറാ ബാങ്ക്, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, ഇൻഡ്യൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ബാങ്ക് ഓഫ് ഇൻഡ്യ, പഞ്ചാബ് നാഷണൽ ബാങ്ക്, കേരള ബാങ്ക്, ഫെഡറൽ ബാങ്ക്


**രജിസ്റ്റേർഡ് & കോർപ്പറേറ്റ് ഓഫീസ്**
മൈത്രി ഭവൻ, കാക്കനാട് , കൊച്ചി 682 037
ഫോൺ/ഫാക്സ് : 0484 2881333, 2427560, 2427570
ഇമെയിൽ : vfpckorg@gmail.com
വെബ്സൈറ്റ് : www.vfpck.org

**ഭാഗം-1**

# പ്രവർത്തന റിപ്പോർട്ട്

പ്രിയപ്പെട്ട ഓഹരി ഉടമകളേ,

കാർഷിക മേഖലയിൽ സുസ്ഥിര നേട്ടം കൈവരിക്കുന്നതിനായി വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം മുഖേന നടത്തിവരുന്നു. കൃഷി വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള കർഷക പ്രതിനിധികൾ ഉൾപ്പെടുന്ന ബോർഡാണ് കൗൺസിലിന്റെ ഭരണ സാരഥ്യം വഹിക്കുന്നത്.

പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സങ്കരയിനം പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി IIHR, കേരള കാർഷിക സർവ്വകലാശാല എന്നിവരുമായി ചേർന്ന് സങ്കര വിത്തുൽപാദനം നടന്നുവരുന്നു. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത തണ്ണിമത്തൻ ഇനമായ ശോണിമ , IIHR ബാംഗ്ലൂർ വികസിപ്പിച്ച വെണ്ട ഇനമായ അർക്കാ നിഖിത എന്നിവയുടെ മാതൃ-പിതൃ വിത്തുകൾ ആദ്യഘട്ടത്തിൽ വി.എഫ്.പി.സി.കെ വാങ്ങുകയും ഇവ വർദ്ധിപ്പിച്ച് സങ്കരയിനം വിത്തുൽപാദനത്തിൽ പരിശീലനം ലഭിച്ച കർഷകർ മുഖേന തണ്ണിമത്തൻ (ശോണിമ) 3 കിലോയും, വെണ്ട (അർക്കാ നിഖിത) 12.2 കിലോയും ഉൽപാദിപ്പിക്കുവാൻ സാധിച്ചു. IIHR ബാംഗ്ലൂർ വികസിപ്പിച്ച വഴുതന (അർക്കാ ആനന്ദ്) എന്ന സങ്കരയിനത്തിന്റെ മാതൃ-പിതൃ വിത്തുകൾ വർദ്ധിപ്പിച്ച് സങ്കരയിനം വിത്തുൽപാദനം പുരോഗമിച്ചുവരുന്നു. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ 21.82 ലക്ഷത്തോളം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 57.56 ലക്ഷത്തോളം പച്ചക്കറി തൈകളും, 3.77 ലക്ഷം ഫലവൃക്ഷ തൈകളും 1.12 ലക്ഷം ടിഷ്യൂകൾച്ചർ തൈകളും, 1.9 ലക്ഷം സങ്കരയിനം വിത്തുപായ്ക്കറ്റുകളും വി.എഫ്.പി.സി.കെ മുഖേന ലഭ്യമാക്കി.

കാർഷിക വിളകളിൽ കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കുറവിനെ പ്രതിരോധിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്ക് ഈ കാലയളവിൽ കൗൺസിൽ നേതൃത്വം നൽകിയിരുന്നു. 208 കർഷകർക്ക് മഴവെള്ള സംഭരണത്തിനായി പടുതാകുളങ്ങൾ, 107.45 ഹെക്ടർ സ്ഥലത്ത് വരൾച്ചയെ പ്രതിരോധിക്കാൻ സൂപ്പർ അബ്സോർബന്റ് ഹൈഡ്രോ ജെൽ എന്നിവ വ്യാപകമായി പ്രോത്സാഹിപ്പിക്കുകയും, 13.5 ലക്ഷം പച്ചക്കറി തൈകൾ സൗജന്യമായും, 40,000 സങ്കരയിനം വിത്തുപായ്ക്കറ്റുകൾ 50 ശതമാനം സബ്സിഡിയിലും കർഷകർക്ക് ലഭ്യമാക്കി.

മൂല്യവർദ്ധിത മേഖലകളിലും കാർഷിക മൂല്യവർദ്ധനവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 46 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുകയും ഇവയുടെ ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു വരുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്ത 4 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ തേൻ, മരച്ചീനി, പഴങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത സംരംഭങ്ങളും, ഇൻപുട്ട് ട്രേഡിംഗ്, ജൈവവളങ്ങളുടെ ഉൽപാദനം വിതരണം എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിലും സജീവമായി ഏർപ്പെട്ടുവരുന്നു. കൃഷിയ്ക്ക് ആവശ്യമായ വായ്പ ലളിതവും സുതാര്യവുമായ വ്യവസ്ഥകളിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള വി.എഫ്.പി.സി.കെ വായ്പാ പദ്ധതിയുമായി നിലവിൽ 11 ബാങ്കുകൾ സഹകരിച്ചു വരുന്നു. കൃത്യമായി വായ്പ പുതുക്കുന്ന കർഷകർക്ക് ബാങ്ക് സബ്സിഡിക്ക് പുറമേ 2% പലിശ സബ്സിഡി വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കിവരുന്നു.

കാർഷിക വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ഇടപെടലുകൾക്കുമായി 160 ഓണച്ചന്തകൾ ഈ കാലയളവിൽ കൗൺസിൽ നടപ്പിലാക്കി. കൗൺസിലിന്റെ 250 സ്വാശ്രയ കർഷക സമിതികൾ അടിസ്ഥാന വില പദ്ധതിയുടെ സംഭരണകേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. പഴം-പച്ചക്കറി വിപണന ശൃംഖല

ശക്തിപ്പെടുത്തുന്നതിന് പ്രൈമറി പ്രോസസിംഗ് സെൻററുകൾ ആരംഭിച്ചതു വഴി 7 ജില്ലകളിൽ ബ്രാൻഡഡ് പഴം-പച്ചക്കറികൾ ലഭ്യമാക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. പച്ചക്കറികൾ, കിഴങ്ങുവർഗ്ഗ വിളകൾ, പൈനാപ്പിൾ, നേന്ത്രവാഴ തുടങ്ങിയവയുടെ കയറ്റുമതി അധിഷ്ഠിത ഉൽപാദന മുറകൾ പ്രോത്സാഹിപ്പിക്കുകയും 33 മെട്രിക് ടൺ ഗുണമേന്മയുള്ള പഴം-പച്ചക്കറികൾ കയറ്റുമതിയ്ക്കായി ലഭ്യമാക്കുന്നതിനും സാധിച്ചു. വാഴക്കുളം പൈനാപ്പിളിന്റെ കയറ്റുമതിയ്ക്കായി സ്റ്റാറ്റിക് ട്രയലിലൂടെ വികസിപ്പിച്ച പ്രോട്ടോകോൾ അധിഷ്ഠിതമാക്കി ഡയനാമിക് ട്രയൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ കാലയളവിൽ കേന്ദ്രസർക്കാരിന്റെ പി.എസ്.എസ് പദ്ധതി മുഖേന പച്ചത്തേങ്ങ സംസ്കരിച്ച് നാഫെഡിന് കൊപ്രയാക്കി നൽകുന്നതിനുള്ള സംസ്ഥാനതല ഏജൻസിയായി വി എഫ് പി സി കെ യെ നിയമിക്കുകയുണ്ടായി. 677 കർഷകർ മുഖേന 31 കേന്ദ്രങ്ങൾ മുഖേന കൗൺസിൽ 420.099 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

**2024-25 വർഷം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം 14 ജില്ലകളിലുമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളേയും പദ്ധതികളേയും കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**1. സ്വാശ്രയ സംഘങ്ങളും സ്വാശ്രയ കർഷക സമിതികളും**

വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരും അടുത്തടുത്ത് താമസിക്കുന്നവരുമായ പതിനഞ്ച് മുതൽ ഇരുപതുവരെ കർഷകരെ അയൽപക്ക കൂട്ടായ്മ തത്വത്തിൽ ഒരുമിച്ച് ചേർത്ത് രൂപീകരിക്കുന്ന സ്വാശ്രയസംഘങ്ങളാണ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ അടിത്തറ. 2024-25 ൽ 61 സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുകയും 2699 കർഷകരെ കൗൺസിലിൽ അംഗങ്ങളായി ഉൾപ്പെടുത്തുകയും ചെയ്തു. ഇതോടെ 10445 സ്വാശ്രയ സംഘങ്ങളിലായി 216891 കർഷകർ കൗൺസിലിൽ അംഗങ്ങളായി മാറി. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി 7 മുതൽ 15 വരെയുള്ള സ്വാശ്രയ സംഘങ്ങൾ ചേർന്ന് രൂപീകരിക്കുന്ന സ്വാശ്രയ കർഷക സമിതികളും കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിൽ 296 സ്വാശ്രയ കർഷക സമിതികളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

**2. പച്ചക്കറി വിത്തുൽപ്പാദനവും വിതരണവും**

- **സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ്**

  ജനിതക ശുദ്ധിയും ഉല്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിലെ സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തി വരുന്നത്. കേരളത്തിൽ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച കർഷകരാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. ഈ വിത്ത് സംസ്കരണശാലയിലെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ലാബിൽ ശുദ്ധീകരിച്ച് അങ്കുരണശേഷി ഉറപ്പാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ തണ്ണിമത്തൻ (ശോണിമ) 3 കിലോയും, വെണ്ട (അർക്കാ നികിത) 12.2 കിലോയും ഉൽപാദിപ്പിക്കുവാൻ സാധിച്ചു. IIHR ബാംഗ്ലൂർ വികസിപ്പിച്ച വഴുതന (അർക്കാ ആനന്ദ്) എന്ന സങ്കരയിനത്തിന്റെ മാതൃ-പിതൃ വിത്തുകൾ വർദ്ധിപ്പിച്ച് സങ്കരയിനം വിത്തുൽപാദനം പുരോഗമിച്ചുവരുന്നു. വിത്ത് സംസ്കരണശാലയോടനുബന്ധിച്ച് ടിഷ്യൂക്കൾച്ചർ ലാബോറട്ടറിയും പച്ചക്കറി ഫലവർഗ്ഗത്തൈകളുടെ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഹൈബ്രിഡ് പച്ചക്കറി വിത്തുൽപാദനവും IIHR കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

- **ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം മൂവാറ്റുപുഴ– നടുക്കര**

സംസ്ഥാനത്ത് നടീൽ വസ്തുക്കളുടെ അഭാവം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി 2 കോടി ഉൽപാദനശേഷിയുള്ള ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം മൂവാറ്റുപുഴ– നടുക്കരയിൽ പ്രവർത്തിച്ചു വരുന്നു.

2024–25 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 21.82 ലക്ഷം വിത്ത് പായ്ക്കറ്റുകളും 57.56 ലക്ഷം പച്ചക്കറി തൈകളും 3.77 ലക്ഷം ഫലവൃക്ഷ തൈകളും, 1.12 ലക്ഷം ടിഷ്യൂകൾച്ചർ തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്.

### 3. ടിഷ്യൂകൾച്ചർ ലാബ്

കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ഉദ്ദേശിച്ച് എറണാകുളത്ത് കൗൺസിൽ ആസ്ഥാനത്തോട് ചേർന്ന് കാക്കനാട് ആർ.കെ.വി.വൈ പദ്ധതി സഹായത്തോടെ പ്രതിവർഷം 15 ലക്ഷം ടിഷ്യൂകൾച്ചർ തൈകൾ ഉൽപാദിപ്പിക്കാവുന്ന ഒരു ടിഷ്യൂകൾച്ചർ ലാബ് പ്രവർത്തനക്ഷമമായി. പ്രസ്തുത ലാബ് വഴി നേന്ത്രൻ, ഗ്രാൻഡ്നൈൻ, എന്നിവയുടെ ടിഷ്യൂകൾച്ചർ തൈകൾ ലഭ്യമാവുന്നതാണ്.

പാലക്കാടുള്ള വിത്ത് സംസ്കരണശാലയോടനുബന്ധിച്ചുള്ള ടിഷ്യൂക്കൾച്ചർ ലാബോറട്ടറി മുഖേന 2024–25 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 1.12 ലക്ഷം ടിഷ്യൂകൾച്ചർ തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്.

### 4. കർഷക പരിശീലനങ്ങൾ

കർഷകർക്ക് സാങ്കേതിക അറിവ് പകർന്നു നൽകുന്നതിനായി വിവിധങ്ങളായ പരിശീലന പരിപാടികളാണ് കൗൺസിൽ നടത്തിവരുന്നത്. സാങ്കേതിക വിദഗ്ധരുടേയും വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരുടേയും മാസ്റ്റർ കർഷകരുടേയും സഹായത്തോടെ കർഷകരിലേക്ക് സാങ്കേതിക അറിവുകൾ എത്തിക്കുന്ന പരിശീലന പരിപാടികളാണ് ഇതിൽ പ്രധാനം. ഇതുകൂടാതെ പഠനയാത്രകൾ, സെമിനാറുകൾ, കർഷകസമ്പർക്ക പരിപാടികൾ, എക്സിബിഷനുകൾ എന്നിവയും കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

ഇതുകൂടാതെ, പൊതുജനങ്ങൾക്കും, കൃഷിയെ സ്നേഹിക്കുന്നവർക്കും പ്രയോജനപ്രദമാകുന്ന വിധത്തിൽ കൗൺസിൽ മുഖേന പേയ്ഡ് പരിശീലനപരിപാടികൾ എല്ലാ ജില്ലകളിലും കാക്കനാടുള്ള മൈത്രി ട്രേയിനിംഗ് & ഇൻഫോർമേഷൻ സെന്റർ മുഖേനയും നടത്തിവരുന്നു.

### 5. വായ്പാ – ഇൻഷ്വറൻസ് പദ്ധതികൾ

പങ്കാളിത്ത വായ്പാ പദ്ധതിവഴി സ്വാശ്രയ സംഘങ്ങളിലെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വായ്പ യഥാസമയം ലളിതവും സുതാര്യവുമായ വ്യവസ്ഥകളോടെ 11 ബാങ്കുകൾ വഴി കൗൺസിൽ ലഭ്യമാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കെ.സി.സി സ്കീം വഴി പ്രതിവർഷം 134 കോടിയോളം രൂപ കാർഷിക വായ്പയായി കർഷകർക്ക് ലഭ്യമാക്കുന്നു. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2% പലിശ സബ്സിഡി വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കിവരുന്നു. 13195 കർഷകർക്ക് അപകട ഇൻഷ്വറൻസ് പോളിസിയും കൂടാതെ 3105 ഓളം കർഷകർക്കും കുടുംബാംഗങ്ങൾക്കുമായി മറ്റ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. പ്രധാനമന്ത്രി ഫസൽ ഭീമ യോജനയുടെ അനുബന്ധ പദ്ധതിയായ കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ സഹകരണത്തോടെ 14 ജില്ലകളിലും 2024 ആഗസ്റ്റ് മുതൽ നടപ്പിലാക്കി വരുന്നു. 6013 കർഷകരുടെ 1280.89 ഹെക്ടറിലുള്ള വിവിധ കൃഷികൾ ഇതുവഴി ഇൻഷ്വർ ചെയ്തിട്ടുണ്ട്.

### 6. കൃഷി ബിസിനസ്സ് കേന്ദ്ര (കെ.ബി.കെ)

കർഷകർക്ക് ഗുണമേന്മയുള്ള കർഷികോൽപാദനോപാധികൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി കൗൺസിലിനു കീഴിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ എറണാകുളത്തും തിരുവനന്തപുരത്തും കാസർഗോഡും

പ്രവർത്തിച്ചു വരുന്നു. RKVY പദ്ധതി സഹായത്തോടെ പത്തനംതിട്ട ജില്ലയിലെ കൃഷി ബിസിനസ്സ് കേന്ദ്രയുടെ നിർമ്മാണം പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനസജ്ജമാണ്. കോഴിക്കോട് കൃഷി ബിസിനസ്സ് കേന്ദ്രയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പുരോഗമിച്ചു വരുന്നു. പ്രസ്തുത കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ഗുണമേന്മയുള്ള ഫലവൃക്ഷങ്ങളുടേയും പച്ചക്കറികളുടേയും തൈകളും വിത്തും വില്പനയ്ക്കായി ഒരുക്കിയിട്ടുണ്ട്. ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, കാർഷികോപകരണങ്ങൾ, HDPE ഗ്രോബാഗുകൾ, ചെടിചട്ടികൾ എന്നിവയും ഇവിടെ നിന്നും ലഭ്യമാണ്. 64 തളിർ ഗ്രീൻ എക്കോഷോപ്പുകൾ ഔട്ട്ലെറ്റുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു. ഇതുവഴി ഗുണമേൻമയുള്ള പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഗുണമേൻമയുള്ള നടീൽ വസ്തുക്കളും ഉൽപാദനോപാധികളും ലഭ്യമാക്കുന്നതിനും സാധ്യമാകും.

### 7. വിപണന സഹായം

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 296 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. 2024-25 വർഷത്തിൽ സ്വാശ്രയ കർഷകസമിതികൾ വഴി 288.64 കോടി രൂപ മൂല്യമുള്ള 76125.61 മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തിയിട്ടുണ്ട്. കാർഷിക വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ഇടപെടലുകൾക്കുമായി 160 ഓണച്ചന്തകളും 250 സമിതികൾ അടിസ്ഥാന വില പദ്ധതിയുടെ സംഭരണകേന്ദ്രങ്ങളായും 7 ജില്ലകളിൽ പ്രൈമറി പ്രോസസിങ്ങ് കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. കർഷക വിപണന സ്ഥിരതാ സഹായം മുഖേന കർഷകർക്ക് മൊത്തം വിറ്റ വരവിന്റെ 3% വിലവ്യത്യാസം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു.

### 8. പഴം-പച്ചക്കറി ബ്രാൻഡഡ് ഔട്ട് ലെറ്റ്

സംസ്ഥാന സർക്കാരിന്റേയും കേന്ദ്രസർക്കാരിന്റേയും പദ്ധതി സഹായത്തോടെ എറണാകുളത്ത് കൗൺസിൽ ആസ്ഥാനത്തോട് ചേർന്ന് കാക്കനാട് ഒരു പഴം-പച്ചക്കറി ബ്രാൻഡഡ് ഔട്ട്ലെറ്റ് നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനക്ഷമമായി. കർഷകരിൽ നിന്നും സംഭരിക്കുന്ന നാടൻ പഴം-പച്ചക്കറികൾക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുമായി പ്രത്യേക വിഭാഗം ഇതിൽ സജ്ജീകരിച്ചിട്ടുണ്ട്. ആത്യാധുനികവും ഉപയോഗിക്കുവാൻ സൗകര്യപ്രദവുമായ കാർഷികോപകരണങ്ങൾ, വിവിധ തരത്തിലുള്ള അലങ്കാര ചട്ടികൾ, ജൈവ ഉൽപാദനോപാധികൾ, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവ ഉൽപ്പന്നങ്ങൾ, അലങ്കാരച്ചെടികൾ, പഴം പച്ചക്കറി തൈകൾ തുടങ്ങിയവ വിപണനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്.

### 9. ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരണം.

കാർഷിക സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപം കൊടുത്ത 10,000 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരണത്തിന്റെ (എഫ്.പി.ഒ). ഭാഗമായി വി.എഫ്.പി.സി.കെ രൂപീകരിച്ച 41 ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ ശാക്തീകരണവും നടപ്പിലാക്കി വരുന്നു . അവയിൽ രജിസ്റ്റർ ചെയ്ത 4 ഫാർമർ പ്രൊഡ്യൂസർ കമ്പനികളിൽ തേൻ, മരച്ചീനി, പഴങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത സംരംഭങ്ങൾക്കായുള്ള ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ, മൂല്യവർദ്ധിത സംരംഭങ്ങളും, ഇൻപുട്ട് ട്രേഡിംഗ്, ജൈവവളങ്ങളുടെ ഉൽപാദനം വിതരണം എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിലും സജീവമായി ഏർപ്പെട്ടുവരുന്നു. സെൻട്രൽ എസ്.എഫ്.എ.സി യുടെ 5 ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ ശാക്തീകരണത്തിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

### 10.എക്സ്പോർട്ട്

നേന്ത്രവാഴയുടെ കയറ്റുമതി അധിഷ്ഠിത ഉൽപാദന മുറകൾ പ്രോത്സാഹിപ്പിക്കുകയും 33 മെട്രിക് ടൺ ഗുണമേന്മയുള്ള പഴം-പച്ചക്കറികൾ കയറ്റുമതിയ്ക്കായി ലഭ്യമാക്കുന്നതിന് സാധിച്ചു. വാഴക്കുളം പൈനാപ്പിളിന്റെ കയറ്റുമതിയ്ക്കായി സ്റ്റാറ്റിക്ക് ട്രയലിലൂടെ വികസിപ്പിച്ച പ്രോട്ടോകോൾ അധിഷ്ഠിതമാക്കി ഡയനാമിക് ട്രയൽ

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയറ്റുമതി മൂല്യമുള്ള നേന്ത്രൻ വാഴകൃഷി, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗ വിളകൾ, പൈനാപ്പിൾ എന്നിവ 135 ഹെക്ടറിൽ പ്രോത്സാഹിപ്പിക്കുകയും വാഴക്കുലകളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി ബഞ്ച് കവറുകളുടെ ഉപയോഗം വ്യാപിപ്പിക്കുവാനും സാധിച്ചു. കൃഷി പരിചയപ്പെടുത്തുന്നതിനും വ്യാപനത്തിനുമായി കർഷകർക്ക് നൽകിയിരുന്ന MD2 പൈനാപ്പിൾ ടിഷ്യൂകൾച്ചർ തൈകൾ ട്രയലുകളിലൂടെ കയറ്റുമതിയ്ക്ക് മികച്ച സാധ്യത തെളിയിച്ചു. പൈനാപ്പിൾ സീ-ഷിപ്പ്മെന്റ് പ്രോട്ടോകോൾ വികസനത്തിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുമായി സംയോജിച്ച് സ്റ്റാറ്റിക് ട്രയൽ പൂർത്തിയാക്കി. ജില്ലകളിൽ കയറ്റുമതി സംബന്ധിച്ച് കർഷകർക്കും കച്ചവടക്കാർക്കും അവബോധം നൽകുന്നതിനും, അപേഡ മുതലായ ഏജൻസികളുടെ സഹായത്തോടെ സഹകരണം ഉറപ്പാക്കുന്നതിനും ശ്രമിച്ചു വരുന്നു.

**11. കൊപ്ര സംഭരണം**

കേന്ദ്ര സർക്കാരിന്റ കൊപ്രയുടെ താങ്ങുവില (പിഎസ്.എസ്.) പദ്ധതി മുഖേന പച്ചത്തേങ്ങ സംഭരിച്ച്, സംസ്കരിച്ച് നാഫെഡിന് കൊപ്ര നൽകുന്നതിന്, 2023 ൽ വി.എഫ്.പി.സി.കെ യെ സ്റ്റേറ്റ് ലെവൽ ഏജൻസിയായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ പദ്ധതിപ്രകാരം 2024-25 സാമ്പത്തിക വർഷം വി.എഫ്.പി.സി.കെ പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ 31 സംഭരണ കേന്ദ്രങ്ങൾ മുഖേന 420.009 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചു. 677 കർഷകർ പദ്ധതിയുടെ ഗുണഭോക്താക്കളായി.

**2024-25 സാമ്പത്തിക വർഷം കൗൺസിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളെയും നേട്ടങ്ങളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ പ്രതിപാദിക്കുന്നു.**

**എ. കേരള സർക്കാർ പദ്ധതികൾ**

**I. വി.എഫ്.പി.സി.കെ മുഖേന പച്ചക്കറിവികസനം**

1. **അഗ്രി എക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനമാക്കി കാർഷിക വരുമാന വർദ്ധനവിനുതകുന്ന സംയോജിത പച്ചക്കറി കൃഷി വികസന പദ്ധതികൾ.**

- കൗൺസിലിലെ കർഷകർ 2024-25 സാമ്പത്തിക വർഷം 17212 ഹെക്ടർസ്ഥലത്ത് പച്ചക്കറികളും 16134 ഹെക്ടർ സ്ഥലത്ത് വാഴയും കൃഷി ചെയ്തിട്ടുണ്ട്. 81521 മെട്രിക്ടൺ പച്ചക്കറികളും 95328 മെട്രിക്ടൺ കായയും ഉത്പ്പാദിപ്പിക്കുവാനും കഴിഞ്ഞു.
- കാലാവസ്ഥാനുയോജ്യ കൃഷി മുറകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 107.45 ഹെക്ടറിൽ ഹൈഡ്രോജെൽ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും 208 പടുതാകുളങ്ങളുടെ നിർമ്മാണവും നടപ്പലാക്കി.
- മണ്ണ് പരിശോധന നടത്തി 2940 കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കി.
- പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് അഗ്രി എക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനമാക്കി 1000 ഹെക്ടർ സ്ഥലത്തേയ്ക്ക് വാണിജ്യ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മമൂലകങ്ങൾ, ജീവാണുവളങ്ങൾ, കെണികൾ, ഡോളോമൈറ്റ് എന്നിവ 50 ശതമാനം സബ്സിഡിയിൽ ലഭ്യമാക്കി.
- പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 40000 ഹൈബ്രിഡ് വിത്ത് കിറ്റുകളും, 21.82 ലക്ഷം അത്യുൽപാദന ശേഷിയുള്ളപച്ചക്കറി വിത്ത് കിറ്റുകളും ലഭ്യമാക്കി. കൂടാതെ 13.5 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തു.

- കൃഷിയ്ക്ക് ആവശ്യമായ വായ്പ ലളിതവും സുതാര്യവുമായ വ്യവസ്ഥകളിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനായി 11 ബാങ്കുകളുമായി കൗൺസിൽ സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷം 134 കോടി രൂപ 10582 കർഷകർക്ക് വായ്പയായി ബാങ്കുകൾ വഴി നൽകിയിട്ടുണ്ട്. കൃത്യമായി പുതുക്കിയവർക്ക് 2% പലിശ സബ്സിഡി ലഭ്യമാക്കി വരുന്നു. 13195 കർഷകരെ അപകട ഇൻഷുറൻസ് പദ്ധതിയിൽ പങ്കാളികളാക്കി.

## 2. പച്ചക്കറി കൃഷിയിൽ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക

- കൗൺസിൽ വിവിധ ജില്ലകളിൽ സ്ഥാപിച്ച കാലാവസ്ഥാ മാപിനികളിൽ നിന്നുമുള്ള വിവരങ്ങൾ ഉപയോഗിച്ച് കേരള കാർഷിക സർവ്വകാലാശാല ഭാരതീയ അന്തരീക്ഷ ശാസ്ത്ര വിഭാഗം എന്നിവയുമായി സംയോജിച്ച് ജില്ലാ അടിസ്ഥാനത്തിൽ ആഴ്ച്ച തോറും കാർഷിക കാലാവസ്ഥാ നിർദ്ദേശക ബുള്ളറ്റിൻ കർഷകർക്ക് ലഭ്യമാക്കി വരുന്നു.
- കൗൺസിലിന്റെ പ്രസിദ്ധീകരണമായ കൃഷിയങ്കണം കൂടാതെ വിവിധ കൃഷിമുറകളെക്കുറിച്ചും, രോഗകീട നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചുമുള്ള കൈപുസ്തകങ്ങളും, ലഘുലേഖകളും മറ്റും പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

## 3. പരിശീലനം മാനവവിഭവശേഷി വികസനം

- 2024-25 സാമ്പത്തിക വർഷം കാർഷികമേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി 13 സെമിനാറുകൾ സംഘടിപ്പിച്ചുവഴി 325 കർഷകർക്ക് പരിശീലനം ലഭ്യമാക്കി.
- സെമിനാർ, എക്സിബിഷൻ, മേള : നൂതന കൃഷിരീതികൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും, കൗൺസിലിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുമായി സെമിനാറുകൾ, എക്സിബിഷനുകൾ, മേളകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും പങ്കാളികളാവുകയും ചെയ്തു.

## 4. വിപണീ വികസനം

- വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികളുടെ പ്രവർത്തന ചെലവുകൾ നിയന്ത്രിച്ച് കർഷകർക്ക് 3% വിലവ്യത്യാസം ലഭ്യമാക്കുന്നതിനും അതുവഴി സ്വാശ്രയ കർഷക സമിതികളുടെ സ്ഥായിയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുമായി 102 വിപണികൾക്ക് സഹായം ലഭ്യമാക്കി. അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ആയ ടാലി സോഫ്റ്റ് വെയർ 97 സ്വാശ്രയ കർഷക സമിതികളിൽ ക്രമീകരിച്ചു.

## 5. കയറ്റുമതി പ്രോത്സാഹനം

- കയറ്റുമതി മൂല്യമുള്ള നേന്ത്രവാഴകൃഷി, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗ വിളകൾ, പൈനാപ്പിൾ എന്നിവ 135 ഹെക്ടറിൽ പ്രോത്സാഹിപ്പിക്കുകയും വാഴക്കുലകളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി ബഞ്ച് കവറുകളുടെ ഉപയോഗം വ്യാപിപ്പിക്കുവാനും സാധിച്ചു.
- കൃഷി പരിചയപ്പെടുത്തുന്നതിനും വ്യാപനത്തിനുമായി കർഷകർക്ക് നൽകിയിരുന്ന MD2 പൈനാപ്പിൾ ടിഷ്യൂകൾച്ചർ തൈകൾ ട്രയലുകളിലൂടെ കയറ്റുമതിയ്ക്ക് മികച്ച സാധ്യത തെളിയിച്ചു.
- പൈനാപ്പിൾ സീ-ഷിപ്പ്മെന്റ് പ്രോട്ടോകോൾ വികസനത്തിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുമായി സംയോജിച്ച് സ്റ്റാറ്റിക് ട്രയൽ പൂർത്തിയാക്കി.

## II. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികളുടെ വികസനം

കർഷകരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിലലഭ്യമാക്കുന്നതിനും വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനുമായി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 296 സ്വാശ്രയകർഷകസമിതികൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു. ഈ സ്വാശ്രയസമിതികൾ വഴി 2024-25 സാമ്പത്തികവർഷം കൗൺസിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.

- 2024-25 വർഷത്തിൽ സ്വാശ്രയ കർഷക സമിതികൾ വഴി 288.64 കോടി രൂപ മൂല്യമുള്ള 76125. 617 മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി.
- രണ്ട് പുതിയ സ്വാശ്രയ കർഷക സമിതികളും രണ്ട് കളക്ഷൻ സെന്ററുകളും ആരംഭിച്ചു.
- മൂല്യവർദ്ധന യൂണിറ്റുകൾക്കും പായക്ക് ഹൗസുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കി.
- കേരള സർക്കാരിൻറെ പഴം-പച്ചക്കറി താങ്ങ് വില പദ്ധതിയിൽ ഉൾപ്പെടാത്ത ഉൽപ്പന്നങ്ങൾക്ക് റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കി.
- നാഫെഡ് പി.എസ്.എസ് പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷം വി.എഫ്.പി.സി.കെ പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ 31 സംഭരണ കേന്ദ്രങ്ങൾ മുഖേന 420.009 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചു. 677 കർഷകർ പദ്ധതിയുടെ ഗുണഭോക്താക്കളായി.

## III. വി.എഫ്.പി.സി. കെ മുഖേനയുള്ള പഴവർഗ്ഗ കൃഷി വികസന പദ്ധതി (വി.എഫ്.പി.സി.കെ മുഖേന ചക്കയുടെ സംഭരണം, വിപണനം, മൂല്യവർദ്ധനം)

- 240.104 മെട്രിക് ടൺ (642 കർഷകർ) ചക്ക സംഭരിച്ച് വിപണനം ചെയ്തു. കർഷകർക്ക് 2.5 രൂപ/കിലൊ നിരക്കിൽ വിപണന സഹായം ലഭ്യമാക്കി.

## IV. ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ ഉൽപാദനവുംവിതരണവും

- ആലത്തൂരിലുള്ള വിത്ത് സംസ്കരണശാല, കൗൺസിൽ ആസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന കൃഷി ബിസിനസ്സ് കേന്ദ്ര, ഹൈടെക് പ്ലഗ്ഗ് നേഴ്സറി എന്നിവവഴി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 57.56 ലക്ഷം പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയുണ്ടായി.
- കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത ശോണിമ ഇനം തണ്ണിമത്തൻ IIHR ബാംഗ്ലൂർ വികസിപ്പിച്ച അർക്കാ നിഖിത ഇനം വെണ്ട എന്നിവയുടെ മാതൃ-പിതൃ വിത്തുകൾ ആദ്യഘട്ടത്തിൽ വി.എഫ്.പി.പി.സി.കെ വാങ്ങുകയും ഇവ വർദ്ധിപ്പിച്ച് സങ്കരയിനം വിത്തുൽപാദനം നടത്തുകയും, IIHR ബാംഗ്ലൂർ വികസിപ്പിച്ച വഴുതന (അർക്കാ ആനന്ദ്) എന്ന സങ്കരയിനത്തിന്റെ മാതൃ-പിതൃ വിത്തുകൾ വർദ്ധിപ്പിച്ച് സങ്കരയിനം വിത്തുൽപാദനം പുരോഗമിച്ചുവരുകയും ചെയ്യുന്നു.
- ആലത്തൂരിലുള്ള വിത്ത് സംസ്കരണശാല വഴി 17 ഇനം അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറിവിത്തുകൾ വിതരണം ചെയ്തു. വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 166 കർഷകർ ഉൽപ്പാദിപ്പിച്ച 28.446 മെട്രിക് ടൺ വിത്താണ് സംസ്കരിച്ച് വിതരണം നടത്തിയത്.
- വിത്ത് സംസ്കരണശാലയിൽ പ്രവർത്തനസജ്ജമാക്കിയിട്ടുള്ള ടിഷ്യുക്കൾച്ചർ ലാബിൽ നിന്നും 1.12 ലക്ഷം ടിഷ്യുക്കൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തു.
- ഫലവൃക്ഷങ്ങളുടെ 3.77 ലക്ഷം നടീൽ വസ്തുക്കൾ വിതരണം ചെയ്തു.
- തിരുവനന്തപുരം, എറണാകുളം, കാസർഗോഡ് ജില്ലകളിൽ പ്രവർത്തിക്കുന്ന കൃഷി ബിസിനസ്സ്കേന്ദ്രകൾ വഴി പച്ചക്കറിവിത്ത്, തൈകൾ മറ്റ് നടീൽവസ്തുക്കൾ, ജൈവ ഉൽപാദനോപാധികൾ എന്നിവ കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

- വി.എഫ്.പി.സി.കെ ക്ലൂൺ വിത്തുൽപാദന യൂണിറ്റ് മുഖേന 3881 ക്ലൂൺ വിത്ത് പായ്ക്കറ്റുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു.

**V ജൈവ പഴം-പച്ചക്കറി ബ്രാൻഡഡ് സൂപ്പർമാർക്കറ്റ്**

- എറണാകുളം ജില്ലയിൽ കാക്കനാട് പഴം-പച്ചക്കറി ബ്രാൻഡഡ് സൂപ്പർമാർക്കറ്റ് പ്രവർത്തനസജ്ജമായി.

**ബി. എസ്.എച്ച്.എം പദ്ധതികൾ**

1. **വിത്തുൽപാദനത്തിനുള്ള സഹായം**

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ 300 ഹെക്ടറിൽ പാലക്കാട് ജില്ലയിൽ വിത്തുൽപാദക കർഷകർക്ക് പച്ചക്കറി വിത്തുൽപാദനത്തിന് സഹായം ലഭ്യമാക്കി.

2. **വികേന്ദ്രീകൃത കാർഷിക നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം**

ഗുണമേന്മയുള്ള പഴം-പച്ചക്കറി നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് കൗൺസിൽ നേരിട്ടും കർഷകർ മുഖേനയും എറണാകുളം, പാലക്കാട്, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ 8 കാർഷിക നേഴ്സറികൾ ആരംഭിച്ചു.

3. **കൃത്യതാ കൃഷിയ്ക്കുള്ള ധനസഹായം**

പഴം-പച്ചക്കറി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 9 ജില്ലകളിൽ 476 ഹെക്ടർ സ്ഥലത്ത് വാഴ, പച്ചക്കറി കൃഷിയ്ക്ക് വേണ്ടിയും മൾച്ചിംഗ് അടക്കമുള്ള കൃത്യതാ കൃഷി നടപ്പിലാക്കി.

4. **ആർ.ഐ.ഡി.എഫ് പദ്ധതി**

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളത്ത് ഒന്നും, തൃശ്ശൂരിൽ മൂന്നും ഉൾപ്പെടെ 4 മൂല്യവർദ്ധിത യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 2 മൂല്യവർദ്ധിത യൂണിറ്റുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു.

**സി. ആർ.കെ.വി.വൈ പദ്ധതികൾ**

കേന്ദ്ര സർക്കാരിന്റെ ആർ.കെ.വി.വൈ പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ 2024-25 വർഷം നടപ്പിലാക്കിയ പദ്ധതികൾ.

**1. ആലത്തൂർ വിത്ത് സംസ്കരണ ശാലയുടെ അടിസ്ഥാന സൗകര്യവികസനം**

വിത്തുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുവേണ്ടി വിത്ത് സംസ്കരണത്തിനും സംഭരണത്തിനും ആവശ്യമായ ഡ്രൈയിങ്ങ് യാർഡ്, റാക്കുകൾ, ആവശ്യമായ യന്ത്രസാമഗ്രികൾ എന്നിവ ആലത്തൂരുള്ള വിത്ത് സംസ്കരണ ശാലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

**2. കൃഷി ബിസിനസ്സ് കേന്ദ്ര, പത്തനംതിട്ട/കോഴിക്കോട്**

പത്തനംതിട്ട ജില്ലയിൽ അടൂർ കിൻഫ്ര പാർക്കിൽ വി.എഫ്.പി.സി.കെ യ്ക്ക് അനുവദിച്ച സ്ഥലത്ത് കൃഷി ബിസിനസ്സ് കേന്ദ്രയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ കൃഷി ബിസിനസ്സ് കേന്ദ്രത്തിന് സ്ഥലം ലഭ്യമാവുകയും പദ്ധതി വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു.

**3. ഏഴ് ജില്ലകളിൽ പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം.**

കോട്ടയം, എറണാകുളം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ പ്രൈമറി പ്രോസസ്സിംഗ് സെന്ററുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

## 2025-26 സാമ്പത്തിക വർഷം വി.എഫ്.പി.സി.കെ ലക്ഷ്യമിട്ടിട്ടുള്ള പ്രധാന പദ്ധതികൾ

### എ. സംസ്ഥാന സർക്കാർ പദ്ധതികൾ

### 1. വി.എഫ്.പി.സി.കെ മുഖനയുള്ള പച്ചക്കറി വികസന പദ്ധതി (1800 ലക്ഷം രൂപ)

- മണ്ണിൻറെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മണ്ണ് പരിശോധന നടത്തുന്നതിനും അതിൻപ്രകാരം ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മമൂലകങ്ങൾ, ഡോളോമൈറ്റ്, ബയോഫെർട്ടിലൈസറുകൾ, കായീച്ചകെണികൾ എന്നിവ 1200 ഹെക്ടറിലേക്ക് ലഭ്യമാക്കുന്നതിനും പദ്ധതി.
- കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിനായി 15.67 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- പച്ചക്കറി വിളകളിൽ കൃത്യതാ കൃഷി 98.90 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- പന്തൽ സെമി പെർമനന്റ് പന്തൽ, സൗരോർജ്ജ വേലി എന്നിവയ്ക്കായി 88.94 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.
  ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതി.
- അടിസ്ഥാന വില പദ്ധതിയിൽപെടാത്ത വിളകൾക്കായി റിസ്ക് ഫണ്ട് പദ്ധതിയിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽ നിന്നും വായ്പ സഹായം ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർക്ക് 2% പലിശ സബ്സിഡി ലഭ്യമാക്കുന്നതിനും പദ്ധതി. കർഷർക്ക് സാമൂഹിക സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള്ള സഹായം.
- പുതിയ സാങ്കേതിക വിദ്യകൾ, പുത്തൻ വിളകൾ, വിളയിനങ്ങൾ തുടങ്ങിയവ കർഷകരിലേയ്ക്കെത്തിക്കുന്നതിന് ലഘുലേഖകൾ, കാർഷിക മാസിക പ്രസിദ്ധീകരണം, പരിശീലനങ്ങൾ, പഠനയാത്രകൾ തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായം.
- 80 സ്വാശ്രയ കർഷക സമിതികളുടെ വികസനത്തിനും, സ്ഥായിത്വത്തിനും സമതികളുടെ വിറ്റ് വരവിന് അനുസരിച്ചുള്ള പ്രവർത്തനസഹായം.
- കിട്ടാക്കടം പിരിക്കുന്നതിനായുള്ള നിയമ നടപടിൾക്കും വിലവിവര ശേഖരണത്തിനും, ഭൂമി തരം മാറ്റലിനും പദ്ധതി വിഹിതം.
- സ്വാശ്രയ കർഷക സമിതികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും, മൂല്യവർദ്ധന യൂണിറ്റുകൾ, ഇൻകുബേഷൻ സെൻററുകൾ, പായ്ക്ക് ഹൗസുകൾ എന്നിവയ്ക്ക് പദ്ധതി സഹായം.
- നേന്ത്രവാഴയുടെ കയറ്റുമതി അധിഷ്ഠിത ഉൽപാദന മുറകൾ നടപ്പിലാക്കി 80 ഹെക്ടറിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി.
- പൈനാപ്പിളിന്റെ കയറ്റുമതി അധിഷ്ഠിത ഉൽപാദനമുറകൾ പ്രോത്സാഹിപ്പിക്കുന്നതിനും കടൽ മാർഗ്ഗമുള്ള ട്രയൽ കയറ്റുമതിയ്ക്കായുള്ള പദ്ധതി.
- വി.എഫ്.പി.സി.കെ രൂപീകരിച്ച 41 ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ ശാക്തീകരണത്തിനും ഇക്വിറ്റി ഗ്രാന്റിനും പദ്ധതി സഹായം വകയിരുത്തിയിട്ടുണ്ട്.

**2. ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും (100 ലക്ഷം)**

ഗുണമേൻമയുള്ള പച്ചക്കറി വിത്തുകൾ, 5 ലക്ഷം ടിഷ്യൂകൾച്ചൾ തൈകൾ, 50 ലക്ഷം പച്ചക്കറി തൈകൾ, 50 ലക്ഷം ഫലവൃക്ഷങ്ങളുടെ നടീൽ വസ്തുക്കൾ, എന്നിവ ഈ പദ്ധതി സഹായത്തോടെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതാണ്. വി.എഫ്.പി.സി.കെ മുഖേന 1000 കിലോ കൂൺ വിത്തുൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നു. കേരളത്തിലെ കാലാവസ്ഥയ്ക്കനുയോജ്യമായ സങ്കരയിനം പച്ചക്കറി വിത്തുൽപാദനത്തിനും പദ്ധതി.

**3. വി.എഫ്.പി.സി. കെ മുഖേനയുള്ള പഴവർഗ്ഗ കൃഷി വികസന പദ്ധതി (25 ലക്ഷം)**

കേരളത്തിന്റെ ഔദ്യോഗീക ഫലമായ ചക്കയുടെ സംഭരണം വിപണനം മൂല്യവർദ്ധനം എന്നിവ നടപ്പിലാക്കുന്നതിനും വിപണന ശ്രുംഖല കൂടുതൽ വിപുലീകരിക്കുന്നതിനും, കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**4. വി.എഫ്.പി.സി.കെ മുഖേന പഴം-പച്ചക്കറി വിപണനത്തിനുള്ള ധനസഹായം (500 ലക്ഷം)**

കർഷകരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും വില സ്ഥിരത ഉറപ്പ് വരുത്തുന്നതിനുമായി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 296 സ്വാശ്രയ സമിതികൾക്കായി 2025-26 സാമ്പത്തിക വർഷം കൗൺസിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

- പുതിയ വിപണികളും കളക്ഷൻ സെൻററുകളും ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പദ്ധതി.
- വില വിവര സെൻററിന്റെ പ്രവർത്തനം, അഗ്മാർക്ക് നെറ്റ് നോഡ്സ് എന്നിവ മുഖേന വില വിവര ശേഖരണം, ബ്രാൻഡഡ് ഔട്ട് ലെറ്റ്, കൗൺസിലിന് കീഴെയുള്ള പഴം-പച്ചക്കറി മൂല്യവർദ്ധിത യുണിറ്റുകൾ, തുടങ്ങിയവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതി സഹായം.
- അഗ്രോ ക്ലിനിക്ക് സംഘടിപ്പിക്കുന്നതിനും അഗ്രി ഇൻപുട്ട് സെന്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി പദ്ധതി സഹായം.
- സ്വാശ്രയ കർഷക സമിതികളുടെ ആധുനീകവൽക്കരണം, വിപണി ഓഡിറ്റിങ്, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവയ്ക്കും പദ്ധതി സഹായം വകയിരുത്തിയിട്ടുണ്ട്.
- വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികളുടെ പ്രവർത്തന ചെലവുകൾ നിയന്ത്രിച്ച് കർഷകർക്ക് 3% വിലവ്യത്യാസം ലഭ്യമാക്കുന്നതിനും അതുവഴി സ്വാശ്രയ കർഷക സമിതികളുടെ സ്ഥായിത്വം ഉറപ്പുവരുത്തുന്നതിനുമായി പദ്ധതി സഹായം വകയിരുത്തിയിട്ടുണ്ട്.
- സ്വാശ്രയ കർഷക സമിതികളുടെ വിപണനം വിപുലീകരിക്കുന്നതിന് കച്ചവടക്കാരിൽ നിന്നുള്ള കിട്ടാക്കടം പിരിച്ചെടുക്കുന്നതിന് പ്രോത്സാഹനം.
- സ്വാശ്രയ കർഷക സമിതികൾ മുഖേന ആദ്യമായി വിപണനം നടത്തുന്ന കർഷർ വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 1 രൂപ/കിലോ എന്ന നിരക്കിൽ 2000 മെടിക് ടൺ ഉൽപ്പന്നങ്ങൾക്ക് സെയ്ൽസ് പ്രമോഷൻ ഇൻസെൻറീവ്.
- കേരള സർക്കാരിന്റെ അടിസ്ഥാന വില പദ്ധതിയിൽ ഉൾപ്പെടാത്ത ഉൽപന്നങ്ങൾക്ക് റിസ്ക് ഫണ്ട് പദ്ധതി.
- പ്രാദേശീകവും അല്ലാത്തതുമായ മൈനർ വിഭാഗത്തിൽ പെടുന്ന പഴവർഗ്ഗങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമുള്ള പദ്ധതി.
- അധിക ഉൽപാദനവും, വിലതകർച്ചയും നേരിടുന്ന ഘട്ടങ്ങളിൽ ഉൽപ്പന്നങ്ങളുടെ കൈകാര്യം ചെയ്യലിനും ലോജിസ്റ്റിക്സ് സഹായത്തിനുമുള്ള പദ്ധതി.

**5. വി.എഫ്.പി.സി.കെ മുഖേന പച്ചത്തേങ്ങ സംഭരണം (1,000 ലക്ഷം)**

സംസ്ഥാനത്ത് പച്ചത്തേങ്ങയുടേയും കൊപ്രയുടേയും വിലയിടിയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കുന്നതിനും കേന്ദ്ര സർക്കാരിന്റ കൊപ്രയുടെ താങ്ങുവില (പിഎസ്.എസ്.) പദ്ധതി മുഖേന പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി സംസ്കരിച്ച് നാഫെഡിന് നല്കുന്നതിനുള്ള സംസ്ഥാന തല ഏജൻസിയായി വി.എഫ്.പി.സി.കെ യെ ചുമതലപ്പെടുത്തിയിരുന്നു. മേൽ സംസ്കരണം, കൈകാര്യചെലവുകൾക്കും കർഷകർക്ക് താങ്ങുവിലയായ 34 രൂപ/കിലോ പച്ചത്തേങ്ങ ഉറപ്പാക്കുന്നതിന് നാഫെഡ് ലഭ്യമാക്കുന്ന സംഭരണ വിലയുടെ ബാക്കി തുക ലഭ്യമാക്കുന്നതിനും പദ്ധതി സഹായം വകയിരുത്തിയിരുക്കുന്നു.

**ബി. എസ്.എച്ച്.എം പദ്ധതികൾ (115 ലക്ഷം)**

**പച്ചക്കറി വിത്തുൽപാദനത്തിനുള്ള ധനസഹായം:** അത്യുൽപാദന ശേഷിയുള്ള പച്ചക്കറി വിളകളുടെ വിത്തുൽപാദനം 230 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് പദ്ധതി സഹായം.

(ഒപ്പ്)
ശ്രീ. പി. പ്രസാദ് (അദ്ധ്യക്ഷൻ)
ബഹു. കൃഷി വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം
29/08/2025

ഭാഗം-2

CIN: U01121KL2001NPL014473

## ഓഹരി ഉടമകൾക്കുള്ള വാർഷിക പൊതുയോഗം – അറിയിപ്പ്

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) യുടെ 24–ാമത് വാർഷിക പൊതുയോഗം 2025, സെപ്റ്റംബർ മാസം 30–ാം തീയ്യതി ചൊവ്വാഴ്ച പകൽ 11.00 മണിക്ക് തിരുവനന്തപുരം ജില്ലയിൽ, 'തിരുവനന്തപുരം നഗരസഭ കമലേശ്വരം കൺവെൻഷൻ സെന്റർ', മണക്കാട്, തിരുവനന്തപുരം വച്ച് നടത്തുവാൻ തീരുമാനിച്ച വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഈ യോഗത്തിന്റെ കാര്യ പരിപാടികൾ താഴെ പറയും പ്രകാരമാണ്.

### സാധാരണ കാര്യപരിപാടികൾ

1. ഓഹരി ഉടമകൾക്കായുള്ള ഡയറക്ടർ ബോർഡിന്റെ റിപ്പോർട്ട്, 2024–25 സാമ്പത്തിക വർഷത്തിലെ വരവ്–ചെലവ് കണക്കുകൾ, 31/03/2025 ലെ ബാലൻസ് ഷീറ്റ് (ബാക്കിപത്രം), ഓഡിറ്റ് റിപ്പോർട്ട് എന്നിവ അംഗീകരിക്കൽ.

2. കൗൺസിലിന്റെ ഓഡിറ്ററുടെ നിയമനം സംബന്ധിച്ച് താഴെപ്പറയുന്ന പ്രമേയം അംഗീകരിക്കുക.
   "കമ്പനി നിയമം 2013, വകുപ്പ് 139, അനുബന്ധ വകുപ്പുകൾ എന്നിവ പ്രകാരം അടുത്ത വാർഷിക പൊതുയോഗം വരെയുള്ള കാലാവധിക്ക് M/s. ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, കൊച്ചി –യെ കൗൺസിലിന്റെ ഓഡിറ്റർമാരായി നിയമനം നടത്തുവാനും അവരുടെ ഫീസ് നിശ്ചയിക്കുവാൻ ബോർഡിനെ ചുമതലപ്പെടുത്തുവാനും ഇതിനാൽ തീരുമാനിച്ചിരിക്കുന്നു".

### മറ്റ് പ്രത്യേക കാര്യപരിപാടികൾ

3. ഡയറക്ടർ ബോർഡ് അംഗമായിരുന്ന ശ്രീ. വില്യം അന്തോണി സ്വാമി (DIN:09783784) ഈ പൊതുയോഗത്തിൽ വിരമിക്കുന്നു. ഈ ഒഴിവിലേക്ക് (പൊതുവിഭാഗം) ഓഹരി ഉടമകളായ സ്വാശ്രയ സംഘ (എസ്.എച്ച്.ജി) – ങ്ങളുടെ പ്രതിനിധികളിൽ നിന്നും ഒരു അംഗത്തെ തെരഞ്ഞെടുക്കുക.

4. ഡയറക്ടർ ബോർഡ് വനിതാവിഭാഗം അംഗത്തിന്റെ നികത്തേണ്ട ഒഴിവിലേക്ക് ഓഹരി ഉടമകളായ സ്വാശ്രയ സംഘ (എസ്.എച്ച്.ജി) –ങ്ങളുടെ പ്രതിനിധികളിൽ നിന്നും ഒരു അംഗത്തെ (വനിതാവിഭാഗം) തെരഞ്ഞെടുക്കുക.

5. ഡയറക്ടർമാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച്:
   കേരള സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ നിയമിച്ചിരിക്കുന്ന ശ്രീമതി. ബിജിമോൾ കെ ബേബി ഡയറക്ടർ ആന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധിക ചുമതലയാണ് വഹിക്കുന്നത്. ആയതിനാൽ കൗൺസിലിൽ നിന്നും ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റുന്നില്ല. ഇത് പൊതുയോഗം മുമ്പാകെ അറിയിക്കുന്നു.

**കമ്പനി നിയമം 2013 സെക്ഷൻ 102 പ്രകാരം പ്രത്യേക കാര്യപരിപാടി ഉൾപ്പെടുത്തിയതിനുള്ള വിശദീകരണം:**

ഐറ്റം നമ്പർ 3 & 4, ഡയറകട്ർ ബോർഡ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്: ഡയറകട്ർ ബോർഡ് അംഗമായിരുന്ന ശ്രീ. വില്യം അന്തോണി സ്വാമിയുടെ (DIN:09783784) (പൊതുവിഭാഗം), കാലാവധി 24–ാമത് വാർഷിക പൊതുയോഗത്തിൽ അവസാനിക്കുകയാണ്. കൂടാതെ ഡയറക്ടർ ബോർഡ് വനിതാവിഭാഗം അംഗത്തിന്റെ ഒഴിവും നികത്തേണ്ടതാണ്. ഈ ഒഴിവുകളിലേയ്ക്ക് ആർട്ടിക്കിൾസ് ഓഫ് അസ്സോസ്സിയേഷൻ പ്രകാരം, പുതിയ പ്രതിനിധിയെ നിയമിക്കുന്നതിന് തെരഞ്ഞെടുപ്പ് നടത്തപ്പെടണം. നോമിനേഷൻ ലഭിച്ചതിന്റെ വിശദാംശങ്ങൾ, പൊതുയോഗത്തിന് 10 ദിവസം മുൻപായി എല്ലാ ഓഹരിയുടമകളെയും അറിയിക്കും.

ഐറ്റം നമ്പർ 5, ഡയറക്ടർമാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച് : കൗൺസിലിന്റെ ഡയറക്ടർ ആന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധിക ചുമതല വഹിക്കുന്ന ശ്രീമതി. ബിജിമോൾ കെ ബേബി കൗൺസിലിൽ നിന്നും ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റുന്നില്ല. ഇത് പൊതു യോഗം മുമ്പാകെ അറിയിക്കുന്നതിന്.

ഭരണസമിതിയ്ക്കുവേണ്ടി

(ഒപ്പ്)

സ്ഥലം : കൊച്ചി
തീയ്യതി : 29/08/2025

ബിജിമോൾ കെ ബേബി
ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

*കുറിപ്പ് :* പൊതുയോഗത്തിൽ പങ്കെടുക്കുവാനും വോട്ട് ചെയ്യുവാനും അർഹരായ ഓഹരി ഉടമകൾക്ക്, നേരിട്ട് ഹാജരാകാൻ പറ്റാത്ത പക്ഷം പൊതുയോഗത്തിൽ പങ്കെടുക്കുവാനും വോട്ട് രേഖപ്പെടുത്തുവാനും ഒരു അംഗത്തെ (പ്രോക്സി) നിയോഗിക്കാവുന്നതാണ്. പകരക്കാരനെ നിയോഗിക്കുവാനുള്ള പ്രോക്സി ഫോമുകൾ കൗൺസിലിന്റെ ആസ്ഥാനത്ത് (കാക്കനാട്) പൊതുയോഗ സമയത്തിന് 48 മണിക്കൂർ മുമ്പ് ലഭിച്ചിരിക്കണം. (ഓഹരി ഉടമകൾക്ക് പ്രോക്സിഫോമുകൾ ഇതിനായി അയച്ചുതന്നിട്ടുണ്ട്.)

CIN : U01121KL2001NPL014473

# ഡയറക്ടർ ബോർഡിന്റെ റിപ്പോർട്ട്

**പ്രിയപ്പെട്ട ഓഹരി ഉടമകളെ,**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ) യുടെ 24–ാമത് വാർഷിക റിപ്പോർട്ടും 2024–25 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും ഓഹരിയുടമകളുടെ അവലോകത്തിനായി സമർപ്പിക്കുന്നു.

കേരളത്തിന്റെ പഴം–പച്ചക്കറി മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരളത്തിലെ 14 ജില്ലകളിലുമുള്ള പഴം പച്ചക്കറി കർഷകർക്ക് വരുമാന വർദ്ധനവിലൂടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തിലൂന്നിയ പ്രവർത്തനങ്ങളാണ് കൗൺസിൽ നടപ്പിലാക്കി വരുന്നത്.

**കൗൺസിലിന്റെ പ്രവർത്തനങ്ങളും കർഷകർക്ക് നൽകുന്ന സേവനങ്ങളും**

കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ അടിത്തറ സ്വാശ്രയസംഘങ്ങളാണ് (SHG). വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരും പതിനഞ്ചു മുതൽ ഇരുപതുവരെ അടുത്തടുത്ത് താമസിക്കുന്നവരുമായ കർഷകരാണ് ഈ സ്വാശ്രയ സംഘത്തിലെ അംഗങ്ങൾ. ഈ സ്വാശ്രയസംഘങ്ങളെ നയിക്കുന്നത് ഉൽപ്പാദനം, വായ്പ, വിപണനം തുടങ്ങിയ മേഖലകളിൽ പരിശീലനം നേടിയ 'മാസ്റ്റർ കർഷകരാണ്'. വിത്ത് മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾക്ക് സാങ്കേതിക ഉപദേശങ്ങളും പരിശീലനങ്ങളും ഓരോ കർഷകനും ആവശ്യാനുസരണം നൽകുന്ന രീതിയിലാണ് കൗൺസിൽ പ്രവർത്തിക്കുന്നത്. സാങ്കേതിക കൃഷി വ്യാപനം (ജൈവകൃഷിക്ക് ഊന്നൽ നൽകുന്നു), വായ്പാ–ഇൻഷൂറൻസ് പദ്ധതികൾ, കർഷകപരിശീലനങ്ങൾ, വിത്തും ജൈവവളങ്ങളും അടങ്ങിയ ഉൽപാദന ഉപാധികൾ ലഭ്യമാക്കുക, മണ്ണിന്റെ മൂലക അപര്യാപ്തത നിർണ്ണയിച്ച് അതിനുള്ള ശുപാർശ നൽകുക, വിപണന സഹായം തുടങ്ങിയവയാണ് കർഷകർക്ക് നൽകുന്ന പ്രധാന സേവനങ്ങൾ. ഇതിനുപുറമെ, ഗാർഹിക പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനും പഴം പച്ചക്കറി കയറ്റുമതി പ്രോത്സാഹനത്തിനും കൗൺസിൽ മുൻകൈ എടുക്കുന്നുണ്ട്.

കൗൺസിലിന്റെ പ്രവർത്തനങ്ങളേയും, കർഷകർക്ക് നൽകുന്ന സേവനങ്ങളേയും, പദ്ധതികളേയും കുറിച്ച് പ്രവർത്തന റിപ്പോർട്ടിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

**2024 – 25 വർഷത്തെ സാമ്പത്തിക അവലോകനം**

**പദ്ധതികൾക്കുള്ള ധനസഹായം**

ഈ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കേരള സർക്കാരിൽ നിന്നും (പ്ലാൻ ഫണ്ട് വിഹിതം) 13.97 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതികൾക്കായി 46.73 ലക്ഷം രൂപയും, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾക്കായി 1.43 കോടി രൂപയും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

**2024 – 25 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

2024–25 സാമ്പത്തിക വർഷം വിവിധസംസ്ഥാന സർക്കാർ പദ്ധതികൾക്കായി 13.66 കോടിരൂപയും RKVY പദ്ധതികൾക്കായി 1.94 കോടിരൂപയും SHM പദ്ധതികൾക്കായി 3.44 കോടി

രൂപയും മറ്റ് പദ്ധതികൾക്കായി 77.37 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇവയെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് കൗൺസിൽ പ്രവർത്തന റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്.

2024–25 ലെ ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ പ്രകാരം, കൗൺസിലിന്റെ പദ്ധതിയേതര ചെലവ് 20.79 കോടി രൂപയാണ്. ഇതിനായി വിവിധ മേഖലകളിൽ നിന്നായി 11.80 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. കൂടാതെ റിവോൾവിംഗ് ഫണ്ട് ട്രസ്റ്റിൽ നിന്നും 6.00 കോടി രൂപയും കേരള സർക്കാരിൽ നിന്നും ലഭിച്ച 42.67 ലക്ഷം രൂപയും റിസ്ക് ഫണ്ട് ട്രസ്റ്റിൽ നിന്നും 22.02 ലക്ഷം രൂപയും ഇതിനായി വിനിയോഗിച്ചു. 2024–25 വർഷത്തെ മൊത്തം പ്രവർത്തന കമ്മി 2.34 കോടി രൂപയാണ്.

### 2025–26 വർഷത്തെ ബജറ്റ്

2025–26 സാമ്പത്തിക വർഷത്തേയ്ക്കുള്ള കൗൺസിലിന്റെ വാർഷിക ബജറ്റ് പ്രകാരം വിവിധ പദ്ധതികൾക്കായി കേരള സർക്കാരിൽ നിന്നും 47.00 കോടി രൂപ, ആർ.കെ.വി.വൈ യിൽ നിന്നും 4.64 കോടി രൂപ, എന്നിങ്ങനെ മൊത്തം 51.64 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

വാർഷിക ബജറ്റ് പ്രകാരം കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി 2025–26 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള പദ്ധതിയേതര ചെലവുകൾ 26.24 കോടി രൂപയാണ്. ഇതിലേയ്ക്കായി 42.67 ലക്ഷം രൂപയാണ് കേരള സർക്കാർ ബജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്നത്. വിവിധ വരുമാന പദ്ധതികൾ വഴിയായി 20.14 കോടി രൂപയും റിവോൾവിങ് ഫണ്ട് ട്രസ്റ്റിൽ നിന്നും 6.25 കോടി രൂപയും റിസ്ക് ഫണ്ട് ട്രസ്റ്റിൽ നിന്നും 18.00 ലക്ഷം രൂപയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 75.67 ലക്ഷം രൂപയുടെ മിച്ചം സൂചിപ്പിക്കുന്നു.

### 2025–26 സാമ്പത്തികവർഷം കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതികൾ

2025–26 സാമ്പത്തിക വർഷം കൗൺസിലിന് സംസ്ഥാനസർക്കാരിൽ നിന്നും അനുമതി ലഭിച്ചിരിക്കുന്ന പദ്ധതികളും അവയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു. പ്രസ്തുത പദ്ധതികൾ വർക്കിങ് ഗ്രൂപ്പിന്റെ അനുമതിയുടേയും സർക്കാർ ഉത്തരവിന്റേയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്.

### കേരള സർക്കാർ പദ്ധതികൾ

*(ലക്ഷം രൂപ)*

| | പദ്ധതികൾ | കൗൺസിൽ ബജറ്റ് പ്രകാരം | സർക്കാർ അനുമതി ലഭിച്ചത് |
|---|---|---|---|
| 1 | കർഷക വിപണികളുടെ വികസനം | 1031.00 | 500.00 |
| 2 | പച്ചക്കറി കൃഷി വികസനം | 2450.00 | 1800.00 |
| 3 | നടീൽ വസ്തുക്കളുടെ ഉൽപ്പാദനം/ വിതരണം | 119.00 | 100.00 |
| 4 | ജൈവ കൃഷി & ഉത്തമ കൃഷി മുറകൾ (GAP) | 75.00 | – |
| 5 | ചക്ക–സംഭരണം, വിപണനം, മൂല്യവർദ്ധനം | 25.00 | 25.00 |
| 6 | പച്ച തേങ്ങ സംഭരണം | 1000.00 | 1000.00 |
| | ആകെ | 4700.00 | 3425.00 |

## ആർ.കെ.വി.വൈ പദ്ധതികൾ

*(ലക്ഷം രൂപ)*

| | പദ്ധതികൾ | കൗൺസിൽ ബജറ്റ് പ്രകാരം | സർക്കാർ അനുമതി ലഭിച്ചത് |
|---|---|---|---|
| 1 | ജൈവ ഉൽപാദന ഉപാധി നിർമ്മാണ കേന്ദ്രം, കെ.ബി.കെ | 167.03 | 167.03 |
| 2 | കെ.ബി.കെ, കോഴിക്കോട് | 46.00 | – |
| 3 | എസ്.പി.പി, ആലത്തൂർ (ഗുണനിലവാരം മെച്ചപ്പെടുത്തൽ) | 25.50 | 25.50 |
| 4 | പി.പി.സി.കളുടെ ഉന്നമനവും വികസനവും | 125.00 | – |
| 5 | കെ.ബി.കെ & ബ്രാൻഡഡ് ഔട്ട്ലെറ്റ്, തിരിവനന്തപുരം | 100.00 | – |
| | ആകെ | 463.53 | 192.53 |

## എസ്. എച്ച്. എം പദ്ധതികൾ

*(ലക്ഷം രൂപ)*

| | പദ്ധതികൾ | കൗൺസിൽ ബജറ്റ് പ്രകാരം | സർക്കാർ അനുമതി ലഭിച്ചത് |
|---|---|---|---|
| 1 | വിത്ത് ഉൽപാദനം | – | 115.00 |
| | ആകെ | – | 115.00 |

## ഡയറക്ടർ ബോർഡ്

നിയമാനുസൃതം നിയമിക്കപ്പെട്ടിട്ടുള്ള കൗൺസിലിന്റെ ഡയറക്ടർ ബോർഡ്, കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ നേതൃത്വം നൽകി വരുന്നു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ചെയർമാനായ ഡയറക്ടർ ബോർഡിൽ, പ്രിൻസിപ്പൽ സെക്രട്ടറി & അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ബി. അശോക് (IAS), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ (IAS), ശ്രീ. ബിനു എൻ നായർ (ഡെപ്യൂട്ടി സെക്രട്ടറി ഫിനാൻസ്), വി.എഫ്.പി.സി.കെ സി.ഇ.ഒ ശ്രീമതി. ബിജിമോൾ കെ ബേബി എന്നിവർ പ്രതിനിധികളാണ്. കർഷക പ്രതിനിധികളായി നാല് അംഗങ്ങളാണ് ഉള്ളത്. 2024–25 സാമ്പത്തിക വർഷം 06.08.2024, 27.02.2025 എന്നീ തിയതികളിലായി 2 ബോർഡ് മീറ്റിങ്ങുകളാണ് നടന്നിട്ടുള്ളത്. 2024 സെപ്റ്റംബർ 26–ാം തീയതി നടന്ന കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ, കർഷക പ്രതിനിധിയായ ശ്രീ. ആന്റൊ പോൾ വിരമിക്കുകയും ഈ ഒഴിവിലേക്ക് ശ്രീ.കെ. ഷംസുദ്ദീനെ ഡയറക്ടർ ബോർഡിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. ശ്രീമതി. ഗീതാകുമരി ടി. ആർ (വനിതാ പ്രതിനിധി) വിരമിച്ച ഒഴിവിലേക്ക് വനിതാ പ്രതിനിധി സ്ഥാനത്തേക്ക് നോമിനേഷൻ ലഭിക്കാതിരുന്നതിനാൽ വനിതാ പ്രതിനിധിയെ തെരഞ്ഞെടുത്തിട്ടില്ല. ഡയറക്ടർ ബോർഡിലെ

കർഷക പ്രതിനിധിയായ ശ്രീ. എസ്. വില്ല്യം അന്തോണി സ്വാമി ഈ വാർഷിക പൊതുയോഗത്തിൽ വിരമിക്കുകയാണ്. വി.എഫ്.പി.സി.കെ ഡയറക്ടർ ബോർഡിൽ നിന്നും വിരമിച്ച എല്ലാവരുടേയും സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

**കൗൺസിൽ ജീവനക്കാർ**

2025 മാർച്ച് 31 ലെ കണക്കുകൾ പ്രകാരം കൗൺസിലിൽ 263 ജീവനക്കാരുണ്ട്.

**ഓഡിറ്റർമാർ**

കൗൺസിലിന്റെ ഓഡിറ്റർമാരായി M/s ജി വേണുഗോപാൽ കമ്മത്ത് & കമ്പനി, ചാർട്ടേർഡ് അക്കൗണ്ടന്റ്സിനെ കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ നിയമിക്കുകയുണ്ടായി. ടി ഓഡിറ്റർമാർ ഈ വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**വാർഷിക റിട്ടേണിന്റെ സംക്ഷിപ്തം**

വി.എഫ്.പി.സി.കെ, കമ്പനി നിയമം 2013 സെക്ഷൻ 92(3) പ്രകാരം കമ്പനിയുടെ വാർഷിക റിട്ടേൺ കമ്പനി വെബ്സൈറ്റിൽ (www.vfpck.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഊർജ്ജ സംരക്ഷണം, സാങ്കേതിക വിദ്യയുടെ അവലംബം, വിദേശനാണ്യത്തിന്റെ ആഗമന നിർഗ്ഗമനങ്ങൾ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി**

ഒരു വികസനോന്മുഖ സ്ഥാപനം എന്ന നിലയിൽ ഊർജ്ജ സംരക്ഷണം, സാങ്കേതിക വിദ്യയുടെ അവലംബം എന്നിവയുടെ റിപ്പോർട്ട് കൗൺസിലിന് ബാധകമല്ല. നിലവിൽ കൗൺസിലിന് ഈ വക ഉൽപ്പാദന പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല. കൂടാതെ വിദേശ നാണ്യ ആഗമന-നിർഗമനങ്ങൾ ഒന്നും തന്നെ 2024-25 സാമ്പത്തിക വർഷത്തിൽ ഇല്ല. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സംബന്ധിച്ച ചട്ടങ്ങളും കൗൺസിലിന് ബാധകമല്ല.

**ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളെയും മറ്റും സംബന്ധിച്ച്**

1. വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡിൽ നിന്നും ലഭ്യമാകേണ്ട 7,91,16,357/- രൂപ വി.എഫ്.പി.സി.കെ ഹൈടെക് പച്ചക്കറി തൈ ഉൽപാദനകേന്ദ്രത്തിനായി ലീസിന് നൽകിയ സ്ഥലത്തിന്റെ വിലയിലേയ്ക്ക് വകയിരുത്തി ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വി.എഫ്.പി.സി.കെ.യ്ക്ക് കൈമാറുവാൻ 21/07/2017 തീയ്യതിയിലെ മീറ്റിംഗിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഇപ്രകാരം പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറുന്നതിനുള്ള നടപടികൾ സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി റെവന്യൂ (എ) വകുപ്പിലേയ്ക്ക് റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടർ നൽകിയിട്ടുള്ളതാണ്. ഇതു പ്രകാരം റെവന്യൂ വകുപ്പ് മുഖാന്തരം നടപടികളൊന്നും സ്വീകരിക്കേണ്ടതായി കാണുന്നില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് (കത്ത് നമ്പർ.L9-226785/18). ഈ വിഷയം 29/03/2023 ലെ ബോർഡ് യോഗത്തിൽ ചർച്ച ചെയ്യുകയും, എറണാകുളം ജില്ലാ കളക്ടറുടെ കത്ത് ഉള്ളടക്കം ചെയ്ത് സർക്കാരിലേയ്ക്ക് തീരുമാനത്തിനായി സമർപ്പിക്കുന്നതിന് സി.ഇ.ഒ യെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇതു പ്രകാരം പ്രസ്തുത ഭൂമി വി.എഫ്.പി.സി.കെ യുടെ പേരിലേയ്ക്ക് മാറ്റിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട്, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതിൻ മേൽ അന്തിമ തീരുമാനം സർക്കാർ തലത്തിൽ (കൃഷി റെവന്യൂ വകുപ്പുകൾ മുഖേന) ആകേണ്ടതാകുന്നു.

2. കൗൺസിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക: കൗൺസിൽ ഭരണസമിതി നേരത്തേ അംഗീകരിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണം (കേരള സർക്കാറിന്റെ 10-ാമത് ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം), സർക്കാർ അനുവദിച്ചുകൊണ്ട്, G.O (Ms) No.70/2019

dated 31/05/2019 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെ തുടർന്ന്, ഓഗസ്റ്റ് 2014 മുതൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിരുന്നു. എന്നാൽ സാമ്പത്തിക കമ്മി കാരണം, ജൂലൈ 2014 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക കൊടുത്തു തീർത്തിട്ടില്ല. ഭാവിയിൽ, കൗൺസിലിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച്, ശമ്പളപരിഷ്കരണ കുടിശ്ശിക തവണകളായി കൊടുത്തു തീർക്കുന്നതിനുള്ള കാര്യം പരിഗണിക്കുന്നുണ്ട്. ഇതു സംബന്ധിച്ച കുടിശ്ശികയുടെ ആകെ തുക തിട്ടപ്പെടുത്തിയിരിക്കുന്നത് 5,81,50,947/- രൂപയാണ്.

3. (a) & (b). കൗൺസിൽ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ ബാധ്യതകളുടെ വാല്യുവേഷൻ: കൗൺസിൽ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ ബാധ്യതകൾക്കായി എൽ. ഐ.സി യുടെ അംഗീകൃത സ്കീമിൽ ചേർന്ന് തുക ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച ആക്ചൂറിയൽ വാല്യൂവേഷൻ അഞ്ച് വർഷം മുമ്പ് നടത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ വീണ്ടും ആക്ചൂറിയൽ വാല്യൂവേഷൻ നടത്താവുന്നതാണ്. കൗൺസിലിന്റെ സാമ്പത്തിക പരിമിതികൾ മൂലം ഈ സ്കീമിലേയ്ക്കുള്ള മുഴുവൻ തുകയും അടച്ച് തീർക്കാൻ കഴിഞ്ഞിട്ടില്ല.

## മറ്റ് പ്രധാനപ്പെട്ട വസ്തുതകൾ സംബന്ധിച്ച്

1. നാഷണൽ ഇൻഷുറൻസ് കമ്പനിയിൽ നിന്നും ലഭിക്കാനുള്ളത്: നാഷണൽ ഇൻഷുറൻസ് കമ്പനിയിൽ നിന്നും ലഭിക്കേണ്ട 71,43,424/- രൂപയുടെ ഇൻഷുറൻസ് കമ്മീഷൻ ലഭിക്കുന്നതിനായി വളരെ പരിശ്രമം നടത്തിയെങ്കിലും, നാഷണൽ ഇൻഷുറൻസ് കമ്പനിയുടെ ഭാഗത്ത് നിന്നും ഈ വിഷയത്തിൽ പുരോഗതിയൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ നിയമോപദേശം തേടുകയും കേരള ഹൈക്കോടതിയിൽ കേസ് (Vide W.P.(C)No.34880 of 2019) ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ഹീയറിംഗിനായി ഹൈക്കോടതി ഇനിയും ലിസ്റ്റ് ചെയ്തിട്ടില്ല. നിയമനടപടികൾ പുരോഗമിക്കുന്നു.

2. കൗൺസിലിന് പിരിഞ്ഞുകിട്ടുവാനുള്ള തുകകൾ പിരിഞ്ഞുകിട്ടുന്നതിൽ കാലതാമസം നേരിടുന്നതിനാൽ കൗൺസിൽ കൊടുത്തുതീർക്കുവാനുള്ള തുകകൾ കൊടുത്ത് തീർക്കുന്നതിലും അതിനനുസൃതമായ കാലതാമസം നേരിടുന്നുണ്ട്. MSME സപ്ലയേഴ്സിന് കൊടുത്തുതീർക്കുവാനുള്ള തുകകൾ താമസം വരുത്താതെ കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

3. കസ്റ്റംസ് ഡ്യൂട്ടി റീഫണ്ട്: കൗൺസിൽ അപ്പീൽ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 4,54,10,258/- രൂപ കസ്റ്റംസ് ഡ്യൂട്ടി റീഫണ്ട് അനുവദിച്ചുകൊണ്ട് കസ്റ്റംസ്, എക്സൈസ് & സെർവീസ് ടാക്സ് അപ്പലെറ്റ് ട്രൈബ്യൂണൽ (CESTAT) ന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ട് (Order No.2009/2023, dated 30/03/2023). കൗൺസിലിന്റെ അഡ്വക്കേറ്റ്സ് മേനോൻ & പൈ യിൽ നിന്നും ലഭിച്ച അഡ്വൈസ്, കസ്റ്റംസിന്റെ തുടർനടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് റീഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നാണ്. CESTATന്റെ ഉത്തരവിനെതിരെ കമ്മീഷണർ ഓഫ് കസ്റ്റംസ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ടി അപ്പീലിനെതിരെ കൗൺസിലും കൗണ്ടർ ഫയൽ ചെയ്തിട്ടുണ്ട്. ഹീയറിംഗിനായി ഹൈക്കോടതി കേസ് ഇനിയും ലിസ്റ്റ് ചെയ്തിട്ടില്ല. നിയമനടപടികൾ പുരോഗമിക്കുന്നു.

4. ഇൻകം ടാക്സ് അസ്സസ്സ്മെന്റ്: കൗൺസിൽ, കമ്പനി നിയമം 2013, വകുപ്പ് 8 പ്രകാരം, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കൂടാതെ, ഇൻകം ടാക്സ് ആക്റ്റ്, 1961 വകുപ്പ് 12A പ്രകാരവും കൗൺസിൽ രെജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു. അപ്രകാരം, ഇൻകം ടാക്സ് ആക്റ്റ് വകുപ്പ് 11 പ്രകാരം, കൗൺസിലിന്റെ ഇൻകം ടാക്സ് അസ്സസ്സ്മെന്റ് നടത്തപ്പെടുകയും ടാക്സ് എക്സംപ്ഷൻ 2008-09 വരെ അനുവദിക്കുകയും ചെയ്തിരുന്നു. പക്ഷേ, 2009-10 അസ്സസ്സ്മെന്റ് വർഷം മുതൽ, ഇൻകം ടാക്സ് ആക്റ്റ് വകുപ്പ് 11 പ്രകാരമുള്ള കൗൺസിലിന്റെ ടാക്സ് എക്സംപ്ഷൻ നിരസിച്ചുകൊണ്ട്, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് അസസ്സ്മെന്റ് നടത്തുകയുണ്ടായി. അപ്രകാരം, അസ്സസ്സ്മെന്റ് വർഷം 2009-10 മുതലുള്ള കാലയളവിലെ 10,08,98,209/- രൂപയുടെ ടാക്സ് ഡിമാന്റ് ഇപ്പോൾ നിലവിലുണ്ട്. ഇതിനെതിരെ കൗൺസിൽ ഓരോ വർഷവും കമ്മീഷണർ ഓഫ് ഇൻകം ടാക്സ് (അപ്പീൽസ്), കൊച്ചി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ഹൈക്കോടതിയിൽ നിന്നും സ്റ്റേ നേടിയിട്ടുള്ളതുമാണ്. അപ്പീലിൻ മേൽ തുടർനടപടികൾ യഥാസമയം സ്വീകരിക്കുകയും, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്ന വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തുപോരുന്നുണ്ട്. ഇതിനായി M/s ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി, ചാർട്ടേർഡ് അക്കൗണ്ടന്റ്സിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാകുന്നു.

5. ഓഡിറ്റ് റിപ്പോർട്ടിൽ പാരാമർശിച്ച അഡ്വാൻസ് തുകകൾ വിവിധ കൃഷിഭവനുകൾക്കായി ട്രഷറി വഴി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്നതിൽ കാലതാമസം വന്നതിനാലും മറ്റ് കാരണങ്ങളാലും സപ്ലൈ വൈകിയെങ്കിലും ഇവയിൽ പലതും പിന്നീട് സപ്ലൈ ചെയ്ത് തീർത്തിട്ടുള്ളതും സപ്ലൈ നടന്ന് കൊണ്ടിരിക്കുന്നതുമാണ്. ഈ അഡ്വാൻസ് തുകകൾ സെറ്റിൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

6. കൃഷിഭവനുകൾ, LSGDകൾ തുടങ്ങിയവക്ക് നൽകിയ വിത്തുകളുടെയും ഇൻപുട്സുകളുടെയും വില സർക്കാർ ട്രഷറിയിൽ നിന്നും ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കുന്നത് ആർ.റ്റി.ജി.എസ്/എൻ.ഇ.എഫ്.റ്റി സംവിധാനം വഴിയാണ്. ഇങ്ങനെ ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുകകളുടെ വിശദാംശങ്ങൾ ലഭിക്കുന്നതിനായി സാധ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുകയും, അതുപ്രകാരം വിശദാംശങ്ങൾ ലഭ്യമാക്കുകയും, അവ ശരിയായി അക്കൗണ്ട് ചെയ്തിട്ടുമുണ്ട്. എന്നിരുന്നാലും വിശദാംശങ്ങൾ ഇനിയും ലഭ്യമായിട്ടില്ലാത്തവയുടെ കാര്യത്തിൽ അവയുടെ വിശദാംശങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുവേണ്ടി ആവശ്യമായ എല്ലാ നടപടികളും എടുക്കുന്നുണ്ട്.

## ഡയറക്ടർമാരുടെ ഉത്തരവാദിത്വ പ്രസ്താവന

കമ്പനി നിയമം 2013 വകുപ്പ് 134 പ്രകാരം ഡയറക്ടർമാർ താഴെ പറയുന്ന കാര്യങ്ങൾ സ്ഥിരീക രിക്കുന്നു.

1. വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ പ്രസക്തമായ അക്കൗണ്ടിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചിട്ടുണ്ട്.
2. സാമ്പത്തിക വർഷം അവസാനത്തെ കമ്പനിയുടെ സ്ഥിതിയും ഈ കാലയളവിലെ മിച്ചവും സംബന്ധിച്ച് സത്യസന്ധവും നീതിയുക്തവുമായ വീക്ഷണം സാധ്യമാകുന്നതിന് വേണ്ടി അക്കൗണ്ടിംഗ് നയങ്ങൾ തെരെഞ്ഞെടുക്കുകയും അവ ഉചിതമായി പ്രയോഗിക്കുകയും,

വിവേകപരവും ന്യായവുമായ നിർണ്ണയങ്ങളും വിലമതിപ്പുകളും നടത്തുകയും ചെയ്തിട്ടുണ്ട്.

3. കമ്പനി നിയമപ്രകാരം എല്ലാ വസ്തുവകകളും സംരക്ഷിക്കുന്നതിന് വേണ്ടിയും മറ്റ് കൃത്രിമങ്ങളും ക്രമക്കേടുകളും തടയുന്നതിനു വേണ്ടിയും ഡയറക്ടർമാർ എല്ലാ വിധത്തിലുമുള്ള ശ്രദ്ധയും എടുത്തിട്ടുണ്ട്.
4. വാർഷിക കണക്കുകൾ ഗോയിംഗ് കൺസേൺ (Going Concern) അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്.
5. കൗൺസിലിന്റെ പ്രവർത്തനത്തിനനുസൃതമായി ഇന്റേണൽ കൺട്രോൾസ് നിലവിലുണ്ട്.
6. കൗൺസിലിന് ബാധകമായിട്ടുള്ള പ്രകാരം പൊതുവായ നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനം കൗൺസിലിൽ നിലവിലുണ്ട്.

## കൃതജ്ഞത

കൗൺസിലിന്റെ 2024–25 വർഷത്തെ പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തട്ടെ. കേരള സർക്കാരിന്റെ സഹായവും സഹകരണവും പ്രത്യേകം എടുത്തു പറയേണ്ടതാണ്. കൗൺസിലിന്റെ വളർച്ചയിൽ കാലാനുസൃതമായ ഉപദേശ നിർദ്ദേശങ്ങൾ തരുന്നതിലും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലും സർക്കാർ കാണിക്കുന്ന ശ്രദ്ധ നന്ദിപൂർവ്വം സ്മരിക്കുവാൻ ഈ അവസരം ഉപയോഗിക്കട്ടെ. കൗൺസിലിന്റെ ഭാഗമായ കർഷകർക്ക് തുടർച്ചയായി സാമ്പത്തിക സഹായം നൽകി വരുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, രാഷ്ട്രീയ കൃഷി വികാസ് യോജന, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, സെൻട്രൽ എസ്.എഫ്.എ.സി എന്നിവയോടും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. കൗൺസിലിന്റെ പ്രവർത്തന പങ്കാളികളായ വിവിധ ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു സർവ്വീസ് സ്ഥാപനങ്ങൾ എന്നിവരെയും ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. കൂടാതെ കൗൺസിലിന്റെ എല്ലാ ജീവനക്കാരേയും അഡ്വൈസർമാരേയും അവരുടെ സേവനങ്ങൾക്കുള്ള ബോർഡിന്റെ കൃതജ്ഞത അറിയിക്കുന്നു. കൗൺസിലിന്റെ വിവിധ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാ കർഷകരേയും ഡയറക്ടർ ബോർഡ് പ്രത്യേകമായി അഭിനന്ദിക്കുന്നു.

(ഒപ്പ്)

ശ്രീ. പി. പ്രസാദ് (അദ്ധ്യക്ഷൻ)

ബഹു. കൃഷി വകുപ്പ് മന്ത്രി

കേരള സർക്കാർ

തിരുവനന്തപുരം

29/08/2025

**ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്**

വേണുഗോപാൽ ആർക്കേഡ്, പുളിഞ്ചോട് ജങ്ഷൻ, ആലുവ, എറണാകുളം 683 101

# ഇൻഡിപ്പെൻഡന്റ് ഓഡിറ്റേഴ്സ് റിപ്പോർട്ട്

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം ഓഹരിയുടമകൾക്ക്, സാമ്പത്തിക പത്രികകളെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (കൗൺസിൽ/കമ്പനി) എന്ന സ്ഥാപനത്തിന്റെ ഇതോടൊപ്പമുള്ള സാമ്പത്തിക പത്രികകൾ – 31.03.25 ലെ ബാക്കിപത്രവും (ബാലൻസ് ഷീറ്റ്) അന്നേ ദിവസം അവസാനിക്കുന്ന സാമ്പത്തിക വർഷത്തിലെ വരവ് ചെലവ് കണക്കുകളും ക്യാഷ്ഫ്ളോ സ്റ്റേറ്റ്മെന്റും കണക്കുകളെ സംബന്ധിച്ച പ്രസക്ത നയങ്ങളും കുറിപ്പുകളും വിശദീകരണങ്ങളും ഞങ്ങൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്.

ഞങ്ങളുടെ അഭിപ്രായത്തിൽ ഞങ്ങൾക്ക് ലഭ്യമായ വിവരങ്ങളും വിശദീകരണങ്ങളും പ്രകാരം, താഴെ ‘അഭിപ്രായങ്ങളുടെ അടിസ്ഥാനം’ ഖണ്ഡികയിൽ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ, മേൽ പറഞ്ഞ കണക്കുകൾ കമ്പനിനിയമത്തിൽ അനുശാസിക്കുന്നതും ഇന്ത്യയിൽ പൊതുവായി സ്വീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസരിച്ചും, 2025 മാർച്ച് 31 ലെ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയും, അന്നേ ദിവസം അവസാനിച്ച സാമ്പത്തിക വർഷത്തിലെ കമ്പനിയുടെ മിച്ചം/കമ്മി, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് എന്നിവയും, സത്യസന്ധവും നീതിയുക്തവുമായ വീക്ഷണം നൽകുന്നുണ്ട്.

**അഭിപ്രായങ്ങളുടെ അടിസ്ഥാനം**

1. വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡിന് നൽകിയ ദീർഘകാല വായ്പ (പലിശയുൾപ്പെടെ) 7,91,16,357/- രൂപയുടെ (കുറിപ്പ് 12) തവണകൾ ഓവർഡ്യൂ ആയിട്ടുണ്ട്. വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിയുടെ ആസ്തികളിന്മേൽ ഫസ്റ്റ് ചാർജ്ജ് ആയി ദീർഘ കാല വായ്പ സുരക്ഷിതമാക്കിയിട്ടുണ്ട് എന്ന് കമ്പനി അവകാശപ്പെടുന്നുണ്ട്. ചാർജ്ജ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത് മുൻ സ്ഥാപനമായ നടുക്കര അഗ്രോ പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡിന്റെ പേരിലാണ്. ഹൈ ടെക് സീഡ്ലിംഗ് യൂണിറ്റ് (HVSPC) സ്ഥാപിക്കുന്നതിന് വേണ്ടി കൈമാറിയ സ്ഥലത്തിന്റെ വിലയിലേക്ക്, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിയിൽ നിന്നും ലഭിക്കാനുള്ള തുക അഡ്ജസ്റ്റ് ചെയ്ത്, ഈ തുക സെറ്റിൽ ചെയ്യേണ്ടതുള്ളതുകൊണ്ട്, നടപ്പ് വർഷം മേൽ പറഞ്ഞിരിക്കുന്ന വായ്പയിൻ മേൽ പലിശയൊന്നും ചാർജ് ചെയ്തിട്ടില്ല. പ്രസ്തുത സെറ്റിൽമെന്റ് ഇതുവരെയും നടന്നിട്ടില്ല.

2. ജീവനക്കാർക്കുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക 1/7/2014 മുതൽ നൽകാനുള്ള ബാധ്യതക്ക് വേണ്ടി വകയിരുത്തലുകളൊന്നും കൗൺസിൽ നടത്തിയിട്ടില്ല. തൽഫലമായി

കൗൺസിലിന്റെ ബാധ്യതകളും തന്നാണ്ട് കമ്മിയും കുറവായാണ് സാമ്പത്തിക പത്രികകളിൽ പ്രതിഫലിച്ചിരിക്കുന്നത്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഈ വിഷയം പെന്റിംഗിലാണ്. സാമ്പത്തിക പത്രികകളിൻ മേൽ അതിന്റെ ഇംപാക്റ്റ് പറയുവാൻ കഴിയുന്നില്ല.

3. (a) നടപ്പുവർഷം ഗ്രൂപ്പ് ഗ്രാറ്റുവിറ്റി ബാധ്യതയ്ക്കുള്ള 2,50,000/- രൂപയും, ലീവ് എൻക്യാഷ്മെന്റ് ബാധ്യതയ്ക്കുള്ള 6,00,000/- രൂപയും LIC യുടെ ഇതിനായുള്ള സ്കീമുകളിലേയ്ക്ക് അടച്ചിട്ടുണ്ട് (കുറിപ്പ് 21). എങ്കിലും ഇത് ICAI യുടെ AS-15 എംപ്ലോയീസ് ബെനെഫിറ്റ്സ്, കമ്പനീസ് (അക്കൗണ്ട്സ്) റൂൾ 7, 2014 എന്നിവ പ്രകാരം ഏതെങ്കിലും ആക്ചറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതല്ല. ഇതിനായി താഴെ (b) പറയും പ്രകാരം വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്.

(b) ലഭ്യമായ അനുമാനങ്ങളുടെ അടിസ്ഥാനത്തിൽ, എൽ.ഐ.സി.യിലുള്ള മുകളിൽ പറഞ്ഞിരിക്കുന്ന സ്കീം ഫണ്ടുകളിൽ നടപ്പ് വർഷാവസാനത്തിൽ 2,19,23,886/- രൂപയുടെ കമ്മി കാണിക്കുന്നുണ്ട്. ഫണ്ട് ബാലൻസ് നിർണ്ണയത്തെ സ്വാധീനിക്കുന്ന വസ്തുതകൾ കൗൺസിൽ വിശദീകരിക്കുകയും, വരവ് ചെലവ് കണക്കുകളിൽ 20% വകയിരുത്തലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. തൽഫലമായി വരവു ചെലവു കണക്കുകളിലെ കമ്മി അത്രത്തോളം കുറവാണ്.

**മറ്റ് പ്രധാനപ്പെട്ട വസ്തുതകൾ**

1. നാഷണൽ ഇൻഷൂറൻസ് കമ്പനിയിൽ നിന്നും ലഭിക്കാനുള്ളതായ കോർപ്പറേറ്റ് ഇൻഷൂറൻസ് ഏജൻസി കമ്മീഷൻ 71,43,424/- രൂപയ്ക്ക് (കുറിപ്പ് 15) പ്രൊവിഷൻ ആയി മുൻവർഷങ്ങളിൽ 21,91,340/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇൻഷൂറൻസ് റെഗുലേറ്ററി ഡെവലപ്പ്മെന്റ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ചട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഇനിയും പൂർത്തിയാകുവാനുള്ളതിനാൽ 2016 വരെ ലഭിക്കാനുള്ള കമ്മീഷൻ തുക ഇൻഷൂറൻസ് കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല.

2. MSME സപ്ലയേഴ്സിന് കൊടുത്ത് തീർക്കുവാനുള്ള 15,20,630/- രൂപ 45 ദിവസ പരിധി കഴിഞ്ഞവയാണ്. ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 43B(h), കമ്പനീസ് ആക്റ്റ് ഷെഡ്യൂൾ III എന്നിവ പ്രകാരം ഈ തുകയിൻമേൽ പലിശ വകയിരുത്തേണ്ടതാകുന്നു. പലിശയിനത്തിൽ വകയിരുത്തലുകളൊന്നും നടത്തിയിട്ടില്ല.

3. 4,54,10,258/- രൂപയുടെ ഇറക്കുമതി തീരുവ റീഫണ്ട് ക്ലെയിം, കസ്റ്റംസ്, എക്സൈസ് & സെർവീസ് ടാക്സ് അപ്പലെറ്റ് ട്രിബ്യൂണൽ (CESTAT) ഓർഡർ നമ്പർ 2009/2023 തീയ്യതി 03/03/2023 പ്രകാരം, കസ്റ്റംസ് അപ്പീൽ നമ്പർ 477/2007-ന് മേൽ, കൗൺസിലിന്

അനുകൂലമായി വിധിച്ചിട്ടുണ്ട് (കുറിപ്പ് 13). ഇറക്കുമതി തീരുവ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ കൗൺസിൽ എടുത്തുകൊണ്ടിരിക്കുന്നു.

4. കൗൺസിലിന്റെ കണക്കുകളിൽ കുറിപ്പ് 23 ൽ പ്രതിപാദിച്ചിരിക്കുന്നത് – കൗൺസിലിന്റെ ഇൻകം ടാക്സ് അസ്സസ്സ്മെന്റുകൾ ഒരു ട്രസ്റ്റ് എന്ന നിലയിലുള്ള എക്സംപ്ഷൻ അംഗീകരിക്കാതെ, ബിസിനസ്സ് ഇൻകം എന്ന നിലയിലാണ് നടന്നിരിക്കുന്നത്. ഇതു പ്രകാരം 10,08,98,209/– രൂപയുടെ ഇൻകം ടാക്സ് ഡിമാന്റ് നിലനിൽക്കുന്നു. ഈ അസ്സസ്സ്മെന്റുകൾക്കെതിരായി, കമ്മീഷണർ ഓഫ് ഇൻകം ടാക്സ് (അപ്പീൽസ്) മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ അപ്പീലുകളിൻമേൽ ഇപ്പോഴും തീരുമാനമായിട്ടില്ല.

5. കൗൺസിലിന്റെ കണക്കുകളിൽ കുറിപ്പ് 8 ൽ പ്രതിപാദിച്ചിരിക്കുന്ന മുൻകൂർ ലഭിച്ചവയിൽ 54,84,667/– രൂപ 365 ദിവസത്തെ സമയപരിധി കഴിഞ്ഞവയാകുന്നു. ആകയാൽ, അത് കമ്പനീസ് (അക്സപ്റ്റെൻസ് ഓഫ് ഡെപോസിറ്റ്സ്) റൂൾസ് 2014 പ്രകാരം ‘ഡെപോസിറ്റ്സ്’ എന്ന നിർവ്വചനത്തിൽ വരുന്നു.

6. പിരിഞ്ഞു കിട്ടുവാനുള്ള തുകകളുടെ ഏജിങ്ങ് അനാലിസിസ് കൗൺസിൽ നടത്തിയിട്ടുണ്ട്. പക്ഷെ, പിരിഞ്ഞ് കിട്ടുവാനുള്ള തുകകൾ (പ്രധാനമായും സർക്കാരിൽ നിന്നും ലഭിക്കുന്നവ) വലിയ തുകകളായി ലഭിക്കുമ്പോൾ അവയുടെ ബിൽ ബൈ ബിൽ സെറ്റിൽമെന്റ് നടക്കുന്നില്ല. പ്രസ്തുത തുകകൾ ഡെബ്റ്റേർസ് കളക്ഷൻ അക്കൗണ്ടിൽ 62,78,746/– രൂപ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

മേൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളിൽ ഞങ്ങളുടെ അഭിപ്രായം ക്വാളിഫൈഡ് ഒപ്പീനിയൻ അല്ല.

**സാമ്പത്തിക പത്രികകൾ ഒഴിച്ചുള്ള മറ്റ് കാര്യങ്ങളും ബന്ധപ്പെട്ട ഓഡിറ്റേഴ്സ് റിപ്പോർട്ടും**

മറ്റ് വിവരങ്ങൾ കൗൺസിലിന്റെ ഭരണസമിതിയുടെ ഉത്തരവാദിത്വത്തിൽ വരുന്നവയാണ്. കൗൺസിലിന്റെ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുന്നതും, എന്നാൽ സാമ്പത്തിക പത്രികകളുടെ ഭാഗമല്ലാത്തതും ഞങ്ങളുടെ ഓഡിറ്റേർസ് റിപ്പോർട്ടിൽ ഉൾപ്പെടാത്തവയുമാണ് മറ്റ് വിവരങ്ങൾ.

സാമ്പത്തിക പത്രികകളെക്കുറിച്ചുള്ള ഞങ്ങളുടെ അഭിപ്രായപരിധിയിൽ മറ്റ് വിവരങ്ങൾ വരുന്നില്ല. അതിന്റെ ഉപസംഹാരത്തെക്കുറിച്ച് എന്തെങ്കിലും അഭിപ്രായപ്രകടനവും ഞങ്ങൾ നടത്തുന്നില്ല.

സാമ്പത്തിക പത്രികകളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട്, വാർഷിക റിപ്പോർട്ടിലെ മറ്റ് വിവരങ്ങളും വായിച്ച് മനസ്സിലാക്കുക എന്നുള്ളത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്. തദവസരത്തിൽ, ഏതെങ്കിലും വിവരങ്ങൾ സാമ്പത്തിക പത്രികകളുമായോ അല്ലെങ്കിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് ലഭ്യമായ വസ്തുതകളുമായോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലോ ഗുരുതരമായ പൊരുത്തക്കേടുകളുണ്ടോയെന്നും ശ്രദ്ധിക്കുന്നുണ്ട്.

അങ്ങനെയെന്തെങ്കിലും പൊരുത്തക്കേടുകൾ ഉള്ളതായി, ഞങ്ങളുടെ ഓഡിറ്റിന്റേയും പരിശോധനകളുടേയും അടിസ്ഥാനത്തിൽ, ഞങ്ങൾക്ക് ബോധ്യമാകുന്ന പക്ഷം പ്രസ്തുത കാര്യങ്ങൾ ഞങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അങ്ങനെ റിപ്പോർട്ട് ചെയ്യേണ്ടതായ ഒന്നും ഞങ്ങളുടെ ശ്രദ്ധയിൽ വന്നിട്ടില്ല.

**സാമ്പത്തിക പത്രികകളിൻമേലുള്ള മാനേജ്മെന്റിന്റെ ഉത്തരവാദിത്വം**

ഈ സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി നിയമം വകുപ്പ് 134(5)ൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ കമ്പനിയുടെ ഭരണസമിതിയുടെ ഉത്തരവാദിത്വത്തിൽ വരുവന്നയാണ്. അവ കമ്പനി നിയമത്തിലെ വകുപ്പ് 133 ൽ പ്രതിപാദിച്ചിട്ടുള്ള അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ, ഇൻഡ്യയിൽ പൊതുവിൽ സ്വീകാര്യമായിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾ എന്നിവ പ്രകാരം കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെയും സാമ്പത്തിക പ്രകടനത്തെയും സംബന്ധിച്ച് സത്യസന്ധവും നീതിയുക്തവുമായ വീക്ഷണം നൽകുന്നുണ്ട്. കമ്പനിയുടെ ആസ്തികൾ സംരക്ഷിക്കുന്നതിനും കൃത്രിമങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടി കമ്പനി നിയമത്തിലെ വകുപ്പുകൾ പ്രകാരം റെക്കോർഡുകൾ ഉണ്ടാക്കുക എന്നത് ഭരണ സമിതിയുടെ ഉത്തരവാദിത്വത്തിൽ പെടുന്നു. അനുയോജ്യമായ അക്കൗണ്ടിംഗ് നയങ്ങൾ തെര ഞ്ഞെടുക്കുന്നതും, യോജിച്ച തീരുമാനങ്ങളും അനുമാനങ്ങളും സ്വീകരിക്കുന്നതും സാമ്പത്തിക പത്രികകൾ സാരമായ അപാകതകൾ ഇല്ലാത്തതാണെന്നും, സത്യസന്ധവും നീതിയുക്തവും ആയതാണെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതും ഭരണസമിതിയുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുന്നു.

സാമ്പത്തിക പത്രികകൾ തയ്യാറാക്കുമ്പോൾ, ഒരു സ്ഥായിയായ സ്ഥാപനമായി തുടരുന്നതിനുള്ള കൗൺസിലിന്റെ ശേഷി വിലയിരുത്തുകയും, മനേജ്മെന്റിന് സ്ഥാപനം നിർത്തലാക്കാനോ അല്ലെങ്കിൽ പ്രവർത്തനങ്ങൾ നിർത്തിവെക്കുവാനോ അല്ലെങ്കിൽ അങ്ങനെ ചെയ്യാതിരിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതിരിക്കുകയോ ആയ സാഹചര്യങ്ങളിൽ ഒഴികെ, ആവശ്യമായ സന്ദർഭങ്ങളിൽ കൗൺസിൽ ഒരു സ്ഥായിയായ സ്ഥാപനമായി നിൽക്കുന്നതുമായി ബന്ധപ്പെട്ട വസ്തുതകളും അതിനെ അടിസ്ഥാനമാക്കിയുള്ള അക്കൗണ്ടിങ്ങ് രീതിയും വെളിപ്പെടുത്തുകയും മനേജ്മെന്റിന്റെ ഉത്തരവാദിത്വം ആണ്.

കൗൺസിലിന്റെ സാമ്പത്തിക റിപ്പോർട്ടിംഗ് സംവിധാനം നിരീക്ഷിക്കേണ്ടതും ഭരണസമിതിയുടെ ഉത്തരവാദിത്വമാണ്.

**സാമ്പത്തിക പത്രികകളിൻമേലുള്ള ഓഡിറ്ററുടെ ഉത്തരവാദിത്വം**

കമ്പനി നിയമത്തിലെ വകുപ്പ് 143, ഉപവകുപ്പ് (10)ൽ പ്രതിപാദിച്ചിട്ടുള്ള ഓഡിറ്റിങ് മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഞങ്ങൾ ഓഡിറ്റ് നിർവ്വഹിച്ചിട്ടുള്ളത്. സാമ്പത്തിക പത്രികകൾ, ബോധപൂർവ്വമോ അല്ലാതെയോ ഉള്ള, സാരമായ അപാകതകൾ ഇല്ലാത്തതാണെന്ന് ന്യായമായി ഉറപ്പുവരുത്തുകയും ഞങ്ങളുടെ അഭിപ്രായം ഉൾക്കൊള്ളുന്ന ഓഡിറ്റേർസ് റിപ്പോർട്ട് തയ്യാറാക്കുകയും ആണ് ഞങ്ങളുടെ ലക്ഷ്യം. ന്യായമായ ഉറപ്പുവരുത്തൽ

എന്നത് മതിയായ ഉറപ്പുവരുത്തൽ ആണ്. പക്ഷേ, അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഓഡിറ്റിൽ, സാരമായ അപാകതകൾ ഉണ്ടെങ്കിൽ അവയെല്ലാം പൂർണ്ണമായും കണ്ടുപിടിക്കപ്പെടുമെന്ന് ഉറപ്പിക്കാൻ കഴിയില്ല. ബോധപൂർവ്വമോ അല്ലാതെയോ ഉള്ള പിഴവുകൾ സാമ്പത്തിക പത്രികകളിൽ ഉണ്ടായിരിക്കുകയും, ഉപയോക്താക്കളുടെ ധനകാര്യ തീരുമാനങ്ങളിൽ പ്രസ്തുത പിഴവുകൾ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയാണെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, അവ സാരമായ അപാകതകൾ ആയി പരിഗണിക്കപ്പെടുന്നു.

അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ പ്രകാരമുള്ള ഓഡിറ്റിന്റെ ഭാഗമായി ഞങ്ങൾ പ്രായോഗിക പരിജ്ഞാനം അടിസ്ഥാനമാക്കിയുള്ള നിഗമനങ്ങളിൽ എത്തിച്ചേരുകയും കൂടാതെ ഓഡിറ്റിലുടനീളം സംശയദൃഷ്ടി നിലനിർത്തുകയും ചെയ്യുന്നുണ്ട്.

- സാമ്പത്തിക പത്രികകളിലെ ബോധപൂർവ്വമോ അല്ലാതെയോ ഉള്ള സാരമായ അപാകതകളുടെ പരിണിതഫലം വിശകലനം ചെയ്യുന്നതുൾപ്പെടെയുള്ള ഓഡിറ്ററുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് പ്രോസീഡിയേഴ്സ് തീരുമാനിക്കപ്പെടുന്നത്. ഞങ്ങളുടെ അഭിപ്രായത്തിന് അടിസ്ഥാമായ തെളിവുകളും പരിശോധിക്കുന്നുണ്ട്. ബോധപൂർവ്വം വരുത്തി വയ്ക്കുന്ന പിഴവുകളുടെ പരിണിതഫലം അബദ്ധവശാൽ സംഭവിക്കുന്ന പിഴവുകളുടെ പരിണിതഫലത്തേക്കാൾ വലുതായിരിക്കും. കാരണം അത്തരത്തിലുള്ള തെറ്റുകളിൽ, ഗൂഢാലോചന, വ്യാജരേഖ സൃഷ്ടിക്കൽ, മനപ്പൂർവ്വമുള്ള വിട്ടുകളയൽ, തെറ്റായി അവതരിപ്പിക്കൽ, ഇന്റേണൽ കൺട്രോൾ സംവിധാനങ്ങളെ നിഷ്ക്രിയമാക്കൽ, തുടങ്ങിയവ ഉൾപ്പെടുന്നു.
- സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള ഓഡിറ്റ് പ്രൊസീഡിയേഴ്സ് രൂപീകരിക്കുന്നതിന്, ഇന്റേണൽ കൺട്രോൾ സംവിധാനവും പരിഗണിക്കുന്നുണ്ട്. കമ്പനീസ് ആക്റ്റ് 2013, വകുപ്പ് 143(3)(i) പ്രകാരം, കമ്പനിയുടെ ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സംവിധാനത്തിന്റെ പര്യാപ്തതയെക്കുറിച്ചും പ്രവർത്തനക്ഷമതയെക്കുറിച്ചും അഭിപ്രായം പ്രകടിപ്പിക്കുക ഞങ്ങളുടെ കടമയാണ്.
- ഭരണസമിതി സ്വീകരിച്ചിരിക്കുന്ന അക്കൗണ്ടിംഗ് നയങ്ങൾ അനുയോജ്യമാണോ എന്നും, അക്കൗണ്ടിംഗ് അനുമാനങ്ങൾ ഉചിതമാണോ എന്നും വിലയിരുത്തുന്നതും അതോടൊപ്പം ഭരണസമിതിയുടെ വെളിപ്പെടുത്തലുകൾ വിശകലനം ചെയ്യുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു.
- കൗൺസിൽ ഒരു സ്ഥായിയായ സ്ഥാപനം ആണെന്നതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി സ്വീകരിച്ചിരിക്കുന്ന അക്കൗണ്ടിംഗ് രീതി അനുയോജ്യമാണോ എന്ന് അനുമാനിക്കുന്നതും, കൗൺസിൽ ഒരു സ്ഥായിയായ സ്ഥാപനം ആയി തുടരുന്നതിന് വിഘാതമായേക്കാവുന്ന എന്തെങ്കിലും സംഭവിക്കാനുള്ള സാധ്യതകളുണ്ടോ എന്ന് ഓഡിറ്റ് തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. അങ്ങനെ എന്തെങ്കിലും സാരമായ ഒരു അനിശ്ചിതത്വം ഉള്ളതായി നിഗമനത്തിൽ എത്തിയാൽ, സാമ്പത്തിക പത്രികകളിലെ ബന്ധപ്പെട്ട വെളിപ്പെടുത്തലുകളിലേക്ക് ശ്രദ്ധ

ക്ഷണിച്ചുകൊണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേകം പരാമർശം കൊടുക്കുകയോ അല്ലെങ്കിൽ, സാമ്പത്തിക പത്രികകളിലെ വെളിപ്പെടുത്തലുകൾ അപര്യാപ്തമാണെങ്കിൽ, ഞങ്ങളുടെ 'അഭിപ്രായത്തിൽ' ആവശ്യമായ ഭേദഗതികൾ വരുത്തുകയോ ചെയ്യുന്നുണ്ട്. ഓഡിറ്റേർസ് റിപ്പോർട്ടിന്റെ തീയ്യതി വരെ ലഭ്യമാകുന്ന എല്ലാ ഓഡിറ്റ് തെളിവുകളും ഞങ്ങളുടെ അനുമാനങ്ങൾക്ക് അടിസ്ഥാനമാക്കുന്നു. എന്നിരുന്നാലും ഭാവി കാര്യങ്ങൾ, ഒരു സ്ഥായിയായ സ്ഥാപനമായി തുടരുന്നതിൽ അനിശ്ചിതത്വം ഉണ്ടാക്കിക്കൂടെന്നില്ല.

- സാമ്പത്തിക പത്രികകളുടെ മൊത്തത്തിലുള്ള അവതരണം, ഘടന, ഉള്ളടക്കം, വെളിപ്പെടുത്തലുകൾ എന്നിവ വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു.

സാമ്പത്തിക പത്രികകളിലെ പിഴവുകൾ, ഉപയോക്താക്കളുടെ ധനകാര്യ തീരുമാനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയാണെങ്കിൽ, അവ സാരമായ അപാകതകൾ ആയി പരിഗണിക്കപ്പെടുന്നു.

ഈ വസ്തുതകൾ,

(i) ഓഡിറ്റ് വർക്ക് ആസൂത്രണം ചെയ്യുമ്പോഴും, ഓഡിറ്റ് റിസൾട്ട് വിശകലനം ചെയ്യുമ്പോഴും, കൂടാതെ

(ii) സാമ്പത്തിക പത്രികകളിൽ കണ്ടെത്തിയ പിഴവുകളുടെ ആഘാതം വിശകലനം ചെയ്യുമ്പോഴും, ഞങ്ങൾ പരിഗണിക്കുന്നുണ്ട്.

ഓഡിറ്റ് സമയത്ത് മനസ്സിലാക്കിയ, ഇന്റേണൽ കൺട്രോൾ സിസ്റ്റത്തിന്റെ പോരായ്മകൾ, ഓഡിറ്റ് ടൈമിംഗ്, മറ്റ് ഓഡിറ്റ് കണ്ടെത്തലുകൾ, തുടങ്ങിയവ അതിന്റെ പരിപാലനവുമായി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ഞങ്ങൾ ഒരു നിഷ്പക്ഷ സ്ഥാപനമെന്ന നിലയിൽ അതുമായി ബന്ധപ്പെട്ട ധാർമ്മീകമൂല്യങ്ങളുടെ പാലനവും, മറ്റു വസ്തുതകളും, ആവശ്യമായ കരുതലുകളും, ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

## മറ്റ് നിയമങ്ങളും ചട്ടങ്ങളും ആയി ബന്ധപ്പെട്ട പ്രസ്താവന

1. കമ്പനീസ് (ഓഡിറ്റേഴ്സ് റിപ്പോർട്ട്) ഓർഡർ 2020 ലെ വകുപ്പ് 143 ഉപവകുപ്പ് 11 ലെ നിബന്ധനകളിൽ നിന്ന് കൗൺസിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത ഓർഡറിന്റെ ക്ലോസ്സ് 2(iii) ൽ പറയപ്പെട്ടിരിക്കുന്നവ കൗൺസിലിന് ബാധകമല്ല.

2. കമ്പനി നിയമത്തിലെ 143(3) വകുപ്പ് പ്രകാരം ഞങ്ങൾ ഇങ്ങനെ പ്രസ്താവിക്കുന്നു.
   a. ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ഓഡിറ്റ് ചെയ്യുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും വിശദീകരണങ്ങളും അന്വേഷിക്കുകയും ലഭിക്കുകയും ചെയ്തിട്ടുണ്ട്.
   b. ഞങ്ങളുടെ അഭിപ്രായത്തിൽ നിയമാനുസരണം ആവശ്യമായ കണക്കുകൾ കമ്പനി സൂക്ഷിച്ചിട്ടുണ്ട് എന്ന് ഞങ്ങളുടെ പരിശോധനയിൽ വെളിവായിട്ടുണ്ട്.

c. ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ബാക്കിപത്രവും, വരവ് ചെലവ് കണക്കുകളും, കൗൺസിലിന്റെ കണക്കുകളുമായി യോജിച്ചു പോകുന്നുണ്ട്.

d. മുകളിൽ ''അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ'' വിശദീകരിച്ചിട്ടുള്ള വസ്തുതകളിൽ ഒഴികെ, ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള സാമ്പത്തിക പത്രികകൾ കമ്പനി നിയമം വകുപ്പ് 133 ൽ സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ, കമ്പനീസ് (അക്കൗണ്ട്സ്) റൂൾസ് 2014 ലെ റൂൾ 7 എന്നിവ പാലിക്കുന്നുണ്ട്.

e. ഞങ്ങളുടെ അഭിപ്രായത്തിൽ, മുകളിൽ ''അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ'' വിശദീകരിച്ചിട്ടുള്ള വസ്തുതകൾ കമ്പനിയുടെ പ്രവർത്തനങ്ങളെ ദോഷമായി ബാധിക്കുന്നില്ല.

f. കമ്പനിയുടെ ഡയറക്ടർമാർ എഴുതി സാക്ഷ്യപ്പെടുത്തിയ പ്രസ്താവന പ്രകാരം, 31.03.2025 തീയതിയ്ക്ക്, 'ഡയറക്ടർമാർ ആരും തന്നെ കമ്പനി നിയമം വകുപ്പ് 164(2) പ്രകാരം ഡയറക്ടർമാർ ആയിരിക്കുവാൻ അയോഗ്യരല്ല'.

g. കമ്പനിയുടെ കണക്കുകൾ സൂക്ഷിക്കുന്ന കാര്യത്തിലും മറ്റു വസ്തുതകളിലുമുള്ള ഞങ്ങളുടെ അഭിപ്രായം, മുകളിൽ 'അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ' സൂചിപ്പിച്ചിട്ടുള്ളത് തന്നെയാണ്.

h. കമ്പനിയുടെ സാമ്പത്തിക പത്രികകളെ സംബന്ധിച്ച ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റത്തിന്റെ പര്യാപ്തതയും, അതിന്റെ പ്രവർത്തനക്ഷമതയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ അനുബന്ധം A യിൽ വെളിപ്പെടുത്തിയിരിക്കുന്നത് കാണുക.

i. കൗൺസിൽ ഒരു സർക്കാർ സ്ഥാപനം ആയതിനാൽ, മാനേജ്മെന്റിന്റെ പരമാവധി വേതനവുമായി ബന്ധപ്പെട്ട വകുപ്പ് 197 ബാധകമല്ല.

j. കമ്പനീസ് (ഓഡിറ്റ് & ഓഡിറ്റേഴ്സ്) റൂൾസ് 2014, റൂൾ 11 അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതായ കാര്യങ്ങൾ, ഞങ്ങളുടെ അഭിപ്രായത്തിൽ ഞങ്ങൾക്ക് ലഭ്യമായ വിവരങ്ങളും വിശദീകരണങ്ങളും പ്രകാരം:

   i. തീർപ്പാക്കുവാനുള്ള വ്യവഹാരങ്ങൾ സാമ്പത്തിക പത്രികകളിൽ ഉണ്ടാക്കിയേക്കാവുന്ന പരിണിതഫലങ്ങൾ കമ്പനി സാമ്പത്തിക പത്രികകളിൽ വെളിപ്പെടുത്തിയിട്ടുണ്ട് – കുറിപ്പ് 23 കാണുക.

   ii. വലിയ നഷ്ടങ്ങൾ ഉൾക്കൊള്ളുന്ന ഡെറിവേറ്റീവ് കോൺട്രാക്ട്സ് ഉൾപ്പെടെയുള്ള ദീർഘകാല കരാറുകളിലൊന്നും കമ്പനി ഏർപ്പെട്ടിട്ടില്ല.

   iii. ഇൻവെസ്റ്റർ എഡ്യൂക്കേഷൻ & പ്രൊട്ടക്ഷൻ ഫണ്ടിലേയ്ക്ക് മാറ്റേണ്ടതായ തുകകൾ ഒന്നും കമ്പനിയ്ക്ക് ഇല്ല.

   iv. (a) മാനേജ്മെന്റ് വ്യക്തമാക്കുന്നത്, അവരുടെ അറിവും വിശ്വാസവും അനുസരിച്ച്, സാമ്പത്തിക പത്രികകളിലെ കുറിപ്പുകളിൽ വെളിപ്പെടുത്തിയതല്ലാതെ, വ്യക്തികൾക്കോ വിദേശ സ്ഥാപനങ്ങൾ (ഇടനിലക്കാർ) ഉൾപ്പെടെയുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ ഫണ്ടുകളൊന്നും (കടമെടുത്ത ഫണ്ടുകളിൽ നിന്നോ ഷെയർ പ്രീമിയത്തിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ) അഡ്വാൻസ് ചെയ്യുകയോ

വായ്പ നൽകുകയോ, രേഖാമൂലമോ അല്ലാതെയോ ഉള്ള ധാരണ പ്രകാരം, ഇടനിലക്കാർ നേരിട്ടോ നേരിട്ടല്ലാതെയോ, ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ കൗൺസിലിന് (ആത്യന്തിക ഗുണഭോക്താവ്) വേണ്ടി, കടം കൊടുക്കുകയോ നിക്ഷേപിക്കുകയോ, അല്ലെങ്കിൽ ഗ്യാരണ്ടിയോ സെക്യൂരിറ്റിയോ നൽകുകയോ ചെയ്തിട്ടില്ല. ഇതോടൊപ്പം, കുറിപ്പ് 12 ൽ കാണിച്ചിരിക്കുന്ന വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡിലെ കൗൺസിലിന്റെ നിക്ഷേപവും ശ്രദ്ധിക്കുക.

(b) മാനേജ്മെന്റ് പ്രതിനിധീകരിക്കുന്നത്, അവരുടെ അറിവും വിശ്വാസവും അനുസരിച്ച്, സാമ്പത്തിക പത്രികകളിലെ കുറിപ്പുകളിൽ വെളിപ്പെടുത്തിയതല്ലാതെ, വ്യക്തികളിൽ നിന്നോ വിദേശ സ്ഥാപനങ്ങൾ (ഇടനിലക്കാർ) ഉൾപ്പെടെയുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ഫണ്ടുകളൊന്നും സ്വീകരിക്കുകയോ, രേഖാമൂലമോ അല്ലാതെയോ ഉള്ള ധാരണ പ്രകാരം, ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ, ഫണ്ടിംഗ് പാർട്ടിക്ക് (ആത്യന്തിക ഗുണഭോക്താവ്) വേണ്ടി, കടം കൊടുക്കുകയോ നിക്ഷേപിക്കുകയോ, അല്ലെങ്കിൽ ഗ്യാരണ്ടിയോ സെക്യൂരിറ്റിയോ നൽകുകയോ ചെയ്തിട്ടില്ല.

(c) ഈ സാഹചര്യത്തിൽ ഞങ്ങൾ സ്വീകരിച്ചിട്ടുള്ള ഉചിതവും ന്യായവുമായ ഓഡിറ്റ് നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ, സബ് ക്ലോസ് (i) ലും (ii) ലും പ്രതിപാദിച്ചിരിക്കുന്നവ തെറ്റായ പ്രസ്താവനകളാണെന്ന് വിശ്വസിക്കുവാനുള്ള ഒരു കാരണവും കാണുന്നില്ല.

v. കൗൺസിൽ കമ്പനീസ് ആക്റ്റ് 2013, സെക്ഷൻ 8 പ്രകാരം ഡിവിഡന്റ് നൽകുന്നതിൽ നിന്നും തടയപ്പെട്ടിട്ടുള്ളതിനാൽ, നടപ്പ് വർഷം മെംബർമാർക്ക് ഡിവിഡന്റ് നൽകുകയോ പ്രഖ്യാപിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട്, കമ്പനീസ് ആക്റ്റ് 2013 ലെ സെക്ഷൻ 123 ബാധകമല്ല.

vi. കൗൺസിൽ അതിന്റെ അക്കൗണ്ട് ബുക്കുകൾ പരിപാലിക്കുന്നത് അക്കൗണ്ടിംഗ് സോഫ്റ്റ്‌വേറിൽ (റ്റാലി വേർഷൻ പ്രൈം) ആണ്. കമ്പനീസ് (ഓഡിറ്റ് & ഓഡിറ്റേർസ്) റൂൾ 2014, റൂൾ 11(g) പ്രകാരമുള്ള ഓഡിറ്റ് ട്രയൽ (ഓഡിറ്റ് ലോഗ്) റെക്കോർഡ് ചെയ്യുന്നതിനുള്ള ഫീച്ചർ ഈ സോഫ്റ്റ്‌വേറിൽ ഇല്ല.

ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി
ചാർട്ടേർഡ് അക്കൗണ്ടന്റ്സിന് വേണ്ടി
രജി. നമ്പർ: 004674S

(ഒപ്പ്)
ആർ. രാമചന്ദ്രൻ, FCA
പാർട്ണർ
മെമ്പർഷിപ്പ് നമ്പർ : 023982
UDIN:25023982BMFYEV8134

സ്ഥലം : കൊച്ചി
തീയതി : 29/08/2025

**സാമ്പത്തിക പത്രികകളെക്കുറിച്ചുള്ള ഓഡിറ്റേഴ്സ് റിപ്പോർട്ടിന്റെ ഭാഗമായ അനുബന്ധം A**

(ഞങ്ങളുടെ റിപ്പോർട്ടിലെ 'മറ്റ് നിയമങ്ങളും ചട്ടങ്ങളും ആയി ബന്ധപ്പെട്ട പ്രസ്താവന' യിലെ ഖണ്ഡിക 2.h ൽ പരാമർശിച്ചിരിക്കുന്നത്.)

**കമ്പനി നിയമം 2013, സെക്ഷൻ 143(3)(i) പ്രകാരം ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സംബന്ധിച്ച റിപ്പോർട്ട്**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം എന്ന സ്ഥാപനത്തിന്റെ 31.03.2025 തീയതിയ്ക്ക് അവസാനിക്കുന്ന വർഷത്തെ സാമ്പത്തിക പത്രികകളോടൊപ്പം ഇതിൻമേലുള്ള ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റവും ഞങ്ങൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്.

**ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോളിന്മേലുള്ള മാനേജ്മെന്റിന്റെ ഉത്തരവാദിത്വം**

കമ്പനി നടപ്പാക്കിയിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ ഗൈഡൻസ് നോട്ടിൽ പരാമർശിച്ചിട്ടുള്ള ഇന്റേണൽ കൺട്രോൾ സംബന്ധിച്ച അവശ്യഘടകങ്ങൾ പരിഗണിച്ചും, സാമ്പത്തിക പത്രികകളെ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റം രൂപപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുക മാനേജ്മെന്റിന്റെ ഉത്തരവാദിത്വമാണ്. കമ്പനി നിയമം 2013 പ്രകാരം, ബിസിനസ്സിന്റെ കാര്യക്ഷമമായ നടത്തിപ്പും കമ്പനിയുടെ നയങ്ങളെ പിന്തുടരുന്നതും ആസ്തികൾ സംരക്ഷിക്കുന്നതും കൃത്രിമങ്ങൾ കണ്ടുപിടിക്കുന്നതും തടയുന്നതും അക്കൗണ്ടിംഗ് റെക്കോർഡുകൾ കൃത്യതയുള്ളതും പൂർണ്ണവുമാക്കുന്നതും കുറ്റമറ്റ സാമ്പത്തിക പത്രികകളുടെ സമയബന്ധിത തയ്യാറാക്കൽ ഉറപ്പു വരുത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതും മാനേജ്മെന്റിന്റെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

**ഓഡിറ്ററുടെ ഉത്തരവാദിത്വം**

സാമ്പത്തിക പത്രികകളെ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റത്തെക്കുറിച്ച് ഞങ്ങളുടെ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം പറയുക എന്നതാണ് ഞങ്ങളുടെ ഉത്തരവാദിത്വം. കമ്പനീസ് ആക്ട് 2013, സെക്ഷൻ 143(10) നിഷ്കർഷിക്കുന്ന, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഗൈഡൻസ് നോട്സ് ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് എന്നിവ പ്രകാരം ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റം ഞങ്ങൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. സാമ്പത്തിക പത്രികകളെ സംബന്ധിച്ച് ധാർമ്മികമായ ഉത്തരവാദിത്വം പാലിക്കുകയും പ്രസക്തമായ കാര്യങ്ങളിൽ പര്യാപ്തമായ ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റം രൂപപ്പെടുത്തുകയും നിലനിർത്തുകയും അതോടൊപ്പം അതിന്റെ കാര്യക്ഷമമായ പ്രവർത്തനം ന്യായമായും ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന രീതിയിൽ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്നും പ്രസ്തുത ഗൈഡൻസ് നോട്ടും ഓഡിറ്റിംഗ് സ്റ്റാൻഡാർഡും അനുശാസിക്കുന്നു.

സാമ്പത്തിക പത്രികകളെ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റത്തിന്റെ പര്യാപ്തതയും അതിന്റെ പ്രവർത്തനക്ഷമതയും ഉറപ്പു വരുത്തുന്നതിനാവശ്യമായ തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. സാമ്പത്തിക പത്രികകളെ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റം വിശദമായി മനസ്സിലാക്കുകയും സിസ്റ്റത്തിന്റെ ന്യൂനതകൾ/ പിഴവുകൾ മൂലമുള്ള പരിണിതഫലം വിശകലനം ചെയ്യലും, പ്രസ്തുത ന്യൂനതകൾ/ പിഴവുകൾ ഒഴിവാക്കുന്നതിനുള്ള ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം പരിശോധിക്കലും വിലയിരുത്തലും ഓഡിറ്റിന്റെ ഭാഗമാണ്. സാമ്പത്തിക പത്രികകളിലെ ബോധപൂർവ്വമോ അല്ലാതെയോ ഉള്ള സാരമായ അപാകതകളുടെ പരിണിതഫലം വിശകലനം ചെയ്യുന്നതുൾപ്പെടെയുള്ള ഓഡിറ്ററുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് പ്രൊസീഡിയേഴ്സ് തീരുമാനിക്കപ്പെടുന്നത്.

ഞങ്ങളുടെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം ലഭിക്കുന്നതിന് ആവശ്യമായതും ഉതകുന്നതുമായ തെളിവുകൾ ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

**സാമ്പത്തിക പത്രികകളെ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ**

പൊതുവിൽ സ്വീകാര്യമായിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമായി സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതിനും സാമ്പത്തിക റിപ്പോർട്ടുകളുടെ വിശ്വാസ്യത ന്യായമായും ഉറപ്പുള്ളതാക്കുന്നതിനും വേണ്ടി രൂപകൽപന ചെയ്യുന്ന പ്രക്രിയയാണ് ഒരു കമ്പനിയുടെ സാമ്പത്തിക പത്രികകളെ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റം. പ്രസ്തുത സിസ്റ്റം ഒരു കമ്പനിയെ സംബന്ധിച്ചിടത്തോളം താഴെ പറയുന്ന നയങ്ങളും നടപടിക്രമങ്ങളും ഉൾക്കൊള്ളുന്നതാണ്; (1) കമ്പനിയുടെ ഇടപാടുകളുടെയും ആസ്തികളുടെ വിറ്റഴിക്കലുകളുടെയും വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന റെക്കോർഡുകളുടെ കൃത്യവും സുതാര്യവുമായ പരിപാലനം, (2) പൊതുവിൽ സ്വീകാര്യമായിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമായി സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതിന് സാധ്യമാകുന്ന തരത്തിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നുണ്ടെന്നും കമ്പനിയുടെ ഡയറക്ടേഴ്സും ഭരണസമിതിയും ചുമതലപ്പെടുത്തിയ പ്രകാരം മാത്രമാണ് വരവുകളും ചെലവുകളും നിർവ്വഹിക്കപ്പെടുന്നതെന്നും ന്യായമായ ഉറപ്പുവരുത്തൽ, (3) കമ്പനിയുടെ സാമ്പത്തിക പത്രികകളിൽ സാരമായ പ്രതിഫലനം സൃഷ്ടിക്കുന്ന തരത്തിലുള്ള ആസ്തികളുടെ അനധികൃതമായ വാങ്ങലും, ഉപയോഗവും, വിൽപ്പനയും തടയുന്നുണ്ടെന്ന് ന്യായമായ ഉറപ്പുവരുത്തൽ.

**സാമ്പത്തിക പത്രികകൾ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റത്തിൽ അന്തർലീനമായ പരിമിതികൾ**

സാമ്പത്തിക പത്രികകൾ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റത്തിൽ അന്തർലീനമായ പരിമിതികൾ കാരണം, അതോടൊപ്പം ആസൂത്രിതമായ അല്ലെങ്കിൽ

മാനേജ്മെന്റ് നിയന്ത്രണങ്ങൾ മറികടക്കാനുള്ള സാധ്യതകൾ എന്നിവ മൂലവും, ബോധപൂർവ്വമോ അല്ലാതെയോ ഉണ്ടാകുന്ന സാരമായ അബദ്ധപ്രസ്താവനകൾ കണ്ടുപിടിക്കാൻ കഴിയുന്നില്ല. സാഹചര്യങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അല്ലെങ്കിൽ പാലിക്കേണ്ട നയങ്ങളിലെ വ്യതിയാനങ്ങൾ അല്ലെങ്കിൽ നടപടിക്രമങ്ങളിലെ ഏറ്റക്കുറച്ചിലുകൾ എന്നിവ മൂലം പ്രസ്തുത സിസ്റ്റം അപര്യാപ്തമായേക്കാമെന്നതിനാൽ, അതിനെ വിലയിരുത്തി ഭാവിയിലേക്ക് ആസൂത്രണം ചെയ്യുന്നത് അഭികാമ്യമല്ല.

**അഭിപ്രായം**

ഞങ്ങളുടെ അഭിപ്രായത്തിൽ, ഞങ്ങൾക്ക് ലഭ്യമായ വിവരങ്ങളും വിശദീകരണങ്ങളും പ്രകാരം, കമ്പനി പിന്തുടരുന്ന ഇന്റേണൽ കൺട്രോൾ മാനദണ്ഡങ്ങളുടെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടൻസ് ഓഫ് ഇന്ത്യയുടെ, സാമ്പത്തിക പത്രികകൾ സംബന്ധിച്ച ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റം ഓഡിറ്റ് ഗൈഡൻസ് നോട്ടിന്റെയും അടിസ്ഥാനത്തിൽ, കമ്പനിക്ക് മാർച്ച് 31, 2025 ന് പര്യാപ്തമായ സാമ്പത്തിക പത്രികകൾ സംബന്ധിച്ച ഒരു ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾ സിസ്റ്റം ഉണ്ട്, അത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുമുണ്ട്.

ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി
ചാർട്ടേർഡ് അക്കൗണ്ടന്റ്സിന് വേണ്ടി
രജി. നമ്പർ: 004674S

(ഒപ്പ്)
ആർ. രാമചന്ദ്രൻ, FCA
പാർട്ണർ
മെമ്പർഷിപ്പ് നമ്പർ : 023982
UDIN: :25023982BMFYEV8134

സ്ഥലം : കൊച്ചി
തീയതി : 29/08/2025

## വെജിററബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം
## 31.03.2025 ലെ ബാക്കിപത്രം (ബാലൻസ് ഷീറ്റ്)

| *വിശദാംശങ്ങൾ* | *കുറിപ്പ്* | *31.03.2025* | *31.03.2024* |
|---|---|---|---|
| | | **രൂപ** | **രൂപ** |
| I. **മൂലധനം & ബാധ്യതകൾ** | | | |
| 1. ഓഹരി ഉടമകളുടെ ഫണ്ട് | | | |
| a) ഓഹരി മൂലധനം | 3 | 20,56,000 | 20,56,000 |
| b) ക്യാപിറ്റൽ റിസർവ്വ് | 3 | 69,83,83,822 | 67,56,43,404 |
| c) നീക്കിയിരിപ്പ് മിച്ചം/(കമ്മി) | 4 | (11,71,46,335) | (9,37,46,535) |
| | | 58,32,93,487 | 58,39,52,869 |
| 2. ദീർഘകാല ബാധ്യതകൾ | | | |
| a) ദീർഘകാല ബാധ്യതകൾ | 5 | 3,10,26,087 | 8,44,07,310 |
| b) നീക്കിയിരിപ്പ് ഗ്രാന്റ് (നടപ്പിലുള്ള പദ്ധതികൾക്ക്) | 6 | 2,61,01,792 | 2,60,73,829 |
| | | 5,71,27,879 | 11,04,81,139 |
| 3. ഹ്രസ്വകാല ബാധ്യതകൾ | | | |
| a) കൊടുക്കാനുള്ള ബാധ്യതകൾ | 7 | 2,93,70,032 | 3,38,15,714 |
| b) മറ്റ് ഹ്രസ്വകാല ബാധ്യതകൾ | 8 | 11,61,17,504 | 10,35,85,741 |
| c) മറ്റ് ഹ്രസ്വകാല വകയിരുത്തലുകൾ | 9 | 43,84,777 | 34,23,709 |
| | | 14,98,72,313 | 14,08,25,164 |
| **ആകെ** | | **79,02,93,679** | **83,52,59,172** |
| II. **ആസ്തികൾ** | | | |
| 1. ദീർഘകാല ആസ്തികൾ | | | |
| a) സ്ഥിരം ആസ്തികൾ | 10 | | |
| i) സ്ഥിരം ആസ്തികൾ (റ്റാൻജിബിൾ) | | 47,19,60,454 | 43,83,73,974 |
| ii) ഇൻറ്റാൻജിബിൾ ആസ്തികൾ | | 1 | 1 |
| iii) ക്യാപിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ്സ് | | 2,40,82,573 | 3,49,28,635 |
| | | 49,60,43,028 | 47,33,02,610 |
| b) നിക്ഷേപങ്ങൾ | 11 | 1,49,000 | 1,49,000 |
| c) ദീർഘകാല വായ്പകളും അഡ്വാൻസുകളും | 12 | 7,91,16,357 | 7,91,16,357 |
| d) മറ്റ് ദീർഘകാല ആസ്തികൾ | 13 | 4,65,51,426 | 4,65,71,248 |
| | | 62,18,59,811 | 59,91,39,215 |
| 2. ഹ്രസ്വകാല ആസ്തികൾ | | | |
| a) നീക്കിയിരിപ്പ് ചരക്കുകൾ (പദ്ധതികൾക്ക്) | 14 | 1,92,74,891 | 2,12,71,716 |
| b) ലഭിക്കാനുള്ള തുകകൾ | 15 | 7,45,92,714 | 7,69,73,967 |
| c) പദ്ധതി ഗ്രാന്റ് - ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ | 16 | 3,49,32,190 | 8,23,71,320 |
| d) ക്യാഷ് & ബാങ്ക് ബാലൻസ് | 16 | 3,43,72,387 | 4,87,67,802 |
| e) ഹ്രസ്വകാല വായ്പകളും അഡ്വാൻസുകളും | 17 | 9,09,538 | 26,09,239 |
| f) മറ്റ് ഹ്രസ്വകാല ആസ്തികൾ | 18 | 43,52,148 | 41,25,913 |
| | | 16,84,33,868 | 23,61,19,957 |
| **ആകെ** | | **79,02,93,679** | **83,52,59,172** |

അനുബന്ധമായുള്ള കുറിപ്പുകൾ ഈ സാമ്പത്തിക പത്രികയുടെ ഭാഗമാണ്.

ഭരണ സമിതിയ്ക്കുവേണ്ടി

ഒപ്പ്
ബിജിമോൾ കെ ബേബി
ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
(DIN:11223246)
ഒപ്പ്
എസ്. വില്യം അന്തോണി സ്വാമി
ഡയറക്ടർ (DIN:09783784)
തീയ്യതി: 29/08/2025
സ്ഥലം: കൊച്ചി

ഇതോടൊപ്പമുള്ള ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം

ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി
ചാർട്ടേർഡ് അക്കൗണ്ടന്റ്സ്
രജി. നമ്പർ. 004674S
ഒപ്പ്
ആർ. രാമചന്ദ്രൻ, FCA
പാർട്ണർ (Memb No. 023982)
UDIN:25023982BMFYEV8134
തീയ്യതി: 29/08/2025
സ്ഥലം: കൊച്ചി

## വെജിററബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം

## 2024–25 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്ക്

| *വിശദാംശങ്ങൾ* | *കുറിപ്പ്* | *2024–25 (രൂപ)* | *2023–24 (രൂപ)* |
|---|---|---|---|
| I. **വരുമാനം** | | | |
| കാർഷിക സ്കീമുകളിൽ നിന്നുള്ള വരുമാനം | 19 | 8,44,22,178 | 9,99,67,403 |
| അനുബന്ധ സ്കീമുകളിൽ നിന്നുള്ള വരുമാനം | | 2,96,91,501 | 2,40,76,443 |
| ഗ്രാന്റുകൾ | | 6,64,69,455 | 6,46,38,750 |
| II. **മറ്റ് വരുമാനം** | 20 | 38,91,857 | 46,03,450 |
| **ആകെ** | | **18,44,74,991** | **19,32,86,046** |
| III. **ചെലവുകൾ** | | | |
| മാനവശേഷി ചെലവുകൾ | 21 | 20,30,28,275 | 20,81,09,318 |
| പദ്ധതിയിതര ചെലവുകൾ (അൺ എയ്ഡഡ്) | 21 | 48,46,516 | 36,51,826 |
| **ആകെ** | | **20,78,74,791** | **21,17,61,144** |
| **പ്രവർത്തന മിച്ചം/(കമ്മി)** | | **(2,33,99,800)** | **(1,84,75,098)** |
| തേയ്മാന കിഴിവ് (കുറയ്ക്കുക) | 10 | 1,96,41,062 | 1,63,62,966 |
| തേയ്മാനാനുപാതിക അമോർട്ടൈസേഷൻ | 3 | 1,96,41,062 | 1,63,62,966 |
| **തന്നാണ്ട് മിച്ചം/(കമ്മി)** | | **(2,33,99,800)** | **(1,84,75,098)** |

അനുബന്ധമായുള്ള കുറിപ്പുകൾ ഈ സാമ്പത്തിക പത്രികയുടെ ഭാഗമാണ്.

ഭരണ സമിതിയ്ക്കുവേണ്ടി
ഒപ്പ്
ബിജിമോൾ കെ ബേബി
ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
(DIN : 11223246)
ഒപ്പ്
എസ്. വില്യം അന്തോണി സ്വാമി
ഡയറക്ടർ (DIN :09783784)

തീയ്യതി : 29/08/2025
സ്ഥലം : കൊച്ചി

ഇതോടൊപ്പമുള്ള ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം
ജി. വേണുഗോപാൽ കമ്മത്ത് & കമ്പനി
ചാർട്ടേഡ് അക്കൗണ്ടന്റ്സ്
രജി. നമ്പർ. 004674S
ഒപ്പ്
ആർ. രാമചന്ദ്രൻ, FCA
പാർട്ട്ണർ (Memb.No.023982)
UDIN: 25023982BMFYEV8134
തീയ്യതി : 29/08/2025
സ്ഥലം : കൊച്ചി

## 31-03-2025 ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ കണക്കുകളെ സംബന്ധിച്ച കുറിപ്പുകൾ

### കുറിപ്പ് 1 : കൗൺസിലിനെ സംബന്ധിച്ച വിവരങ്ങൾ

സർക്കാർ ഉത്തരവ് നമ്പർ G.O.(MS)189/2000/AD, dated, TVM, 02.06.2000 പ്രകാരം, കമ്പനീസ് ആക്റ്റ് 1956, സെക്ഷൻ 25 (കമ്പനീസ് ആക്റ്റ് 2013, സെക്ഷൻ 8) ന് വിധേയമായി 15.01.2001 ൽ രൂപീകരിച്ച കേരള സർക്കാർ സ്ഥാപനമാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK). കൂടാതെ ഇൻകംടാക്സ് ആക്റ്റ് 1961 സെക്ഷൻ 12A, ഉത്തരവ് No. CIT/CHN/12A/Tech-193/2000-01 dated 17.05.2001 പ്രകാരവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. New Unique Registration Number: AAATV6575DE20217 dated 24.09.2021.

കൗൺസിലിന്റെ ഓഹരിഘടന: കേരള സർക്കാർ 21.94%, സ്വാശ്രയ സംഘങ്ങൾ 67.51%, ബാങ്കുകൾ 10.21%, മെമ്മോറാണ്ടം സബ്സ്ക്രൈബേഴ്സ് 0.34%

പഴം പച്ചക്കറി കൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക വഴി സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും അതോടൊപ്പം കർഷകരുടെ ഉന്നമനവും ലക്ഷ്യമിടുന്നു.

അതിന്റെ ഭാഗമായി, അത്യുല്പാദന ശേഷിയുള്ള വിത്തുകളുടെ ഉല്പാദനത്തിനായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ ഒരു വിത്തുല്പാദന യൂണിറ്റും (SPP), ഗുണമേന്മയുള്ള തൈകളുടെ ഉല്പാദനത്തിനായി എറണാകുളം ജില്ലയിലെ വാഴക്കുളത്ത് ഒരു ഹൈടെക് വെജിറ്റബിൾ സീഡ്ലിംഗ് പ്രൊഡക്ഷൻ സെന്ററും (HVSPC) നടത്തി വരുന്നുണ്ട്. വിപണനത്തിനും ഗാർഹീക ഉപഭോഗത്തിനുമായി നൂറുകണക്കിന് ടൺ പച്ചക്കറികളും പഴവർഗ്ഗങ്ങളും അധികമായി ഉല്പാദിപ്പിക്കുന്നതിൽ ഈ രണ്ട് യൂണിറ്റുകളും ചേർന്ന് വളരെയധികം സംഭാവന ചെയ്യുന്നുണ്ട്.

കൗൺസിൽ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ സംസ്ഥാനത്തുടനീളം ലഭ്യമാക്കുന്നതിന് വേണ്ടി നടത്തപ്പെടുന്ന നാല് കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴി, കർഷക സമൂഹത്തിന് ഗുണനിലവാരമുള്ള നടീൽ വസ്തുക്കളും അഗ്രി ഇൻപുട്ടുകളും ലഭ്യമാക്കി വരുന്നു.

ഗുണനിലവാരവും അത്യുൽപാദന ശേഷിയും ഉള്ള വിത്തുകളുടേയും തൈകളുടേയും ഉല്പാദനത്തിനായി സർക്കാർ ചുമതലപ്പെടുത്തിയ ഒരു പ്രധാന സ്ഥാപനമായ വി.എഫ്.പി.സി.കെ യെ ആണ്, പഞ്ചായത്ത് തലത്തിലുള്ള കൃഷി ഭവനുകൾ സംസ്ഥാനത്തെ കർഷകരുടെ കാർഷീക ആവശ്യങ്ങളുടെ ലഭ്യതക്കായി ആശ്രയിച്ച് പോരുന്നത്. കൗൺസിൽ ഉൽ പന്നങ്ങളുടെ വലിയ പങ്കും ഈ രീതിയിൽ ആണ് വിതരണം ചെയ്യപ്പെടുന്നത്. അങ്ങനെ, വളരെ ചെറിയ കൃഷിയിടങ്ങളിലേക്ക് കടന്ന് ചെല്ലുവാനും, കർഷകർക്കുണ്ടായേക്കാവുന്ന നഷ്ടം ലഘൂകരിക്കുവാനും, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുവാനും കൗൺസിലിന് കഴിയുന്നു.

കൗൺസിൽ നിയമങ്ങൾക്ക് വിധേയമായി പ്രവത്തിക്കുന്ന സ്വാശ്രയ കർഷക സമിതികളുടെ ആഭിമുഖ്യത്തിൽ, സംസ്ഥാനത്തുടനീളം നടത്തപ്പെടുന്ന 296-ഓളം കർഷക വിപണികൾ വഴി കർഷകരുടെ ഉൽപന്നങ്ങൾ വിൽക്കുവാനും ഉയർന്ന വില ഉറപ്പ് വരുത്തുവാനും സാധിക്കുന്നുണ്ട്. കൂടാതെ, കൗൺസിലിന്റെ കീഴിലുള്ള 'തളിർ' ഔട്ട്ലെറ്റ് വഴി ഉൽപന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കുവാനും കർഷകർക്ക് സാധിക്കുന്നു.

കർഷകരുടെയും കാർഷികമേഖലയുടെയും ഉന്നമനത്തിനായാണ് കൗൺസിലിന്റെ വിഭവങ്ങൾ വിനിയോഗിക്കപ്പെടുന്നത്, അങ്ങനെ പഴം പച്ചക്കറികളുടെ ഗുണമേന്മയും ഉൽപാദന വർദ്ധനവും ഉറപ്പുവരുത്തുന്നു.

31.12.2001 ൽ നടത്തിപ്പ് കാലാവധി പൂർത്തിയാക്കിയ കേരള ഹോർട്ടിക്കൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ (KHDP), വിജയകരമായ പദ്ധതികളുടെ തുടർച്ചക്കായാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK) രൂപീകരിക്കപ്പെട്ടത്. ഇന്ത്യാ ഗവൺമെന്റും യൂറോപ്യൻ സാമ്പത്തിക സമൂഹവും തമ്മിൽ ഒപ്പ് വച്ച സാമ്പത്തിക കരാർ പ്രകാരം, പ്രൊമോട്ടേഴ്സ് കോൺട്രിബ്യൂഷൻ ആയി കെ. എച്ച്. ഡി. പി. യിൽ നിന്നും കൗൺസിലിന് ലഭിച്ച എല്ലാ ആസ്തികളും ബാധ്യതകളും ആണ്, ക്യാപിറ്റൽ റിസർവ് ആയി അക്കൗണ്ട് ചെയ്തിരിക്കുന്ന കൗൺസിലിന്റെ കോർപസ് ഫണ്ട്.

### കുറിപ്പ് 2 : പ്രധാന അക്കൗണ്ടിംഗ് നയങ്ങളും കണക്കുകളെ സംബന്ധിച്ച കുറിപ്പുകളും

#### 2.1 പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ

a. അക്കൗണ്ടിംഗ് വ്യവസ്ഥ: പൊതുവായി സ്വീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾ, അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ, കമ്പനി നിയമം, മറ്റ് നിയമങ്ങൾ എന്നിവ പ്രകാരം, അക്രൂവൽ ബേസിസിൽ, ഹിസ്റ്റോറിക് കോസ്റ്റ് കൺവെൻഷൻ രീതിയിലാണ് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിരിക്കുന്നത്.

b. പ്രമോട്ടർ കോൺട്രിബ്യൂഷനും ക്യാപിറ്റൽ റിസർവും: കേരള ഹോർട്ടിക്കൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാമിൽ (KHDP) നിന്നും കൈമാറിക്കിട്ടിയ ആസ്തികളുടെയും, ബാധ്യതകളുടെയും ബുക്ക് വാല്യു, സ്ഥാപകരുടെ ധനസഹായത്തിന്റെ രൂപത്തിലായതിനാൽ, ക്യാപിറ്റൽ റിസർവ് ആയി അക്കൗണ്ട് ചെയ്തിരിക്കുന്നു.

#### 2.2 സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതിന്റെ അടിസ്ഥാനം

കമ്പനീസ് ആക്റ്റ് 2013 സെക്ഷൻ 133 അക്കൗണ്ടിംഗ് സ്റ്റാൻഡാർഡ് (AS), കമ്പനീസ് (അക്കൗണ്ടിംഗ് സ്റ്റാൻഡാർഡ്) റൂൾസ് 2021 (അമെൻഡഡ്) എന്നിവ പ്രകാരമാണ് കമ്പനിയുടെ സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നത്. അക്രൂവൽ ബേസിസിൽ, ഹിസ്റ്റോറിക് കോസ്റ്റ് കൺവെൻഷൻ രീതിയിലാണ് സാമ്പത്തിക പത്രികകൾ തയ്യാറാക്കി അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ, ചില സാമ്പത്തിക ആസ്തികളും ബാധ്യതകളും, താഴെ കുറിപ്പുകളിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം, സാമ്പത്തിക വർഷാവസാനത്തിലെ ന്യായ വിലയുടെ അടിസ്ഥാനത്തിലാണ് കാണിച്ചിരിക്കുന്നത്. പ്രത്യേകമായി പരാമർശിച്ചിട്ടുള്ളവയിൽ ഒഴികെ, അക്കൗണ്ടിംഗ് നയങ്ങൾ വ്യതിയാനമില്ലാതെ പിൻതുടരുന്നുണ്ട്.

#### 2.3 അക്കൗണ്ടിംഗ് സ്റ്റാൻഡേർഡുകളുടെ പ്രായോഗികത

കമ്പനീസ് (അക്കൗണ്ടിംഗ് സ്റ്റാൻഡാർഡ്) അമെൻഡ്മെൻഡ് റൂൾസ് 2021 പ്രകാരം ബാധകമായിട്ടുള്ളവയെല്ലാം സ്വീകരിച്ചിട്ടുണ്ട്.

#### 2.4 യൂണിറ്റ് തിരിച്ചുള്ള റിപ്പോർട്ടിംഗ്

കൗൺസിൽ പ്രവർത്തിക്കുന്നത്, തനത് വരുമാനം ആർജ്ജിക്കുന്ന റെവന്യൂ യൂണിറ്റുകളുടെ അടിസ്ഥാനത്തിലാണ് (Internal Revenu Generating Units – IRGU). ഓരോ റെവന്യൂ യൂണിറ്റും, മറ്റ്

റെവന്യൂ യൂണിറ്റുകളുടെ പ്രവർത്തനങ്ങളിൽ നിന്നും സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. അവ താഴെ തലം മുതൽ മാനേജ് ചെയ്യപ്പെടുന്നുമുണ്ട്.

## 2.5 ഫിനാൻഷ്യൽ റിസ്ക് മാനേജ്മെന്റ് – ലക്ഷ്യവും നയങ്ങളും

കമ്പനിയുടെ സാമ്പത്തിക ബാധ്യതകൾ വ്യപാര സംബന്ധമായി കൊടുത്ത് തീർക്കുവാനുള്ള തുകകളും, സാമ്പത്തിക ആസ്തികൾ പ്രധാനമായും നിക്ഷേപങ്ങൾ, ക്യാഷ്, ബാങ്ക് ബാലൻസ്, വായ്പകൾ, വ്യാപാര സംബന്ധമായി ലഭിക്കുവാനുള്ള തുകകൾ എന്നിവയുമാണ്. കമ്പനി മാർക്കറ്റ് റിസ്ക്, ക്രെഡിറ്റ് റിസ്ക്, ലിക്വിഡിറ്റി റിസ്ക് എന്നിവയ്ക്ക് വിധേയമാണ്. കമ്പനിയുടെ ഡയറക്ടേഴ്സ് ബോർഡ്, ഈ റിസ്കുകളുടെ മാനേജ്മെന്റ് സ്പഷ്ടമായി അഡ്രസ്സ് ചെയ്യുന്നുണ്ട്. കമ്പനിയുടെ സാമ്പത്തിക ഭദ്രതയെ വിപരീതമായി ബാധിക്കുന്ന ഫിനാൻഷ്യൽ റിസ്കുകളെ ലഘൂകരിക്കുന്നതിനായി, കമ്പനി മാനേജ്മെന്റിന്റെ കടമകളും ഉത്തരവാദിത്തങ്ങളും, റിസ്ക് മാനേജിംഗ് സ്ട്രക്ചറും ഫ്രെയിംവർക്കും നിർവ്വചിക്കപ്പെട്ടിട്ടുണ്ട്.

## 2.6 ക്യാപിറ്റൽ മാനേജ്മെന്റ്

കമ്പനിയുടെ ക്യാപിറ്റൽ, ഇഷ്യൂഡ് ക്യാപിറ്റലും ഇക്വിറ്റി റിസർവ്വും ചേർന്നതാണ്. അത്, KHDP യിൽ നിന്ന് തുടക്കത്തിൽ കൈമാറിയ ആസ്തികളും, കേരള സർക്കാരിന്റെയും സ്വാശ്രയ സംഘങ്ങളുടെയും ബാങ്കുകളുടെയും ഓഹരികളും ചേർന്നതാണ്. ക്യാപിറ്റൽ മാനേജ്മെന്റ് പ്രധാനമായും ലക്ഷ്യമിടുന്നത്, കമ്പനിയെ ഒരു ഗോയിംഗ് കൺസേൺ ആയി തുടരുന്നതിനാവശ്യമായ ഒപ്റ്റിമൽ മൂലധന ഘടന നിലനിർത്തുക എന്നുള്ളതാണ്.

കമ്പനിയ്ക്ക് ഒരു തരത്തിലുള്ള ഇക്വിറ്റി ഓഹരികൾ മാത്രമേ നിലവിലുള്ളു, മറ്റ് കടം ഇല്ല. ഈ മൂലധന ഘടന, കൗൺസിലിലേക്ക് ബാഹ്യമായ മൂലധന നിക്ഷേപങ്ങളുടെ ആവശ്യകത ഉണ്ടാക്കുന്നില്ല. ഒപ്റ്റിമൽ മൂലധന ഘടന നിലനിർത്തുന്നതിനായി, കൗൺസിലിന്റെ മൂലധനം, കർഷക സമൂഹത്തിന് ഗുണകരമാകുന്നതിനായി ദീർഘ കാലത്തേക്ക് അസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള തനത് പ്രവർത്തനങ്ങളിൽ ആണ് വിനിയോഗിച്ചിരിക്കുന്നത്.

## 2.7 ഹ്രസ്വകാല/ ദീർഘകാല തരം തിരിക്കൽ

ഹ്രസ്വകാല ആസ്തികളും ഹ്രസ്വകാല ബാധ്യതകളും തരം തിരിക്കപ്പെടുന്നത് താഴെ പറയുന്ന അവസ്ഥകൾക്ക് വിധേയമാണ്.

1. കമ്പനിയുടെ സാധാരണ ഗതിയിലുള്ള ഓപറേറ്റിംഗ് സൈക്കിളിൽ തന്നെ, റീയലൈസ്/സെറ്റിൽ ചെയ്യപ്പെടുന്ന ആസ്തികൾ/ബാധ്യതകൾ.
2. വിൽപനക്കോ അല്ലെങ്കിൽ തനത് ഉപഭോഗത്തിനോ ഉള്ള ആസ്തികൾ.
3. കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ആസ്തികൾ/ബാധ്യതകൾ.
4. റിപ്പോർട്ടിംഗ് കാലയളവിന് ശേഷം 12 മാസത്തിനുള്ളിൽ റീയലൈസ്/സെറ്റിൽ ചെയ്യപ്പെടുന്ന ആസ്തികൾ/ബാധ്യതകൾ.
5. റിപ്പോർട്ടിംഗ് കാലയളവിന് ശേഷം 12 മാസത്തിനുള്ളിൽ ബാധ്യതകൾ സെറ്റിൽ ചെയ്യുന്നതിനായി ഉപയോഗിക്കുന്നതിൽ നിന്നും നിയന്ത്രിക്കപ്പെട്ടിട്ടുള്ളതല്ലാത്ത, ക്യാഷ് അല്ലെങ്കിൽ തതുല്ല്യമായ ആസ്തികൾ.

6. ബാധ്യതകളുടെ സെറ്റിൽമെന്റ്, കുറഞ്ഞ പക്ഷം റിപ്പോർട്ടിംഗ് കാലയളവിന് ശേഷം 12 മാസം വരെ ദീർഘിപ്പിക്കുവാൻ, നിബന്ധനകൾക്ക് വിധേയമല്ലാത്ത അവകാശം കൗൺസിലിന് ഇല്ലാത്ത ബാധ്യതകൾ.

മറ്റെല്ലാ ആസ്തികളും ബാധ്യതകളും ദീർഘകാല ആസ്തികളും ദീർഘകാല ബാധ്യതകളും ആയി തരം തിരിക്കപ്പെടുന്നു. ആസ്തികളുടെയും ബാധ്യതകളുടെയും ഹ്രസ്വകാല/ദീർഘകാല തരം തിരിവിനായി പരിഗണിക്കപ്പെട്ടിരിക്കുന്ന സാധാരണ ഗതിയിലുള്ള ഓപറേറ്റിംഗ് സൈക്കിൾ 12 മാസമാണ്.

### 2.8 സ്ഥിരം ആസ്തികൾ, പ്ലാന്റ് & എക്യുപ്മെന്റ്സ്

സ്ഥിരം ആസ്തികൾ ഉപയോഗയോഗ്യമാകുന്നത് വരെയുള്ള ചെലവുകൾ ആസ്തികളുടെ മൂല്യമായി പരിഗണിക്കപ്പെടുന്നു. തുടർന്ന്, മൊത്തം മൂല്യത്തിൽ നിന്ന് തേയ്മാനം കുറച്ചാണ് കാണിക്കപ്പെടുന്നത്. സ്ഥിരം ആസ്തികളുടെ ഭാഗമായിട്ടുള്ളതും, എന്നാൽ ഭിന്നമായ ഉപയോഗ കാലാവധിയുള്ള പ്രത്യേകമായി നിർണ്ണയം നടത്തുവാൻ കഴിയുന്നവ വേർതിരിച്ചാണ് കാണിക്കപ്പെടുന്നത്.

ഓരോ ആസ്തിയുടെയും കിഴിവുകൾ കഴിച്ചുള്ള വാങ്ങിയ വില, ഇംപോർട്ട് ഡ്യൂട്ടി, മറ്റ് റീഫണ്ടബിൾ അല്ലാത്ത ടാക്സ്/ലെവി, പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിയുള്ള ചെലവുകൾ, ഡീകമ്മീഷനിംഗ്, റീസ്റ്റോറേഷൻ തുടങ്ങിയ ചെലവുകൾ മൊത്തം മൂല്യത്തിൽ ഉൾപ്പെടുന്നു. ആസ്തികൾ റീപ്ലേസ് ചെയ്യുന്നതിന് വേണ്ടി വരുന്ന ചെലവുകൾ, നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുന്ന ചെലവുകൾ, ഡിസൈൻ/ഡ്രോയിംഗ് ചെലവുകൾ എല്ലാം ആസ്തികളുടെ മൂല്യത്തിന്റെ ഭാഗമായി പരിഗണിക്കേണ്ടതാണെങ്കിൽ ക്യാപിറ്റലൈസ് ചെയ്യപ്പെടുന്നു.

### 2.9 തേയ്മാന ചെലവുകൾ

എല്ലാ സ്ഥിരം ആസ്തികളുടെയും തേയ്മാന ചെലവുകൾ കമ്പനീസ് ആക്റ്റ് 2013 പട്ടിക 2 ൽ പറഞ്ഞിരിക്കുന്ന ആസ്തികളുടെ ഉപയോഗ കാലാവധിയും കാലഹരണ മൂല്യവും പ്രകാരം സ്ട്രൈറ്റ് ലൈൻ മെതേഡിൽ കണക്കാക്കി കമ്പനിയുടെ ക്യാപിറ്റൽ ഫണ്ടിലെ ഡെഫേർഡ് ഗ്രാന്റിലേക്ക് അഡ്ജസ്റ്റ് ചെയ്ത് കാണിക്കുന്നു. ഓരോ ആസ്തിയുടെയും ഉപയോഗ കാലാവധി നിർണ്ണയിക്കപ്പെടുന്നത് പ്രസ്തുത ആസ്തിയുടെ പ്രകൃതം, പ്രതീക്ഷിക്കുന്ന തേയ്മാനം, നിലവിലെ അവസ്ഥ, സാങ്കേതികവിദ്യയിലെ മാറ്റങ്ങൾ, വാറന്റി, മെയിന്റനൻസ് സപ്പോർട് തുടങ്ങിയവ പരിഗണിച്ചാണ്. ഓരോ തരം സ്ഥിരം ആസ്തികളുടെയും അനുമാനിക്കപ്പെട്ടിരിക്കുന്ന ഉപയോഗകാലാവധി താഴെ കൊടുത്തിരിക്കുന്നു.

| *ആസ്തികൾ* | *കാലാവധി (വർഷം)* |
|---|---|
| ഫാക്റ്ററി കെട്ടിടം | 30 |
| മറ്റ് കെട്ടിടങ്ങൾ | 60 |
| താൽക്കാലിക കെട്ടിടങ്ങൾ | 3 |
| പ്ലാന്റ് & എക്യുപ്മെന്റ് | 15 |
| ലാബ് എക്യുപ്മെന്റ് | 10 |

| | |
|---|---|
| ഫർണിച്ചർ & ഫിക്സ്ചേഴ്സ് | 10 |
| ഓഫീസ് എക്യൂപ്മെന്റ് | 5 |
| വാഹനങ്ങൾ | 8 |
| സ്കൂട്ടർ | 10 |
| ഇൻഫോർമേഷൻ ടെകനോളജി | 3 |
| ലാപ് ടോപ്, ഡെസ്ക് ടോപ് | 3 |

സ്ഥലം തേയ്മാന വിധേയമായ സ്ഥിരം ആസ്തിയല്ല. പാട്ടത്തിനെടുത്തിരിക്കുന്ന സ്ഥലങ്ങളും മറ്റ് ആസ്തികളും പാട്ടകാലാവധിയിലാണ് അമോർട്ടൈസ് ചെയ്യപ്പെടുന്നത്. കമ്പനീസ് ആക്റ്റ്, 2013 ഷെഡ്യൂൾ II ൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വിഭിന്നമായി, ടെക്നിക്കൽ എക്സ്പേർട്ടുകളുടെ അസസ്മെന്റിന്റെയും മാനേജ്മെന്റിന്റെ അനുമാനങ്ങളുടേയും അടിസ്ഥാനത്തിൽ വ്യത്യസ്ത ഉപയോഗ കാലാവധി സ്വീകരിക്കുന്നുണ്ട്. ഇങ്ങനെ നിർണ്ണയിക്കപ്പെടുന്നത് യാഥാർത്ഥ്യത്തോട് കൂടുതൽ നീതിപുലർത്തുന്നതും സത്യസന്ധവും ആണെന്ന് മാനേജ്മെന്റ് വിശ്വസിക്കുന്നു. ഓരോ ആസ്തിയുടേയും ഉപയോഗ കാലാവധിയും കാലഹരണ മൂല്യവും തേയ്മാന മെതേഡും ഓരോ വർഷാവസാനവും അവലോകനം ചെയ്യപ്പെടുന്നു. അങ്ങനെ മുൻ കാലങ്ങളിലെ അനുമാനങ്ങളിൽ വ്യതിയാനം ഉണ്ടാകുകയാണെങ്കിൽ, അവ അക്കൗണ്ടിംഗ് അനുമാനങ്ങളിലെ മാറ്റം ആയി അക്കൗണ്ട് ചെയ്യപ്പെടുന്നു.

**2.10 ആസ്തികളുടെ നീക്കം ചെയ്യൽ (ഡീറെക്കഗ്നീഷൻ)**

ആസ്തികൾ ഉപയോഗരഹിതമാകുമ്പോഴോ, അല്ലെങ്കിൽ സാമ്പത്തിക നേട്ടങ്ങൾ ഇല്ലാത്തവയാകുമ്പോഴോ, അല്ലെങ്കിൽ ഡിസ്പോസ് ചെയ്യുമ്പോഴോ സ്ഥിരം ആസ്തികളുടെ ബുക് വാല്യൂ ഡീറെക്കഗ്നൈസ് ചെയ്യുന്നു. ആസ്തികൾ ഡീറെക്കഗ്നൈസ്/ഡിസ്പോസ് ചെയ്യുമ്പോൾ ലഭിക്കുന്ന തുകയും ബുക് വാല്യൂവും തമ്മിലുള്ള വ്യത്യാസം ആയ ലാഭം/നഷ്ടം ഡിപ്രിസിയേഷൻ റിസർവിൽ അഡ്ജസ്റ്റ് ചെയ്യുന്നു.

**2.11 ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സും ക്യാപിറ്റൽ അഡ്വാൻസും**

ബാക്കിപത്ര തീയ്യതിയിൽ, നിർമ്മാണത്തിലുള്ള ആസ്തികൾ ആണ് ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സുകൾ. ബാക്കിപത്ര തീയ്യതിയിൽ, സ്ഥിരം ആസ്തികൾ വാങ്ങുന്നതിനായി നൽകിയിട്ടുള്ള മുൻകൂർ തുകകൾ ആണ് ക്യാപിറ്റൽ അഡ്വാൻസുകൾ. അവ ദീർഘകാല ആസ്തികളായി കാണിക്കുന്നു.

**2.12 വരുമാനം പരിഗണിക്കൽ**

a) **സർക്കാർ ഗ്രാന്റുകൾ**

വിവിധ സർക്കാർ പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി, നിബന്ധനകൾക്ക് വിധേയമായി സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നുണ്ട്. വർഷാവസാനം വിനിയോഗിക്കുവാനുള്ള ഗ്രാന്റുകൾ, ബാക്കിപത്രത്തിൽ ബാധ്യതയായി കാണിക്കുന്നു. സർക്കാരിൽ നിന്നും ലഭിക്കുന്ന നോൺ–പ്ലാൻ ഗ്രാന്റുകൾ, നോൺ–പ്ലാൻ ചെലവുകൾക്കായി വിനിയോഗിക്കുന്നു. റിവോൾവിംഗ് ഫണ്ട് ട്രസ്റ്റിൽ നിന്നും റിസ്ക് ഫണ്ട് ട്രസ്റ്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നോൺ പ്ലാൻ

ചെലവുകൾക്കുള്ളതാണ്. കൗൺസിലിന്റെ വിവിധ യൂണിറ്റുകൾക്കും അവയുടെ പ്രവർത്തനങ്ങൾക്കും വേണ്ടിയും സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നുണ്ട്. നിർദ്ദിഷ്ട പദ്ധതികൾക്കായി ചെലവാക്കാത്ത സർക്കാർ ഗ്രാന്റുകൾ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാകുന്നു. സപ്പോർട്ട് സ്കീമുകളിൽ നിന്നുള്ള വരുമാനം, ബന്ധപ്പെട്ട ചെലവുകൾ ഉണ്ടാകുന്ന കാലയളവിലാണ് റെക്കഗ്നൈസ് ചെയ്യുന്നത്. അവ വെവ്വേറെ ഹെഡ്ഡുകളിൽ കാണിക്കുന്നു.

എയ്ഡഡ് പദ്ധതികൾക്ക് കീഴിൽ വരാത്ത പദ്ധതി ചെലവുകളും മറ്റ് ഭരണനിർവ്വഹണ ചെലവുകളും കൗൺസിലിന്റെ തനത് വരുമാനത്തിൽ നിന്നും നോൺ–പ്ലാൻ ഗ്രാന്റിൽ നിന്നും ആണ് വിനിയോഗിക്കപ്പെടുന്നത്. അവ അൺ–എയ്ഡഡ് പദ്ധതി ഭരണനിർവ്വഹണ ചെലവുകളായി കാണിച്ചിരിക്കുന്നു.

b) **മറ്റ് വരുമാനം**

<u>കാർഷിക സ്കീമുകളിൽ നിന്നുള്ള വരുമാനം</u>

a) ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് വേണ്ടി, കേരള സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം, കൃഷിഭവനുകളിലൂടെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെയും, കർഷക വിപണികളിലൂടെ നേരിട്ടും, പച്ചക്കറി വിത്തുകൾ, തൈകൾ, നടീൽ വസ്തുക്കൾ മുതലായവ വിതരണം ചെയ്യുന്നുണ്ട്.

b) ചെറുകിട മാർജിനൽ കർഷകരുടെ ശാക്തീകരണവും പഴം പച്ചക്കറി മേഖലയുടെ ഉന്നമനവും ലക്ഷ്യമാക്കിയുള്ളതാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ. ഇവയിൽ നിന്നുള്ള വരുമാനം കൗൺസിലിന്റെ പദ്ധതി നടത്തിപ്പുമായുള്ള അനുബന്ധ ചെലവുകൾക്കും, ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കും, ഭരണനിർവ്വഹണ ചെലവുകൾക്കുമായി വിനിയോഗിക്കപ്പെടുന്നു.

<u>അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം</u>

a) പ്രധാന കാർഷിക പ്രവർത്തനങ്ങളെ സപ്പോർട്ട് ചെയ്യുന്നതിനായി കർഷകരിൽ നിന്നും പഴംപച്ചക്കറികൾ സംഭരണം ചെയ്ത് വിപണനം ചെയ്യുന്നതും, അതോടൊപ്പം പാക്ക് ഹൗസ് സൗകര്യങ്ങളും മണ്ണ് പരിശോധന സേവനങ്ങളും ലഭ്യമാക്കുന്നതും അനുബന്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

b) ഉൽപാദന ക്ഷമതയുടെ വർദ്ധനവിനായി ഗുണമേന്മയുള്ള വിത്തുകളും ഇൻപുട്ടുകളും ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് വിതരണം ചെയ്യുന്നതിനുമാണ് സർക്കാർ സ്കീമുകളിൽ നിന്നും സഹായം ലഭിക്കുന്നത്.

### 2.13 നീക്കിയിരിപ്പ് ചരക്കുകൾ

റോ മെറ്റീരിയൽസ്, വർക്ക്–ഇൻ–പ്രോഗ്രസ്സ്, ഫിനിഷ്ഡ് ഗുഡ്സ്, പാക്കിംഗ് മെറ്റീരിയൽസ്, സ്റ്റോഴ്സ്, സ്പെയേഴ്സ്, കോമ്പോണെന്റ്സ് തുടങ്ങിയവയാണ് നീക്കിയിരിപ്പ് ചരക്കുകൾ.

ചെലവായ തുകയോ ഈടാക്കാവുന്ന അറ്റ വിലയോ ഏതാണൊ കുറവ് അതാണ് നീക്കിയിരിപ്പ് ചരക്കുകളുടെ മൂല്യമായി പരിഗണിക്കുന്നത്. എന്നാൽ, വില്പന ചരക്കുകളുടെ ഉല്പാദനത്തിനായി ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെയും മറ്റുള്ളവയുടെയും മൂല്യം അവയുടെ ചെലവായ തുകയേക്കാൾ താഴ്ന്ന തുകയിൽ കാണിക്കുകയില്ല. ചെലവായ തുകയും ഈടാക്കാവുന്ന അറ്റ വിലയും തമ്മിലുള്ള താരതമ്യം, ഓരോ നീക്കിയിരിപ്പ് ചരക്കുകൾക്കും വെവ്വേറെ ആണ് നടത്തുന്നത്. നീക്കിയിരിപ്പ് ചരക്കുകളുടെ അറ്റ വില, സാധാരണ രീതിയിൽ വിറ്റാൽ ലഭിക്കുന്ന തുകയിൽ നിന്നും പ്രതീക്ഷിക്കുന്ന അനുബന്ധ ചെലവുകൾ കുറച്ചുള്ളതാണ്.

ചെലവായ തുക കണക്കാക്കുന്നത് ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് (ഫിഫോ) ബേസിസിൽ ആണ്. വാങ്ങിയ വില, ഡ്യൂട്ടി, ടാക്സ് (റീഫണ്ടബിൾ അല്ലാത്തവ), ഇപ്പോഴുള്ള സ്ഥാനത്തേക്കും അവസ്ഥയിലേക്കും കൊണ്ടുവന്ന് നിലനിർത്തിയതിന് ഉണ്ടായ ചെലവുകൾ തുടങ്ങിയവ ചെലവായ തുകകളിൽ പരിഗണിക്കുന്നു.

ഫിനീഷ്ഡ് ഗുഡ്സിന്റെയും വർക്ക്-ഇൻ-പ്രോഗ്രസ്സിന്റെയും ചെലവായ തുകകളിൽ, റോ മെറ്റീരിയൽസ് ചെലവുകൾ, പാക്കിംഗ് മെറ്റീരിയൽസ് ചെലവുകൾ, അവ ഇപ്പോഴുള്ള അവസ്ഥയിലേക്ക് മാറ്റിയെടുത്തതിന് ഉണ്ടായ ചെലവുകൾ തുടങ്ങിയവ ഉൾപ്പെടുന്നു.

## 2.14 വകയിരുത്തലുകളും കണ്ടിൻജന്റ് ബാധ്യതകളും

കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ ഫലമായി എന്തെങ്കിലും ബാധ്യത ഉണ്ടാകുന്നതിനുള്ള സാധ്യത നിലനിൽക്കുകയും, ആ ബാധ്യത സെറ്റിൽ ചെയ്യുന്നതിന് ആവശ്യമായ വിഭവവിനിയോഗം അനുമാനിക്കുവാൻ സാധിക്കുകയും ചെയ്യുന്നുവെങ്കിൽ ആണ് വകയിരുത്തലുകൾ നടത്തുന്നത്.

## 2.15 പ്രധാന അക്കൗണ്ടിംഗ് അനുമാനങ്ങൾ

കമ്പനിയുടെ സാമ്പത്തിക പത്രികകൾ തയ്യാറാക്കുമ്പോൾ, വരവ്, ചെലവ്, ആസ്തികൾ, ബാധ്യതകൾ, വെളിപ്പെടുത്തലുകൾ, കണ്ടിൻജെന്റ് ബാധ്യതകൾ എന്നിവയിലെല്ലാം മാനേജ്മെന്റിന് വിധിനിർണ്ണയങ്ങളും അനുമാനങ്ങളും കണക്കുകൂട്ടലുകളും ആവശ്യമായി വരുന്നുണ്ട്. അങ്ങനെ ചെയ്യുന്നതിലെ അനിശ്ചിതത്വം കാരണം, ആസ്തികളുടെ/ബാധ്യതകളുടെ ബുക്ക് വാല്യുവിൽ പിന്നീട് മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്.

അക്കൗണ്ടിംഗ് അനുമാനങ്ങളിലും നിർണ്ണയങ്ങളിലും, റിപ്പോർട്ടിംഗ് തീയ്യതിയിൽ അനിശ്ചിതത്വം ഉള്ളതിനാൽ, താഴെ പരാമർശിക്കുന്ന ആസ്തികളുടെയും ബാധ്യതകളുടെയും ബുക്ക് വാല്യുവിൽ അടുത്ത വർഷം മാറ്റം വന്നേക്കാം.

1. **ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

ഡിഫൈൻഡ് ബെനഫിറ്റ് ഒബ്ലിഗേഷൻസ്: നടപ്പ് വർഷം ജീവനക്കാർക്ക് കൊടുക്കുവാനുള്ള എല്ലാ ആനുകൂല്യങ്ങളും അക്കൗണ്ട് ചെയ്തിട്ടുണ്ട്. വർഷാവസാന ആനുകൂല്യങ്ങൾക്കും ലീവ് എൻക്യാഷ്മെന്റ് ഫണ്ടുകളിലേക്കുമുള്ള വിഹിതം എൽ.ഐ.സി. യുടെ സ്കീമുകളിലേക്ക് അടയ്ക്കുന്നുണ്ട്. ജീവനക്കാരുടെ സേവനങ്ങൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും 12 മാസത്തിനുള്ളിൽ തന്നെ നൽകേണ്ടവയാണെങ്കിൽ, സേവനങ്ങൾ ലഭ്യമാകുന്ന കാലയളവിൽ

തന്നെ പരിഗണിക്കപ്പെടുന്നു. അത്, പ്രസ്തുത സേവനങ്ങൾക്ക് ഇതിനോടകം നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ കിഴിച്ച്, അൺഡിസ്‌ക്കൗണ്ടട് വാല്യൂവിൽ ആണ് കാണിക്കുന്നത്.

2. **ഇൻകം ടാക്സ്**

മുൻവർഷങ്ങളിലെ അസ്സസ്സ്മെന്റുമായി ബന്ധപ്പെട്ട് 10.09 കോടി രൂപയുടെ ഡിമാന്റ് നോട്ടീസ് ഇൻകം ടാക്സ് വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട് (കുറിപ്പ് 23). ഇതിനെതിരെ, ഇൻകം ടാക്സ് (അപ്പീൽ കൊച്ചി) മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്. ഇൻകം ടാക്സ് ആക്റ്റ് 1961, വകുപ്പ് 12 AA ഉത്തരവ് നമ്പർ CIT/CHN/12A/Tech 193/2000-01, Dated 17/05/2001 പ്രകാരം ചാരിറ്റബിൾ സ്ഥാപനമായാണ് കൗൺസിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. കൗൺസിലിന്റെ മിച്ചം നിശ്ചിത ചാരിറ്റബിൾ ലക്ഷ്യങ്ങൾക്ക് വേണ്ടി മാത്രമേ വിനിയോഗിക്കുന്നുള്ളു. അതുകൊണ്ട് ഇൻകം ടാക്സ് അസ്സറ്റ്, ലയബിലിറ്റി എന്നിവയും പരിഗണിച്ചിട്ടില്ല.

**2.16 ലീസ് അക്കൗണ്ടിംഗ്**

വിവിധ സ്വാശ്രയ കർഷക സംഘങ്ങൾക്കായി 123 കർഷക വിപണികൾ, കൗൺസിൽ ലീസിന് നല്കിയിട്ടുണ്ട്. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം വരവു ചെലവു കണക്കുകളിൽ ഉൾപ്പെട്ടിട്ടുണ്ട് (കുറിപ്പ് 19).

**2.17 റിപ്പോർട്ടിംഗ് തീയ്യതിയ്ക്ക് ശേഷമുള്ള കാര്യങ്ങൾ (ഇവന്റ്സ്)**

ബാക്കിപത്ര തീയ്യതിയ്ക്ക് ശേഷം നടക്കുന്ന കാര്യങ്ങളെ കുറിച്ച് റിപ്പോർട്ടിംഗ് പീരിയഡിൽ വ്യക്തത ഉണ്ടെങ്കിൽ, അവയുടെ അനന്തരഫലം സാമ്പത്തിക പത്രികകളിൽ വെളിപ്പെടുത്തുന്നു. അല്ലാത്ത പക്ഷം, കമ്പനിയെ സാരമായി ബാധിക്കുന്ന ഇവന്റ്സ് മാത്രമേ വെളിപ്പെടുത്തുന്നുള്ളു.

<u>അനുബന്ധങ്ങൾ:</u>

1. 2024–25 സാമ്പത്തിക വർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളും വിനിയോഗവും
2. എയ്ഡഡ് പദ്ധതികൾ: സർക്കാർ ഗ്രാന്റുകളും വിനിയോഗവും (പദ്ധതി തിരിച്ച്) 2024–25
3. 2024–25 സാമ്പത്തിക വർഷത്തിലെ കാർഷിക സ്കീമുകളിൽ നിന്നും അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നും ഉള്ള വരുമാനം
4. സ്ഥിരം ആസ്തികൾ
5. 2024–25 സാമ്പത്തിക വർഷത്തെ ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്

| | 2024-25 (Rs.) | 2023-24 (Rs.) |
|---|---|---|
| **കുറിപ്പ് 3 : ക്യാപിറ്റൽ ഫണ്ട്** A* | | |
| (a) ഓഹരി മൂലധനം | | |
| (i) അംഗീകൃത മൂലധനം (1000 രൂപ മുഖവിലയുള്ള 10000 സാധാരണ ഓഹരികൾ) | 100,00,000 | 1,00,00,000 |
| (ii) ഇഷ്യൂ ചെയ്ത്, അടച്ചുതീർത്ത ഓഹരി മൂലധനം (1000 രൂപയുടെ 2056 ഓഹരികൾ, മുൻ വർഷം 2056) | 20,56,000 | 20,56,000 |
| ആകെ ഇഷ്യൂ ചെയ്തത് | 20,56,000 | 20,56,000 |
| (b) ക്യാപിറ്റൽ റിസർവ്വ് | | |
| മുൻ നീക്കിയിരിപ്പ് | 67,56,43,404 | 65,75,68,543 |
| ആസ്തികൾ വാങ്ങുന്നതിന് വിനിയോഗിച്ച ഗ്രാന്റ് | 5,32,71,812 | 3,44,70,095 |
| കുറയ്ക്കുക : നീക്കപ്പെട്ട ആസ്തികൾ (വാഹനങ്ങൾ, WIP) | (10,890,332) | (32,268) |
| കുറയ്ക്കുക : തേയ്മാനാനുപാതിക അമോർട്ടൈസേഷൻ | (1,96,41,062) | (1,63,62,966) |
| ആകെ നീക്കിയിരിപ്പ് | 69,83,83,822 | 67,56,43,404 |
| **കുറിപ്പ് 4 : നീക്കിയിരിപ്പ്/(കമ്മി)** | | |
| (a) മുൻ നീക്കിയിരിപ്പ് | (9,37,46,535) | (7,52,71,437) |
| (b) വരുമാനത്തേക്കാൾ അധികച്ചെലവ് (കമ്മി) | (2,33,99,800) | (1,84,75,098) |
| ആകെ കമ്മി | (11,71,46,335) | (9,37,46,535) |
| **കുറിപ്പ് 5 : ദീർഘകാല ബാധ്യതകൾ** | | |
| (a) സെക്യൂരിറ്റി ഡെപ്പോസിറ്റ് & EMD (ബാധ്യത) | 1,11,48,038 | 3,16,93,134 |
| (b) റീടെൻഷൻ (ബാധ്യത) | 45,67,980 | 46,69,025 |
| (c) ഫ്രാഞ്ചൈസി ഡെപ്പോസിറ്റ് (ബാധ്യത) | 11,46,000 | 11,46,000 |
| (d) പദ്ധതികൾക്കായി മുൻകൂർ ലഭിച്ചത് | 1,41,64,069 | 4,68,99,151 |
| ആകെ | 3,10,26,087 | 8,44,07,310 |
| **കുറിപ്പ് 6 : സർക്കാർ പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റുകൾ (പ്ലാൻ ഫണ്ട്)** A* | | |
| (a) മുൻ നീക്കിയിരിപ്പ് (നടപ്പിലിരിക്കുന്ന പദ്ധതികൾക്ക്) | 2,60,73,829 | 7,07,41,833 |
| (b) നടപ്പ് വർഷം ലഭിച്ച ഗ്രാന്റുകൾ | 15,87,57,614 | 24,82,54,617 |
| (c) കുറയ്ക്കുക : സർക്കാർ പിൻവലിച്ച ഗ്രാന്റ് | - | (3,36,93,411) |
| | 18,48,31,443 | 28,53,03,039 |
| (d) കുറയ്ക്കുക : പദ്ധതികൾക്കായി വിനിയോഗിച്ചത് | (19,82,00,067) | (25,28,03,783) |
| (e) പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ (മുൻവർഷം) | 9,77,90,862 | 9,13,65,435 |
| (f) കുറയ്ക്കുക : പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ (നടപ്പ് വർഷം) | (5,83,20,446) | (9,77,90,862) |
| | (15,87,29,651) | (25,92,29,210) |
| (g) നീക്കിയിരിപ്പ് (നടപ്പിലിരിക്കുന്ന പദ്ധതികൾക്ക്) | 2,61,01,792 | 2,60,73,829 |

| | | |
|---|---|---|
| **കുറിപ്പ് 7 : കൊടുത്ത് തീർക്കാനുള്ളവ** A* | | |
| (a) സീഡ് പ്രോസസ്സിങ് പ്ലാന്റ് (പാലക്കാട്) | 76,12,979 | 61,22,911 |
| (b) ഹൈ–ടെക് സീഡ്‌ലിംഗ് സെന്റർ (നടുക്കര, മുവാറ്റുപുഴ) | 75,757 | - |
| (c) കൃഷി ബിസിനസ്സ് കേന്ദ്ര (എറണാകുളം) | 50,67,246 | 68,50,491 |
| (d) കൃഷി ബിസിനസ്സ് കേന്ദ്ര (തിരുവനന്തപുരം) | 6,09,125 | 1,18,500 |
| (e) കൃഷി ബിസിനസ്സ് കേന്ദ്ര (കാസർഗോഡ്) | 1,14,301 | 1,56,556 |
| (f) തളിർ (കൊട്ടാരക്കര) | 6,89,489 | 15,11,969 |
| (g) ടിഷ്യൂ കൾച്ചർ ലാബ്, ആലത്തൂർ | 3,143 | - |
| (h) ബയോ കൺട്രോൾ ലാബ് (അയിലൂർ, പാലക്കാട്) | 18,544 | - |
| (i) കട്ട് വെജിറ്റബിൾ യൂണിറ്റ്, Tvm | 15,756 | - |
| (j) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, ചെങ്കൽ Tvm | - | 7,500 |
| (k) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, കുര്യം Ktm | - | 2,320 |
| (l) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, എടക്കാട്ടുവയൽ Ekm | 10,680 | 7,522 |
| (m) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, മരോട്ടിച്ചാൽ Tsr | 4,61,980 | 53,827 |
| (n) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, പെരുമാട്ടി Pkd | 2,09,359 | 910 |
| (o) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, മങ്കട Mlp | 1,19,613 | 8,69,136 |
| (p) ജില്ലാ കേന്ദ്രം (തിരുവനന്തപുരം) | 8,50,695 | 10,21,892 |
| (q) ജില്ലാ കേന്ദ്രം (കൊല്ലം) | 18,46,125 | 12,02,519 |
| (r) ജില്ലാ കേന്ദ്രം (പത്തനംതിട്ട) | 5,63,384 | 24,51,525 |
| (s) ജില്ലാ കേന്ദ്രം (ആലപ്പുഴ) | 8,97,899 | 20,73,844 |
| (t) ജില്ലാ കേന്ദ്രം (കോട്ടയം) | 11,55,644 | 8,30,028 |
| (u) ജില്ലാ കേന്ദ്രം (ഇടുക്കി) | 16,70,490 | 14,03,114 |
| (v) ജില്ലാ കേന്ദ്രം (എറണാകുളം) | 2,41,750 | 3,28,379 |
| (w) ജില്ലാ കേന്ദ്രം (തൃശ്ശൂർ) | 2,73,485 | 8,54,406 |
| (x) ജില്ലാ കേന്ദ്രം (പാലക്കാട്) | 14,34,931 | 23,78,303 |
| (y) ജില്ലാ കേന്ദ്രം (മലപ്പുറം) | 15,52,230 | 11,95,952 |
| (z) ജില്ലാ കേന്ദ്രം (കോഴിക്കോട്) | 27,75,947 | 35,86,628 |
| (aa) ജില്ലാ കേന്ദ്രം (വയനാട്) | 86,389 | 3,00,001 |
| (ab) ജില്ലാ കേന്ദ്രം (കണ്ണൂർ) | 4,93,749 | 3,14,915 |
| (ac) ജില്ലാ കേന്ദ്രം (കാസർകോട്) | 4,68,811 | 1,00,000 |
| (ad) ഹെഡ് ക്വാർട്ടേർസ് തലത്തിൽ കൊടുത്ത് തീർക്കുവാനുള്ളത് | 50,531 | 72,566 |
| ആകെ | 2,93,70,032 | 3,38,15,714 |
| **കുറിപ്പ് 8 : മറ്റ് ഹ്രസ്വകാല ബാധ്യതകൾ** A* | | |
| (a) സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് | | |
| റ്റി.ഡി.എസ് | 41,779 | 86,825 |
| ജി.എസ്.റ്റി. | (1,43,716) | 9,37,864 |

| | | |
|---|---|---|
| സ്റ്റാറ്റ്യൂട്ടറി ഡ്യൂസ്/ ശമ്പളത്തിൽ നിന്നും പിടിച്ചത് | 24,53,982 | 19,78,133 |
| (b) മുൻകൂർ ലഭിച്ചത് | 1,48,73,328 | 1,17,15,011 |
| (c) വർഷാവസാന ഗ്രാറ്റ്യൂവിറ്റി ബാധ്യത (LIC) | 1,15,48,546 | 1,15,48,546 |
| (d) GLES കോൺട്രിബ്യൂഷൻ ബാധ്യത (LIC) | 1,15,56,810 | 1,15,56,810 |
| (e) DA അരിയർ ബാധ്യത | 1,45,46,111 | 1,47,01,857 |
| (f) ബെനഫീഷ്യറി കോൺട്രിബ്യൂഷൻസ്/മറ്റ് ബാധ്യതകൾ | 1,19,34,956 | 1,12,23,908 |
| (g) ഇൻപുട് റിവോൾവിംഗ് അഡ്വാൻസ് – യൂണിറ്റ്സ് (IRF) | 3,74,00,000 | 2,50,00,000 |
| (h) SKS ഡെവലപ്മെന്റ് & സ്റ്റബിലൈസേഷൻ സപ്പോർട്ട് | 1,06,06,755 | 1,44,89,285 |
| (i) ചെലവിനത്തിൽ കൊടുക്കാനുള്ളവ | 12,98,953 | 3,47,502 |
| ആകെ | 11,61,17,504 | 10,35,85,741 |
| **കുറിപ്പ് 9 : ഹ്രസ്വകാല വകയിരുത്തലുകൾ** | | |
| (a) ജീവനക്കാരുടെ ആനുകൂല്യങ്ങൾക്ക് വേണ്ടി വകയിരുത്തിയത് വർഷാവസാന ലീവ് എൻക്യാഷ്മെന്റിന് വകയിരുത്തിയത് | 43,84,777 | 34,23,709 |
| ആകെ | 43,84,777 | 34,23,709 |
| **കുറിപ്പ് 10 : സ്ഥിരം ആസ്തികൾ** A* | | |
| (a) സ്ഥിരം ആസ്തികൾ (മുൻ വർഷം) | 68,85,65,930 | 65,47,41,194 |
| (b) നടപ്പ് വർഷം പുതിയതായി ചേർക്കപ്പെട്ടവ | 5,32,71,812 | 3,44,70,095 |
| (c) നടപ്പ് വർഷം നീക്കപ്പെട്ടവ | (1,17,31,462) | (6,45,359) |
| | 73,01,06,280 | 68,85,65,930 |
| (d) തേയ്മാന കിഴിവ് (മുൻ നീക്കിയിരിപ്പ്) | 21,52,63,320 | 19,95,13,445 |
| (e) നടപ്പ് വർഷ തേയ്മാന കിഴിവ് | 1,96,41,062 | 1,63,62,966 |
| (f) നീക്കപ്പെട്ടവയിൻമേലുള്ള തേയ്മാന കിഴിവ് | (8,41,130) | (6,13,091) |
| | 23,40,63,252 | 21,52,63,320 |
| ആസ്തികളുടെ അറ്റമൂല്യം | 49,60,43,028 | 47,33,02,610 |
| **കുറിപ്പ് 11 : നിക്ഷേപങ്ങൾ** A* | | |
| (a) VAFPC Ltd. ന്റെ ഓഹരികളിലുള്ള നിക്ഷേപം | 1,48,000 | 1,48,000 |
| (1000 രൂപയുടെ 148 ഓഹരികൾ, മുൻ വർഷം 148 ഓഹരികൾ) | | |
| (b) നിക്ഷേപം, VFPCK റിസ്ക് ഫണ്ട് ട്രസ്റ്റ് (കോർപസ്) | 1,000 | 1,000 |
| ആകെ | 1,49,000 | 1,49,000 |
| **കുറിപ്പ് 12 : ദീർഘകാല വായ്പകൾ & അഡ്വാൻസുകൾ** A* | | |
| (a) വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലി.ന് നൽകിയ വായ്പ | | |
| (i) VAFPC Ltd. ന് നൽകിയ പ്രവർത്തനമൂലധന വായ്പ | 6,88,45,488 | 6,88,45,488 |
| (ii) VAFPC Ltd. ന് നൽകിയ മറ്റ് മുൻകൂർ തുകകൾ | 1,02,70,869 | 1,02,70,869 |
| ആകെ | 7,91,16,357 | 7,91,16,357 |

| | | |
|---|---|---|
| **കുറിപ്പ് 13 : മറ്റ് ദീർഘകാല ആസ്തികൾ** A* | | |
| (a) ഇറക്കുമതി തീരുവ ഇനത്തിൽ തിരികെ ലഭിക്കാനുള്ളത് | 4,54,10,258 | 4,54,10,258 |
| | 4,54,10,258 | 4,54,10,258 |
| (b) ഡെപ്പോസിറ്റുകൾ | | |
| i) സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ | 2,82,168 | 2,67,553 |
| ii) റെന്റ് ഡെപ്പോസിറ്റുകൾ | 8,59,000 | 8,93,437 |
| | 11,41,168 | 11,60,990 |
| ആകെ | 4,65,51,426 | 4,65,71,248 |
| **കുറിപ്പ് 14 : നീക്കിയിരിപ്പ് ചരക്കുകൾ** A* | | |
| (a) സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ്, പാലക്കാട് | 82,36,181 | 70,13,478 |
| (b) ഹൈ–ടെക് സീഡ്ലിംഗ് സെന്റർ (നടുക്കര, മുവാറ്റുപുഴ) | 2,86,467 | 5,02,474 |
| (c) കൃഷി ബിസിനസ്സ് കേന്ദ്ര, എറണാകുളം | 57,32,321 | 49,94,936 |
| (d) കൃഷി ബിസിനസ്സ് കേന്ദ്ര, തിരുവനന്തപുരം | 5,76,816 | 13,78,167 |
| (e) കൃഷി ബിസിനസ്സ് കേന്ദ്ര, കാസർഗോഡ് | 7,22,217 | 7,97,470 |
| (f) കൃഷി ബിസിനസ്സ് കേന്ദ്ര (പ്രൊഡക്ഷൻ സെന്റർ), ആലുവ | 17,86,831 | 38,36,137 |
| (g) തളിർ, കൊട്ടാരക്കര | 5,437 | 1,75,068 |
| (h) ടിഷ്യൂ കൾച്ചർ ലാബ് (SPP, ആലത്തൂർ) | 53,664 | 1,40,590 |
| (i) സോയിൽ ലാബ് (SPAAC, ആലപ്പുഴ) | 33,489 | 34,929 |
| (j) ബയോ കൺട്രോൾ ലാബ് (അയിലൂർ, പാലക്കാട്) | 85,671 | 1,04,774 |
| (k) കട്ട് വെജിറ്റബിൾ യൂണിറ്റ്, തിരുവനന്തപുരം | 59,587 | - |
| (l) പ്രൈമറി പ്രോസ്സസിംഗ് സെന്ററുകൾ | 76,236 | 88,821 |
| (m) ജില്ലാ കേന്ദ്രങ്ങൾ | 16,19,974 | 22,04,872 |
| ആകെ | 1,92,74,891 | 2,12,71,716 |
| **കുറിപ്പ് 15 : പിരിഞ്ഞ് കിട്ടുവാനുള്ളവ** A* | | |
| (a) സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ്, പാലക്കാട് | 1,98,99,409 | 1,04,40,898 |
| (b) ഹൈ–ടെക് സീഡ്ലിംഗ് സെന്റർ (നടുക്കര, മുവാറ്റുപുഴ) | 28,32,561 | 27,47,282 |
| (c) കൃഷി ബിസിനസ്സ് കേന്ദ്ര, എറണാകുളം | 1,06,37,300 | 71,47,506 |
| (d) കൃഷി ബിസിനസ്സ് കേന്ദ്ര, തിരുവനന്തപുരം | 7,87,895 | 18,65,532 |
| (e) കൃഷി ബിസിനസ്സ് കേന്ദ്ര, കാസർഗോഡ് | 3,23,800 | 3,24,722 |
| (f) തളിർ, കൊട്ടാരക്കര | 6,71,156 | 19,59,310 |
| (g) മണ്ണ് പരിശോധന കേന്ദ്രം (SPAAC), മലപ്പുറം | 2,55,000 | - |
| (h) മണ്ണ് പരിശോധന കേന്ദ്രം (SPAAC), ആലപ്പുഴ | 8,56,800 | - |
| (i) പാക്ക് ഹൗസ് (വയനാട്) | 54,001 | 45,001 |
| (j) കട്ട് വെജിറ്റബിൾ യൂണിറ്റ്, തിരുവനന്തപുരം | 4,586 | - |

| | | |
|---|---|---|
| (k) വി.എഫ്.പി.എം.സി, കാക്കനാട് | (10,107) | (10,107) |
| (l) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, ചെങ്കൽ | 58,545 | 3,300 |
| (m) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, എളമാട് | 3,07,611 | 48,664 |
| (n) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, കുര്യം | 39,100 | 55,011 |
| (o) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, എടക്കാട്ടുവയൽ | 4,51,615 | 17,004 |
| (p) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, മരോട്ടിച്ചാൽ | 4,21,634 | 49,900 |
| (q) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, പെരുമാട്ടി | 7,826 | 7,700 |
| (r) പ്രൈമറി പ്രോസ്സസിംഗ് സെന്റർ, മങ്കട | 3,61,270 | 5,78,396 |
| (s) ജില്ലാ കേന്ദ്രം (തിരുവനന്തപുരം) | 19,81,354 | 25,46,297 |
| (t) ജില്ലാ കേന്ദ്രം (കൊല്ലം) | 34,19,569 | 24,74,609 |
| (u) ജില്ലാ കേന്ദ്രം (പത്തനംതിട്ട) | 10,88,257 | 31,10,401 |
| (v) ജില്ലാ കേന്ദ്രം (ആലപ്പുഴ) | 9,15,692 | 26,97,327 |
| (w) ജില്ലാ കേന്ദ്രം (കോട്ടയം) | 18,19,115 | 17,37,271 |
| (x) ജില്ലാ കേന്ദ്രം (ഇടുക്കി) | 17,92,538 | 27,79,953 |
| (y) ജില്ലാ കേന്ദ്രം (എറണാകുളം) | 16,40,956 | 41,63,309 |
| (z) ജില്ലാ കേന്ദ്രം (തൃശ്ശൂർ) | 25,62,172 | 77,26,756 |
| (aa) ജില്ലാ കേന്ദ്രം (പാലക്കാട്) | 23,77,744 | 49,76,720 |
| (ab) ജില്ലാ കേന്ദ്രം (മലപ്പുറം) | 67,04,243 | 25,32,293 |
| (ac) ജില്ലാ കേന്ദ്രം (കോഴിക്കോട്) | 32,54,178 | 51,24,543 |
| (ad) ജില്ലാ കേന്ദ്രം (വയനാട്) | 7,78,385 | 6,45,031 |
| (ae) ജില്ലാ കേന്ദ്രം (കണ്ണൂർ) | 11,73,938 | 13,58,725 |
| (af) ജില്ലാ കേന്ദ്രം (കാസർകോട്) | 16,18,321 | 13,24,967 |
| (ag) ഹെഡ് ക്വാർട്ടേർസ് തലത്തിൽ പിരിഞ്ഞ് കിട്ടാനുള്ളത് | 9,33,851 | 39,23,247 |
| (ah) നാഷണൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് | 71,43,424 | 71,43,424 |
| (ai) മറ്റുള്ളവ | 17,05,953 | 17,05,953 |
| പിരിഞ്ഞ് കിട്ടുവാനുള്ള മൊത്തം തുക | 7,88,69,692 | 8,12,50,945 |
| കുറയ്ക്കുക: വകയിരുത്തലുകൾ | | |
| *(പിരിഞ്ഞു കിട്ടാൻ സാധ്യത കുറവുള്ളവക്ക്)* | | |
| (a) നാഷനൽ ഇൻഷുറൻസ് കമ്പനിയിൽ നിന്നുള്ളത് | (21,91,340) | (21,91,340) |
| (b) കയറ്റുമതി പ്രോൽസാഹനപദ്ധതികളിൽ നിന്നുള്ളത് | (17,05,953) | (17,05,953) |
| (c) മറ്റ് ലഭിക്കാനുള്ളവ | (3,79,685) | (3,79,685) |
| | (42,76,978) | (42,76,978) |
| പിരിഞ്ഞ് കിട്ടുവാനുള്ള അറ്റ തുക | 7,45,92,714 | 7,69,73,967 |
| **കുറിപ്പ് 16 : ക്യാഷ് & ബാങ്ക് ബാലൻസ്** A* | | |
| (a) പദ്ധതികൾക്കുള്ള ഫണ്ട് (Scheme Fund) | | |
| (i) സർക്കാർ ട്രഷറി അക്കൗണ്ടിൽ | 43 | 3,21,343 |

| | | |
|---|---|---|
| (ii) ബാങ്ക് അക്കൗണ്ടുകളിൽ | 3,49,25,302 | 8,20,49,977 |
| (iii) നീക്കിയിരിപ്പ് ക്യാഷ് | 6,845 | - |
| ആകെ | 3,49,32,190 | 8,23,71,320 |
| (b) മറ്റ് ഫണ്ട് (Own Fund) | | |
| (i) ബാങ്ക് അക്കൗണ്ടുകളിൽ | 3,42,27,962 | 4,86,23,685 |
| (ii) നീക്കിയിരിപ്പ് ക്യാഷ് | 1,44,425 | 1,44,117 |
| ആകെ | 3,43,72,387 | 4,87,67,802 |
| **കുറിപ്പ് 17 : ഹ്രസ്വകാല വായ്പകളും അഡ്വാൻസുകളും** | | |
| (a) വിത്തുൽപാദകർക്കുള്ള അഡ്വാൻസുകൾ (SPP) | - | 19,039 |
| (b) ജീവനക്കാർക്കുള്ള അഡ്വാൻസുകൾ | 2,33,917 | 1,52,512 |
| (c) നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് (മെഡീക്ലെയിം) | 72,723 | 3,76,950 |
| (d) ഇൻഡ്യൻ ഓയിൽ കോർപറേഷൻ (പെട്രോ കാർഡ്) | 87,728 | 1,15,048 |
| (e) റിവോൾവിങ്ങ് ഫണ്ട് ട്രസ്റ്റ് (RF Trust) | (5,13,977) | (5,13,977) |
| (f) ഇംപ്ലിമെന്റേഷൻ അഡ്വാൻസുകൾ | 5,255 | 15,14,104 |
| (g) ബിൽ ഡിസ്കൗണ്ടിംഗ് ചാർജ് ലഭിക്കുവാനുള്ളത് (GoK) | 4,08,602 | 7,89,717 |
| (h) മറ്റുള്ളവ/പിരിഞ്ഞ് കിട്ടുവാനുള്ളവ | 6,15,290 | 1,55,846 |
| ആകെ | 9,09,538 | 26,09,239 |
| **കുറിപ്പ് 18: മറ്റ് ഹ്രസ്വകാല ആസ്തികൾ** | | |
| (a) സ്രോതസ്സിൽ നിന്നും പിരിച്ച നികുതി | 43,52,148 | 41,25,913 |
| ആകെ | 43,52,148 | 41,25,913 |
| **കുറിപ്പ് 19: കാർഷിക സ്കീമുകളിൽ നിന്നുള്ള വരുമാനം** | | |
| (a) കാർഷിക സ്കീമുകളിൽ നിന്നുള്ള മൊത്തവരുമാനം (അനുബന്ധം 3 കാണുക) | 17,27,03,235 | 32,09,27,471 |
| കുറയ്ക്കുക: സംഭരണ സംസ്ക്കരണ വിതരണ ചെലവുകൾ | (8,82,81,057) | (22,09,60,068) |
| കാർഷിക സ്കീമുകളിൽ നിന്നുള്ള അറ്റ വരുമാനം | 8,44,22,178 | 9,99,67,403 |
| കുറയ്ക്കുക: ശമ്പളവും ആനുകൂല്യങ്ങളും/മറ്റ് ചെലവുകൾ* | (4,39,66,807) | (4,43,61,251) |
| അറ്റ വരുമാനം/(കമ്മി) | 4,04,55,371 | 5,56,06,152 |
| ** ശമ്പളവും ആനുകൂല്യങ്ങളും/മറ്റ് ചെലവുകൾ കാർഷിക സ്കീമുകളുമായി ബന്ധപ്പെട്ടവയാണ്.* | | |
| (b) അനുബന്ധപ്രവർത്തനങ്ങളിൽ നിന്നുള്ള മൊത്തവരുമാനം (അനുബന്ധം 3 കാണുക) | 10,20,74,853 | 9,37,03,041 |
| കുറയ്ക്കുക: അനുബന്ധപ്രവർത്തന ചെലവുകൾ | (7,23,83,352) | (6,96,26,598) |
| അനുബന്ധപ്രവർത്തനങ്ങളിൽ നിന്നുള്ള അറ്റ വരുമാനം | 2,96,91,501 | 2,40,76,443 |
| (c) നോൺ പ്ലാൻ ചെലവുകൾക്കുള്ള ഗ്രാന്റുകൾ: | | |
| റിവോൾവിംഗ് ഫണ്ട് ട്രസ്റ്റ് | 6,00,00,000 | 6,00,00,000 |
| കേരള സർക്കാർ (നോൺ പ്ലാൻ) | 42,67,000 | 31,38,750 |

| | | |
|---|---|---|
| റിസ്ക് ഫണ്ട് ട്രസ്റ്റ് | 22,02,455 | 15,00,000 |
| | 6,64,69,455 | 6,46,38,750 |
| ആകെ | 18,05,83,134 | 18,86,82,596 |
| **കുറിപ്പ് 20 : മറ്റ് വരുമാനങ്ങൾ** | | |
| ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വരുമാനം | 38,91,857 | 46,03,450 |
| ആകെ | 38,91,857 | 46,03,450 |
| **കുറിപ്പ് 21 : ജീവനക്കാർക്കുള്ള ചെലവുകളും മറ്റ് നോൺ പ്ലാൻ ചെലവുകളും** A* | | |
| (a) ജീവനക്കാർക്കുള്ള ചെലവുകൾ | | |
| (i) ശമ്പളവും ആനുകൂല്യങ്ങളും | 186,360,177 | 18,63,96,443 |
| (ii) പ്രൊവിഡന്റ് ഫണ്ട് വിഹിതം | 76,92,803 | 82,71,434 |
| (iii) ഇ.എസ്.ഐ. വിഹിതം | 5,22,896 | 6,14,544 |
| (iv) ഗ്രൂപ്പ് ഗ്രാറ്റുവിറ്റി ഫണ്ട് വിഹിതം (LIC) | 2,50,000 | 27,50,000 |
| (v) ലീവ് എൻക്യാഷ്മെന്റ് ഫണ്ട് വിഹിതം - GLES (LIC) | 6,00,000 | 3,97,924 |
| (vi) മെഡിക്കൽ ആനുകൂല്യങ്ങൾ | 28,89,000 | 63,94,145 |
| (vii) ഗ്രൂപ്പ് ഇൻഷൂറൻസ്/മറ്റ് ആനുകൂല്യം | 1,88,506 | 1,98,099 |
| (viii) ശമ്പളവും ആനുകൂല്യങ്ങളും (സി.ഇ.ഒ & എക്സിക്യൂട്ടീവ്സ്) | 33,81,018 | 24,07,215 |
| (ix) ശമ്പളവും ആനുകൂല്യങ്ങളും (ഡെപ്യൂട്ടേഷൻ ജീവനക്കാർ) | 1,82,807 | 1,19,706 |
| (x) വർഷാവസാന ലീവ് എൻക്യാഷ്മെന്റിന് വകയിരുത്തിയത് | 9,61,068 | 5,59,808 |
| ആകെ | 20,30,28,275 | 20,81,09,318 |
| (b) പദ്ധതി ചെലവുകൾ (അൺ എയ്ഡഡ്) | 48,46,516 | 36,51,826 |
| ആകെ പദ്ധതിയിതര (നോൺ പ്ലാൻ) ചെലവുകൾ | 20,78,74,791 | 21,17,61,144 |
| **കുറിപ്പ് 22 :പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ (കുറിപ്പ് 2 കാണുക)** | | |
| നടപ്പിലിരിക്കുന്ന പദ്ധതികൾക്ക് നൽകിയത് : | | |
| (a) ഫാർമർ നോളഡ്ജ് സെന്റർ, Tvm – KLDC | 65,14,232 | 65,14,232 |
| (b) ഓർഗാനിക് ഇൻപുട് യൂണിറ്റ്, KBK Ekm – KLDC | 1,68,33,240 | 1,68,33,240 |
| (c) ടി. സി. യൂണിറ്റ് (KBK Ekm) – KLDC | 1,11,82,641 | 1,81,16,782 |
| (d) ഞങ്ങളും കൃഷിയിലേക്ക് പദ്ധതി – KBK Ekm | 3,29,119 | 70,07,479 |
| (e) കേര കർഷക സമിതി (പായ്ക്ക് ഹൗസ്, തൃശ്ശൂർ) | 1,04,62,500 | 1,04,62,500 |
| (f) മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം (PPC Units) | 10,00,000 | 22,56,544 |
| (g) ഗുണമേന്മ മെച്ചപ്പെടുത്തൽ– SPP (RKVY) | - | 62,23,853 |
| (h) ടി. സി. യൂണിറ്റ്, KBK Ekm | 14,90,267 | - |
| (i) പായ്ക്ക് ഹൗസ്, വയനാട് | (2,81,775) | (2,81,775) |
| (j) ജില്ലാതലങ്ങളിൽ സ്കീമുകൾക്ക് ഉള്ളവ | 95,42,876 | 1,50,65,541 |
| (k) SHM-ഓപൺ പ്രിസിഷൻ ഫാമിംഗ്– KBK, Ekm | 5,71,283 | 1,21,71,546 |
| (l) താൽകാലിക ഷെഡുകൾ–(SKSs) | 29,291 | 19,49,760 |

| | | |
|---|---|---|
| (m) ഹെഡ് ക്വാർട്ടേഴ്സ് തല സ്കീമുകൾക്ക് ഉള്ളവ | 5,26,772 | 11,51,160 |
| (n) കർഷക സമിതികൾ (SKSs) | 1,20,000 | 3,20,000 |
| ആകെ | 5,83,20,446 | 9,77,90,862 |
| **കുറിപ്പ് 23 : കണ്ടിൻജെന്റ് ബാധ്യതകൾ, മറ്റ് വെളിപ്പെടുത്തലുകൾ** A* | | |
| (a) ഇൻകം ടാക്സ് ഡിമാന്റ്സ് (അണ്ടർ അപ്പീൽ) | 10,08,98,209 | 10,08,98,209 |
| (b) കോടതിയിലുള്ള നിയമനടപടികൾ | 1,51,49,254 | 1,51,49,254 |

A* - മേൽ കുറിപ്പുകളുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾക്ക് അനുബന്ധ കുറിപ്പുകൾ കാണുക.

ഭരണ സമിതിയ്ക്കുവേണ്ടി

ഒപ്പ്

ബിജിമോൾ കെ ബേബി

ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

(DIN : 11223246)

ഒപ്പ്

എസ് വില്യം അന്തോണി സ്വാമി

ഡയറക്ടർ (DIN : 09783784)

തീയ്യതി : 29/08/2025

സ്ഥലം : കൊച്ചി

ഇതോടൊപ്പമുള്ള ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം

ജി വേണുഗോപാൽ കമ്മത്ത് & കമ്പനി

ചാർട്ടേഡ് അക്കൗണ്ടന്റ്സ്

രജി. നമ്പർ. 004674S

ഒപ്പ്

ആർ രാമചന്ദ്രൻ, FCA

പാർട്ട്ണർ (Memb.No.023982)

UDIN: 25023982BMFYEV8134

തീയ്യതി : 29/08/2025

സ്ഥലം : കൊച്ചി

**അനുബന്ധം 1 : 2024–25 സാമ്പത്തിക വർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളും വിനിയോഗവും**

| *വിശദാംശങ്ങൾ* | *കുറിപ്പ്* | *2024-25 (Rs.)* | *2023-24 (Rs.)* |
|---|---|---|---|
| നടപ്പിലിരിക്കുന്ന പദ്ധതികൾക്കുള്ള ഗ്രാന്റ് (മുൻ ബാക്കി) | അനു.2 | 2,60,73,829 | 7,07,41,833 |
| നടപ്പുവർഷം ലഭിച്ച പദ്ധതി ഗ്രാന്റുകൾ | | | |
| കേരള സർക്കാർ | അനു.2 | 13,97,47,454 | 21,26,93,656 |
| രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) | അനു.2 | 46,73,160 | 2,68,10,961 |
| സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ (SHM) | അനു.2 | 1,43,37,000 | 87,50,000 |
| മറ്റ് വകുപ്പുകളിൽ നിന്നുള്ള ഗ്രാന്റ് | അനു.2 | - | - |
| ആകെ ലഭിച്ച നടപ്പുവർഷഗ്രാന്റ് | | 15,87,57,614 | 24,82,54,617 |
| കുറയ്ക്കുക : സർക്കാർ അബ്സോർബ് ചെയ്ത ഗ്രാന്റ് | അനു.2 | - | (3,36,93,411) |
| ലഭ്യമായ മൊത്തം ഗ്രാന്റ് | | 18,48,31,443 | 28,53,03,039 |
| പദ്ധതി ഗ്രാന്റുകളുടെ വിനിയോഗം | | | |
| കേരള സർക്കാർ പദ്ധതികൾ | അനു.2 | 13,66,51,339 | 19,40,36,319 |
| RKVY പദ്ധതികൾ | അനു.2 | 1,94,03,463 | 2,38,71,191 |
| SHM പദ്ധതികൾ | അനു.2 | 3,44,07,878 | 3,48,65,471 |
| മറ്റ് പദ്ധതികൾ | അനു.2 | 77,37,387 | 30,802 |
| കുറയ്ക്കുക : നടപ്പിലിരിക്കുന്ന പദ്ധതികൾക്ക് മുൻകൂർ കൊടുത്തത് (മുൻ വർഷം) | അനു.2 | (9,77,90,862) | (9,13,65,435) |
| നടപ്പിലിരിക്കുന്ന പദ്ധതികൾക്ക് മുൻകൂർ കൊടുത്തത് (നടപ്പു വർഷം) | അനു.2 | 5,83,20,446 | 9,77,90,862 |
| ആകെ വിനിയോഗം | | 15,87,29,651 | 25,92,29,210 |
| നടപ്പിലിരിക്കുന്ന പദ്ധതികൾക്കുള്ള ഗ്രാന്റ് (നീക്കിയിരിപ്പ്) | അനു.2 | 2,61,01,792 | 2,60,73,829 |

പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റിൽ നിന്നും, അതാത് പദ്ധതികൾക്കായി വിനിയോഗിച്ചത് കുറച്ച ശേഷം ബാക്കി ഗ്രാന്റ് ബാക്കി പത്രത്തിൽ ബാധ്യതയായി കാണിച്ചിരിക്കുന്നു. പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾക്ക് അനുബന്ധം 2 കാണുക.

ഭരണ സമിതിയ്ക്കുവേണ്ടി

ഒപ്പ്

ബിജിമോൾ കെ ബേബി
ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
(DIN : 11223246)

ഒപ്പ്

എസ് വില്യം അന്തോണി സ്വാമി
ഡയറക്ടർ
(DIN : 09783784)
സ്ഥലം : കൊച്ചി
തീയ്യതി : 29/08/2025

ഇതോടൊപ്പമുള്ള ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം

ജി വേണുഗോപാൽ കമ്മത്ത് & കമ്പനി
ചാർട്ടേഡ് അക്കൗണ്ടന്റ്സ്
രജി. നമ്പർ. 004674S

ഒപ്പ്

ആർ രാമചന്ദ്രൻ, FCA
പാർട്ട്ണർ (Memb.No.023982)
UDIN: 25023982BMFYEV8134
സ്ഥലം : കൊച്ചി
തീയ്യതി : 29/08/2025

**അനുബന്ധം 2: പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ**

| | പദ്ധതികൾ | മുൻ ബാക്കി 01.04.2024 | 2024–25 ൽ ലഭിച്ച ഗ്രാന്റ് | 2024–25 ലെ വിനിയോഗം | നടപ്പിലിരിക്കുന്ന പദ്ധതികൾ | നീക്കിയിരിപ്പ് 31.03.2025 |
|---|---|---|---|---|---|---|
| | | രൂപ | രൂപ | രൂപ | രൂപ | രൂപ |
| 1 | കേരള സർക്കാർ പദ്ധതികൾ : | | | | | |
| | 24–25 പച്ചക്കറി കൃഷി വികസനം | - | 8,49,99,758 | 8,49,99,758 | - | - |
| | 24–25 കർഷക വിപണികളുടെ വികസനം | - | 1,07,65,070 | 1,07,65,070 | - | - |
| | 24–25 ഓണം വിപണി | - | 71,50,000 | 57,53,125 | - | 13,96,875 |
| | 24–25 പഴവർഗ്ഗ വികസനം – ചക്ക | - | 10,00,000 | 10,00,000 | - | - |
| | 24–25 നടീൽവസ്തുക്കളുടെ ഉൽപാദനവും വിതരണവും | - | 39,91,000 | 39,91,000 | - | - |
| | 24–25 പച്ചത്തേങ്ങ സംഭരണം | - | 1,38,00,000 | 1,37,94,589 | - | 5,411 |
| | 23–24 പച്ചക്കറി കൃഷി വികസനം | 20,000 | 50,00,242 | 50,20,242 | - | - |
| | 23–24 കർഷക വിപണികളുടെ വികസനം | - | 60,70,184 | 60,70,184 | - | - |
| | 23–24 സംഭരണം, വിപണനം & സംസ്കരണം – ചക്ക | - | 87,680 | 87,680 | - | - |
| | 23–24 ഓണം വിപണി | (23,65,234) | 32,68,267 | 4,62,188 | - | 440845 |
| | 23–24 ഓർഗാനിക് ഫാമിംഗ് & GAP | - | 16,26,137 | 16,26,137 | - | - |
| | 23–24 നടീൽവസ്തുക്കളുടെ ഉൽപാദനവും വിതരണവും | - | 5,09,000 | 5,09,000 | - | - |
| | 23–24 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO) | - | 14,80,116 | 14,80,116 | - | - |
| | 22–23 ഓണം വിപണി | 36,27,098 | - | - | 1,299 | 36,25,799 |
| | 22–23 സപ്പോർട്ട് FPOs (Farmer Producer Organisations) | 10,100 | - | - | - | 10,100 |
| | 22–23 പച്ചക്കറി കൃഷി വികസനം | 80,874 | - | 68,020 | - | 12,854 |
| | 21–22 കർഷക വിപണികളുടെ വികസനം | 2,49,622 | - | 72,360 | 58,793 | 1,18,469 |
| | 21–22 മാർക്കറ്റ് ഇന്റർവെൻഷൻ | 22,56,544 | - | 3,718 | 10,00,000 | 12,52,826 |
| | 21–22 സംഭരണം, വിപണനം & സംസ്കരണം – ചക്ക | 10,45,047 | - | - | 8,76,707 | 1,68,340 |
| | 21–22 പച്ചക്കറി കൃഷി വികസനം | 6,97,537 | - | 4,052 | 6,90,500 | 2,985 |

| | പദ്ധതികൾ | മുൻ ബാക്കി 01.04.2024 | 2024–25 ൽ ലഭിച്ച ഗ്രാന്റ് | 2024–25 ലെ വിനിയോഗം | നടപ്പിലിരിക്കുന്ന പദ്ധതികൾ | നീക്കിയിരിപ്പ് 31.03.2025 |
|---|---|---|---|---|---|---|
| | | രൂപ | രൂപ | രൂപ | രൂപ | രൂപ |
| | 21–22 ഓണം വിപണി | 30,68,890 | - | - | - | 30,68,890 |
| | 20–21 പച്ചക്കറി കൃഷി വികസനം | 17,10,750 | - | 7,44,100 | 9,33,050 | 33,600 |
| | 19–20 വിപണന ശൃംഖല ശാക്തീകരണം - RKI | 10,00,000 | - | 2,00,000 | 8,00,000 | - |
| | 19–20 കയറ്റുമതി പ്രോൽസാഹനം – GAP സ്റ്റഡി - RKI | 3,90,308 | - | - | - | 3,90,308 |
| | പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ (മുൻകൂർ നൽകിയത്) | - | - | - | 8,53,772 | (8,53,772) |
| | ആകെ | 1,17,91,536 | 13,97,47,454 | 13,66,51,339 | 52,14,121 | 96,73,530 |
| 2 | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികൾ : | | | | | |
| | 23–24 കെ ബി കെ, കോഴിക്കോട് | - | - | - | 14,835 | (14,835) |
| | 23–24 കെ ബി കെ ബിഗ് ബസാർ, പത്തനംതിട്ട | 43,26,839 | 46,73,160 | 77,84,691 | 12,08,359 | 6,949 |
| | 23–24 RAFTAAR പ്രോസസ്സ് ഇന്നൊവേഷൻ SPP | 62,23,853 | - | 62,23,853 | - | - |
| | 21–22 ഇൻകുബേഷൻ സെന്ററുകൾ – Ekm & Clt | 46,07,591 | - | 1,42,942 | 44,64,649 | - |
| | 20–21 പ്രോട്ടോകോൾ വികസനം–കടൽമാർഗ്ഗം കയറ്റുമതി (19/20) | 8,40,773 | - | 13,901 | - | 8,26,872 |
| | 20–21 ഓർഗാനിക് ഇൻപുട് ഉല്പാദന യൂണിറ്റ്, KBK Ekm | 1,82,97,000 | - | - | 1,68,33,240 | 14,63,760 |
| | 20–21 ടിഷ്യൂകൾച്ചർ ലാബ്, KBK Ekm | 1,91,16,782 | - | 51,26,515 | 1,26,73,108 | 13,17,159 |
| | 18–19 കാർഷിക വിജ്ഞാന കേന്ദ്രം – ആനയറ | 69,61,394 | - | - | 65,14,232 | 4,47,162 |
| | 15–16 മൈത്രി ഓർഗാനിക് ഫാമിംഗ് ട്രെയ്നിങ് ആന്റ് ഇൻഫർമേഷൻ സെന്റർ (16–17) | 1,11,561 | - | 1,11,561 | - | - |
| | ആകെ | 6,04,85,793 | 46,73,160 | 1,94,03,463 | 4,17,08,423 | 40,47,067 |
| 3 | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ : | | | | | |
| | 24–25 MIDH വിത്തുല്പാദനം – പച്ചക്കറികൾ & സുഗന്ധവിളകൾ | - | 1,05,00,000 | 70,00,000 | - | 35,00,000 |
| | 24–25 HRD പരിശീലനം & എക്സ്പോഷർ സന്ദർശനം | - | 24,00,000 | - | - | 24,00,000 |
| | 20–21 RIDF ഇന്റഗ്രേറ്റഡ് സപ്ലൈ ചെയിൻ (24/25) | - | 14,37,000 | 15,13,457 | - | (76,457) |
| | 23–24 വിത്തുല്പാദനം – പച്ചക്കറികൾ & സുഗന്ധവിളകൾ | 22,06,400 | - | 22,06,400 | - | - |

| | പദ്ധതികൾ | മുൻ ബാക്കി 01.04.2024 | 2024–25 ൽ ലഭിച്ച ഗ്രാന്റ് | 2024–25 ലെ വിനിയോഗം | നടപ്പിലിരിക്കുന്ന പദ്ധതികൾ | നീക്കിയിരിപ്പ് 31.03.2025 |
|---|---|---|---|---|---|---|
| | | രൂപ | രൂപ | രൂപ | രൂപ | രൂപ |
| | 22–23 വികേന്ദ്രീകൃത നഴ്സറികൾ–നടീൽ വസ്തുക്കൾ | 38,01,068 | - | 13,71,455 | - | 24,29,613 |
| | 22–23 HRD –പരിശീലനം & എക്സ്പോഷർ സന്ദർശനം | 20,92,409 | - | 18,82,724 | - | 2,09,685 |
| | 22–23 ഓപൺ പ്രിസിഷൻ ഫാമിംഗ് (കൃത്യതാ കൃഷി) | 2,44,17,012 | - | 2,02,55,242 | 5,71,283 | 35,90,487 |
| | 19–20 പരമ്പരാഗത കൃഷി വികാസ് യോജന | 170 | - | - | - | 170 |
| | 18–19 MIDH - സ്പെഷ്യൽ പക്കേജ് – കേരള | 34,125 | - | - | - | 34,125 |
| | 14–15 ഗ്രാമീണ വിപണികളുടെ നിർമ്മാണം (5 എണ്ണം) (15–16) | 1,78,082 | - | 1,78,082 | - | - |
| | 12–13 ഗ്രാമീണ വിപണികളുടെ നിർമ്മാണം (5 എണ്ണം) | 518 | - | 518 | - | - |
| | ആകെ | 3,27,29,784 | 1,43,37,000 | 3,44,07,878 | 5,71,283 | 1,20,87,623 |
| 4 | മറ്റ് പദ്ധതികൾ : | | | | | |
| | 20–21 കപ്പാസിറ്റി വികസനം (APEDA) | 1,12,327 | - | - | - | 1,12,327 |
| | 14–15 ഇന്റഗ്രേറ്റഡ് പായ്ക്ക് ഹൗസ് (APEDA) | 1,17,55,759 | - | 10,59,027 | 1,04,97,500 | 1,99,232 |
| | 21–22 ഞങ്ങളും കൃഷിയിലേക്ക് – GoK (പൂൾഡ് ഫണ്ട്) | 70,07,479 | - | 66,78,360 | 3,29,119 | - |
| | ആകെ | 1,88,75,565 | - | 77,37,387 | 1,08,26,619 | 3,11,559 |
| 5 | ലഭിക്കുവാനുള്ള ഗ്രാന്റുകൾ (മറ്റ് അൺസ്പെന്റ് ഗ്രാന്റ് നെറ്റ്) | (17,987) | - | - | - | (17,987) |
| | ആകെ മൊത്തം | **12,38,64,691** | **15,87,57,614** | **19,82,00,067** | **5,83,20,446** | **2,61,01,792** |
| | പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ (മുൻകൂർ നൽകിയത്) | (9,77,90,862) | - | - | - | - |
| | ആകെ | **2,60,73,829** | **15,87,57,614** | **19,82,00,067** | **5,83,20,446** | **2,61,01,792** |
| | മുൻ വർഷം | 7,07,41,833 | 24,82,54,617 | 25,28,03,783 | 9,77,90,862 | 2,60,73,829 |

അനുബന്ധം 3: 2024/25 വർഷത്തിലെ കാർഷിക സ്കീമുകളിൽ നിന്നും അനുബന്ധപ്രവർത്തനങ്ങളിൽ നിന്നമുള്ള വരുമാനം

| നം | വിശദാംശങ്ങൾ | വിത്ത് ഉല്പാദന യൂണിറ്റ് (SPP, Pkd) | ഹൈടെക് സീഡ്ലിംഗ് നഴ്സറി (HVSPC) | സീഡ് ലിംഗ് നഴ്സറി (KBK,Ekm) | സീഡ് ലിംഗ് നഴ്സറി (KBK,Tvm) | സീഡ് ലിംഗ് നഴ്സറി (KBK, Kgd) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | **കാർഷിക സ്കീമുകൾ (മൊത്തം വരുമാനം)** | | | | | |
| 1.a | വിത്തുൽപാദനം & വിതരണം | 4,12,43,535 | - | 11,73,007 | 27,25,905 | 129,316 |
| 1.b | പച്ചക്കറി/പഴം സീഡ്ലിംഗ് നഴ്സറികൾ | 72,09,835 | 37,62,616 | 54,74,167 | 14,45,044 | 15,79,805 |
| 1.c | ടിഷ്യുകൾചർ തൈകൾ -ഉല്പാദനം& വിതരണം | 8,44,441 | - | 2,95,683 | 38,815 | 15,025 |
| 1.d | നടീൽ വസ്തുക്കൾ-സംസ്കരണം & വിതരണം | 3,984 | - | - | 1,27,051 | - |
| 1.e | പച്ചത്തേങ്ങ സംഭരണം/സംസ്കരണം | - | - | - | - | - |
| | **ആകെ (A)** | 4,93,01,795 | 37,62,616 | 69,42,857 | 43,36,815 | 17,24,146 |
| 1.f | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഔട്ട്വേർഡ്) | 1,55,55,650 | 49,69,934 | 58,34,526 | 1,58,220 | 2,00,646 |
| | **ആകെ (B)** | 6,48,57,445 | 87,32,550 | 1,27,77,383 | 44,95,035 | 19,24,792 |
| 2 | **അനുബന്ധ പ്രവർത്തനങ്ങൾ (മൊത്തം വരുമാനം)** | | | | | |
| 2.a | ഇൻപുട്സ് -ഉല്പാദനം & വിതരണം | 14,69,506 | 3,98,641 | 2,84,12,423 | 18,28,967 | 8,02,597 |
| 2.b | പച്ചക്കറി/പഴം- സംഭരണം& വിതരണം | - | - | - | 49,669 | - |
| 2.c | പാക്ക് ഹൗസ് - സംസ്കരണം/മറ്റുള്ളവ | - | - | - | - | - |
| 2.d | മണ്ണ് പരിശോധന/ പ്ലാന്റ് ഹെൽത്ത് | - | - | - | - | - |
| 2.e | കാർഷിക സാമഗ്രികളുടെ വിതരണം | 5,88,267 | | 37,36,917 | 4,00,463 | 3,15,832 |
| 2.f | കർഷക ഇൻഷുറൻസ് സ്കീമുകൾ | - | - | - | - | - |
| 2.g | പ്രസിദ്ധീകരണങ്ങൾ | 57 | - | 5,433 | 2,611 | 40 |
| 2.h | കർഷക പരിശീലനങ്ങൾ | 5,500 | 4,000 | - | - | - |
| 2.i | കർഷക വിപണികൾ/ അനുബന്ധമായവ | - | - | - | - | - |
| 2.j | മറ്റുള്ളവ | 83,465 | 2,988 | 5,293 | - | - |
| | **ആകെ (C)** | **21,46,795** | **4,05,629** | **3,21,60,066** | **22,81,710** | **11,18,469** |
| 2.k | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഔട്ട്വേർഡ്) | 4,02,102 | - | 3,57,77,387 | 4,50,158 | 24,363 |
| | **ആകെ (D)** | **25,48,897** | **4,05,629** | **6,79,37,453** | **27,31,868** | **11,42,832** |
| 3 | **ആകെ (A+C)** | **5,14,48,590** | **41,68,245** | **3,91,02,923** | **66,18,525** | **28,42,615** |
| 4 | **ആകെ (B+D)** | **6,74,06,342** | **91,38,179** | **8,07,14,836** | **72,26,903** | **30,67,624** |
| | മുൻ വർഷം | 9,15,90,539 | 1,04,79,989 | 8,83,51 ,534 | 75,02,141 | 32,36,873 |
| 5 | ചെലവുകൾ (കാർഷിക സ്കീമുകൾ) | 4,79,64,749 | 45,82,624 | 62,43,268 | 16,56,614 | 12,19,344 |
| 5.a | കുറയ്ക്കുക : സ്കീമുകളിൽ നിന്നുള്ള സപ്പോർട്ട് | (2,06,98,641) | (16,46,264) | (11,14,409) | (3,36,482) | (2,92,627) |
| | **ആകെ (E)** | **2,72,66,108** | **29,36,360** | **51,28,859** | **13,20,132** | **9,26,717** |
| 5.b | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഇൻവേർഡ്) | 29,35,394 | 3,92,050 | 36,20,052 | 27,38,880 | 1,84,448 |
| | **ആകെ (F)** | **3,02,01,502** | **33,28,410** | **87,48,911** | **40,59,012** | **11,11,165** |
| 6 | ചെലവുകൾ (അനുബന്ധ പ്രവർത്തനങ്ങൾ) | 15,34,827 | 94,382 | 5,31,25,550 | 15,47,125 | 6,74,137 |
| 6.a | കുറയ്ക്കുക : സ്കീമുകളിൽ നിന്നുള്ള സപ്പോർട്ട് | (8,13,456) | (76,469) | (59,25,321) | (2,04,498) | (1,73,746) |
| | **ആകെ (G)** | **7,21,371** | **17,913** | **4,72,00,229** | **13,42,627** | **5,00,391** |
| 6.b | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഇൻവേർഡ്) | 15,64,103 | 3,82,806 | 13,10,036 | 9,59,049 | 6,45,118 |
| | **ആകെ (H)** | **22,85,474** | **4,00,719** | **4,85,10,265** | **23,01,676** | **11,45,509** |
| 7 | **ആകെ (E+G)** | **2,79,87,479** | **29,54,273** | **5,23,29,088** | **26,62,759** | **14,27,108** |
| 8 | **ആകെ (F+H)** | **3,24,86,976** | **37,29,129** | **5,72,59,176** | **63,60,688** | **22,56,674** |
| | മുൻ വർഷം | 5,28,99,937 | 36,74,973 | 6,81,11,422 | 63,15,983 | 23,02,005 |
| 9 | **അറ്റ വരുമാനം** | **3,49,19,366** | **54,09,050** | **2,34,55,660** | **8,66,215** | **8,10,950** |
| | മുൻ വർഷം | 3,86,90,602 | 68,05,016 | 2,02,40,112 | 11,86,158 | 9,34,868 |

| നം | വിശദാംശങ്ങൾ | തളിർ യൂണിറ്റ്, കൊല്ലം | പാക്ക് ഹൗസ്, വയനാട് | മണ്ണ് പരിശോധന/ പ്ലാന്റ്ഹെൽത്ത് ലാബ്–SPAAC Malappuram | മണ്ണ് പരിശോധന/ പ്ലാന്റ്ഹെൽത്ത് ലാബ്–SPAAC Alapuzha | ടിഷ്യൂ കൾച്ചർ ലാബ്, ആലത്തൂർ |
|---|---|---|---|---|---|---|
| (1) | (2) | (8) | (9) | (10) | (11) | (12) |
| 1 | **കാർഷിക സ്കീമുകൾ (മൊത്തം വരുമാനം)** | | | | | |
| 1.a | വിത്തുൽപാദനം & വിതരണം | - | - | - | - | - |
| 1.b | പച്ചക്കറി/പഴം സീഡ്ലിംഗ് നഴ്സറികൾ | 4,897 | - | - | 12,855 | - |
| 1.c | ടിഷ്യൂകൾച്ചർ തൈകൾ –ഉല്പാദനം& വിതരണം | - | - | - | - | - |
| 1.d | നടീൽ വസ്തുക്കൾ–സംസ്കരണം & വിതരണം | 2,100 | - | - | - | - |
| 1.e | പച്ചത്തേങ്ങ സംഭരണം/സംസ്കരണം | - | - | - | - | - |
| | **ആകെ (A)** | **6,997** | - | - | **12,855** | - |
| 1.f | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഔട്ട്വേർഡ്) | - | - | - | - | 17,28,826 |
| | **ആകെ (B)** | **6,997** | - | - | **12,855** | **17,28,826** |
| 2 | **അനുബന്ധ പ്രവർത്തനങ്ങൾ (മൊത്തം വരുമാനം)** | | | | | |
| 2.a | ഇൻപുട്സ് –ഉല്പാദനം & വിതരണം | 23,639 | - | - | - | - |
| 2.b | പച്ചക്കറി/പഴം– സംഭരണം& വിതരണം | 1,86,152 | - | - | - | - |
| 2.c | പാക്ക് ഹൗസ് – സംസ്കരണം/മറ്റുള്ളവ | - | 6,00,012 | - | - | - |
| 2.d | മണ്ണ് പരിശോധന/ പ്ലാന്റ് ഹെൽത്ത് | - | | 6,86,520 | 8,63,430 | - |
| 2.e | കാർഷിക സാമഗ്രികളുടെ വിതരണം | - | - | - | 11,040 | - |
| 2.f | കർഷക ഇൻഷുറൻസ് സ്കീമുകൾ | - | - | - | - | - |
| 2.g | പ്രസിദ്ധീകരണങ്ങൾ | - | - | - | - | - |
| 2.h | കർഷക പരിശീലനങ്ങൾ | - | - | 7,500 | - | - |
| 2.i | കർഷക വിപണികൾ/ അനുബന്ധമായവ | - | - | - | - | - |
| 2.j | മറ്റുള്ളവ | - | - | - | - | - |
| | **ആകെ (C)** | **2,09,791** | **6,00,012** | **6,94,020** | **8,74,470** | - |
| 2.k | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഔട്ട്വേർഡ്) | - | - | - | - | - |
| | **ആകെ (D)** | **2,09,791** | **6,00,012** | **6,94,020** | **8,74,470** | - |
| 3 | **ആകെ (A+C)** | **2,16,788** | **6,00,012** | **6,94,020** | **8,87,325** | - |
| 4 | **ആകെ (B+D)** | **2,16,788** | **6,00,012** | **6,94,020** | **8,87,325** | **17,28,826** |
| | മുൻ വർഷം | 9,78,456 | 5,38,804 | 13,21,980 | 15,97,468 | 16,38,948 |
| 5 | ചെലവുകൾ (കാർഷിക സ്കീമുകൾ) | 1,33,817 | - | - | (2,394) | 19,53,088 |
| 5.a | കുറയ്ക്കുക : സ്കീമുകളിൽ നിന്നുള്ള സപ്പോർട്ട് | - | - | - | (5,562) | - |
| | **ആകെ (E)** | **1,33,817** | - | - | **(7,956)** | **19,53,088** |
| 5.b | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഇൻവേർഡ്) | - | - | - | 6,960 | 92,148 |
| | **ആകെ (F)** | **1,33,817** | - | - | **(996)** | **20,45,236** |
| 6 | ചെലവുകൾ (അനുബന്ധ പ്രവർത്തനങ്ങൾ) | 2,32,664 | 2,74,461 | 2,56,393 | 6,46,069 | - |
| 6.a | കുറയ്ക്കുക : സ്കീമുകളിൽ നിന്നുള്ള സപ്പോർട്ട് | - | - | (1,31,241) | (3,78,367) | - |
| | **ആകെ (G)** | **2,32,664** | **2,74,461** | **1,25,152** | **2,67,702** | - |
| 6.b | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഇൻവേർഡ്) | - | - | - | 14,790 | - |
| | **ആകെ (H)** | **2,32,664** | **2,74,461** | **1,25,152** | **2,82,492** | - |
| 7 | **ആകെ (E+G)** | **3,66,481** | **2,74,461** | **1,25,152** | **2,59,746** | **19,53,088** |
| 8 | **ആകെ (F+H)** | **3,66,481** | **2,74,461** | **1,25,152** | **2,81,496** | **20,45,236** |
| | മുൻ വർഷം | 10,18,398 | 1,78,887 | 2,41,105 | 2,08,748 | 19,63,468 |
| 9 | **അറ്റ വരുമാനം** | **(1,49,693)** | **3,25,551** | **5,68,868** | **6,05,829** | **(3,16,410)** |
| | മുൻ വർഷം | (39,942) | 3,59,917 | 10,80,875 | 13,88,720 | (3,24,520) |

| നം | വിശദാംശങ്ങൾ | ബയോ കൺട്രോൾ ലാബ്, പാലക്കാട് | തൈ ഉൽപാദന യൂണിറ്റ്, KBK Aluva | കട്ട് വെജ് യൂണിറ്റ്, Tvm | പച്ച ത്തേങ്ങ സംഭരണം /സംസ്കരണം | മറ്റ് ഉള്ളവ | പ്രൈമറി പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സെന്റർ |
|---|---|---|---|---|---|---|---|
| (1) | (2) | (13) | (14) | (15) | (16) | (17) | (18) |
| 1 | **കാർഷിക സ്കീമുകൾ (മൊത്തം വരുമാനം)** | | | | | | |
| 1.a | വിത്തുൽപാദനം & വിതരണം | - | - | - | - | - | - |
| 1.b | പച്ചക്കറി/പഴം സീഡ്ലിംഗ് നഴ്സറികൾ | - | - | - | - | - | - |
| 1.c | ടിഷ്യൂകൾച്ചർ തൈകൾ -ഉല്പാദനം& വിതരണം | - | - | - | - | - | - |
| 1.d | നടീൽ വസ്തുക്കൾ-സംസ്കരണം & വിതരണം | - | - | - | - | - | - |
| 1.e | പച്ചത്തേങ്ങ സംഭരണം/സംസ്കരണം | - | - | - | - | - | - |
| | **ആകെ (A)** | - | - | - | - | - | - |
| 1.f | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഔട്ട്വേർഡ്) | - | 32,51,617 | - | - | - | - |
| | **ആകെ (B)** | - | **32,51,617** | - | - | - | - |
| 2 | **അനുബന്ധ പ്രവർത്തനങ്ങൾ (മൊത്തം വരുമാനം)** | | | | | | |
| 2.a | ഇൻപുട്സ് –ഉല്പാദനം & വിതരണം | - | - | - | - | - | - |
| 2.b | പച്ചക്കറി/പഴം– സംഭരണം& വിതരണം | - | - | 43,97,543 | - | - | 87,43,634 |
| 2.c | പാക്ക് ഹൗസ് – സംസ്കരണം/മറ്റുള്ളവ | - | - | - | - | - | - |
| 2.d | മണ്ണ് പരിശോധന/ പ്ലാന്റ് ഹെൽത്ത് | - | - | - | - | - | - |
| 2.e | കാർഷിക സാമഗ്രികളുടെ വിതരണം | - | - | - | - | - | - |
| 2.f | കർഷക ഇൻഷുറൻസ് സ്കീമുകൾ | - | - | - | - | 10,62,040 | - |
| 2.g | പ്രസിദ്ധീകരണങ്ങൾ | - | - | - | - | 1,785 | - |
| 2.h | കർഷക പരിശീലനങ്ങൾ | - | - | 1,000 | - | 1,90,401 | - |
| 2.i | കർഷക വിപണികൾ/ അനുബന്ധമായവ | - | - | - | - | - | - |
| 2.j | മറ്റുള്ളവ | - | - | 1,366 | - | 10,53,566 | 769 |
| | **ആകെ (C)** | - | - | **43,99,909** | - | **23,07,792** | **87,44,403** |
| 2.k | ഇന്റർ ബ്രാഞ്ച് ട്രാൻസ്ഫർ (ഔട്ട്വേർഡ്) | 17,22,110 | 38,560 | 4,800 | - | - | 74,75,378 |
| | **ആകെ (D)** | **17,22,110** | **38,560** | **44,04,709** | - | **23,07,792** | **1,62,19,781** |
| 3 | **ആകെ (A+C)** | - | - | **43,99,909** | - | **23,07,792** | **87,44,403** |
| 4 | **ആകെ (B+D)** | **17,22,110** | **32,90,177** | **44,04,709** | - | **23,07,792** | **1,62,19,781** |
